# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 71
ലക്കം 11
നവംബർ 2003
വഫാ 1382
റമദാൻ - ശവ്വാൽ 1424



**ചീഫ് എഡിറ്റർ**
മുഹമ്മദ് ഉമർ എച്ച്. ഏ.

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**സെക്രട്ടറി പീരിയോഡിക്കൽസ്**
പി. എം. അഹ്മദ് ഹസ്സൻ

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**
e-mail:sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**


**ഉള്ളടക്കം**


**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** ***വ്രതാനുഷ്ഠാനം***
ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്

**7** ***യൂറോപ്പിലെ ഏറ്റവും വലിയ പള്ളി വിശ്വാസികൾക്കായി സമർപ്പിക്കപ്പെട്ടു***

**8** ***ശൈത്വാന്റെ വെളിപാടുകളും സത്യവെളിപാടുകളും***
ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**11** ***മസ്ജിദുകൾ ഭക്തി നിർഭരമാക്കുക***
ഹസ്റത്ത് ഖലീഫത്തുൽ മസീഹ് V

**14** ***അഹ്മദിയ്യാ ജമാഅത്തിന്റെ അപ്രതിരോധ്യമായ മുന്നേറ്റം***
മൗലവി മുഹമ്മദ് ഉമർ എച്ച്. ഏ.

**18** ***സ്വർഗ്ഗനരകങ്ങൾ ഇസ്‌ലാമിന്റെ വീക്ഷണത്തിൽ***
ഏ. പി. കുഞ്ഞാമു

**20** ***ചന്ദ്രന്റെ ക്ഷോഭങ്ങളും ഇസ്‌ലാമിക കലണ്ടറും***
ഡോ. എസ്. എം. അലാഡിൻ, മോഹൻ വല്ലഭ്

**23** ***പാരമ്പര്യമായി ലഭിച്ച പാപം***
ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**27** ***സുന്നത്തും ഹദീസും - പ്രാമാണികതയിലെ വ്യത്യാസം***
ഹസ്റത്ത് അഹ്മദ് (അ)

**29** ***വെള്ളിവൃത്ത ഫലകത്തിലെ ഭൂപടം***
ഫ്രാൻസസ് ഗേയസ്

**33** ***ഷണ്ഡീകരിക്കപ്പെട്ട യുഎന്നും ശണ്ഠക്കാരനായ അമേരിക്കയും***
കെ. പി. അഹ്മദ്

**35** ***ഹജ്ജ് നിഷേധികളെ വലയം ചെയ്യുന്ന ദുരന്തങ്ങൾ***
ഐ.കെ. അഹ്മദ് കുട്ടി

**37** ***'ത്രിപിടക'സംഗ്രഹം***
എം. മസ്ഊദ് അഹ്മദ്

കുറിപ്പുകൾ


മുഖചിത്രം : ബൈത്തുൽ ഫുത്തൂഹ്, മോർഡൺ, ഇംഗ്ലണ്ട്
പശ്ചിമയൂറോപ്പിലെ ഏറ്റവും വലിയ പള്ളി


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut

## ഖുർആനിൽ നിന്ന്


തങ്ങളുടെയടുക്കൽ ഒരു ദൈവിക മുന്നറിയിപ്പുകാരൻ വരുന്നതായാൽ സമുദായങ്ങളിലേതൊന്നിനേക്കാളും കൂടുതൽ നല്ല നിലയിൽ തങ്ങൾ തീർച്ചയായും നേർമാർഗ്ഗം പ്രാപിക്കുന്നതാണെന്ന് അവർ അല്ലാഹുവിനെ മുൻനിർത്തി പ്രതിജ്ഞ ചെയ്തു. എന്നാൽ ഒരു മുന്നറിയിപ്പുകാരൻ അവരുടെയടുക്കൽ ചെന്നപ്പോൾ അത് അവർക്ക് വിദ്വേഷമല്ലാതെ വർധിപ്പിച്ചില്ല. (35:43)

## നബിവചനം

അല്ല. നിങ്ങൾ അന്നു വളരെ അധികമായിരിക്കും. പക്ഷേ നിങ്ങൾ ഒഴുക്കിൽപ്പെട്ട ചണ്ടിപോലെയായിരിക്കും. നിങ്ങളുടെ ശത്രുക്കളുടെ ഹൃദയങ്ങളിൽ നിന്നു നിങ്ങളെക്കുറിച്ചുള്ള ഭയം അല്ലാഹു എടുത്തുകളയുകയും അവൻ നിങ്ങളുടെ ഹൃദയങ്ങളിൽ 'വഹൻ' ഉളവാക്കുകയും ചെയ്യും. അപ്പോൾ 'അല്ലയോ പ്രവാചകരേ വഹൻ എന്നാൽ എന്താണ്' എന്ന് ഒരാൾ ചോദിച്ചു. തിരുമേനി പറഞ്ഞു: 'ഐഹിക ജീവിതത്തോടുള്ള പ്രേമവും മരണത്തെക്കുറിച്ചുള്ള ഭീതിയും തന്നെ.'

(മിശ്കാത്ത്)

# ഇസ്ലാമിന്റെ വിജയം ആസന്നം



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

സത്യത്തിന്റെ സൂര്യൻ പശ്ചിമഭാഗത്ത് ഉദിക്കുകയും യൂറോപ്പ് യഥാർത്ഥ ദൈവത്തെ അറിയുമാറാകുകയും ചെയ്യുന്ന ദിനങ്ങൾ ഇതാ വരുന്നു! ഇതിനുശേഷം തൗബയുടെ വാതിലുകൾ അടക്കപ്പെട്ടിരിക്കും. എന്തെന്നാൽ, ഇസ്ലാമിൽ പ്രവേശിക്കുന്നവർ വളരെ ശക്തിമത്തായ നിലയിൽ പ്രവേശിക്കും. പ്രകൃത്യാ ഹൃദയത്തിന്റെ കവാടം ബന്ധിക്കപ്പെട്ടവരും പ്രകാശത്തിന് പകരം അന്ധകാരത്തെ പ്രിയപ്പെടുന്നവരും മാത്രം ബാക്കിയാകും. ഇസ്ലാം ഒഴികെ മറ്റെല്ലാ മതങ്ങളും നശിക്കാനടുത്തിരിക്കുന്നു. എല്ലാ ആയുധങ്ങളും തകർന്നു പോകും. എന്നാൽ ഇസ്ലാമിന്റെ സ്വർഗ്ഗീയമായ ആയുധം ദജ്ജാലിയത്തിനെ തകർത്തു തരിപ്പണമാക്കുന്നതുവരെ തകരുകയോ ദുർബ്ബലമാകുകയോ ഇല്ല. ദൈവത്തിന്റെ ഏക ഹസ്തം തന്നെ അവിശ്വാസത്തിന്റെ എല്ലാ തന്ത്രങ്ങളെയും പരാജയപ്പെടുത്തും. എന്നാൽ അത് വാളിനാലല്ല. തോക്കിനാലുമല്ല. പിന്നെയോ പരിശുദ്ധമായ ആത്മാക്കൾക്ക് വെളിച്ചം നൽകികൊണ്ട്, പവിത്ര ഹൃദയങ്ങളിൽ ദിവ്യ പ്രകാശം ഇറക്കിക്കൊണ്ട് ആണ്.

മുഖക്കുറിപ്പ്

# മതപരമായ പരിഹാരമെന്ത്?

മലേഷ്യയിലെ പുതിയ ഭരണതലസ്ഥാനമായ പുത്രജയിലാണ് ഇത്തവണ ഒ. ഐ. സി. (ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോൺഫ്രൻസ്) ചേർന്നത്. അതിഭീകരങ്ങളായ അഗ്നി പരീക്ഷണങ്ങൾക്ക് നടുവിൽ തീവ്രവേദനകളും ദു:ഖങ്ങളും അപമാനവും പരാജയങ്ങളുമല്ലാതെ മറ്റൊന്നും തന്നെ 130 കോടിവരുന്ന ഒരു ജനസമൂഹത്തിന്റെ 59 രാജ്യങ്ങളിലെ പ്രതിനിധികൾക്ക് പങ്കിടാനില്ലായിരുന്നു. മലേഷ്യൻ പ്രധാനമന്ത്രി ഡോ. മഹാതീർ മുഹമ്മദ് നടത്തിയ ഹൃദയസ്പൃക്കായ ഉദ്ഘാടന പ്രസംഗത്തിൽ പറയുകയുണ്ടായി: "നമ്മുടെ ഒരു രാജ്യവും ഇന്ന് സ്വതന്ത്രമല്ല. നാം എങ്ങനെ പെരുമാറണം എങ്ങനെ ഭരിക്കണം എങ്ങനെ ചിന്തിക്കണമെന്നു പോലും നമ്മുടെ ചൂഷകന്റെ ഇഷ്ടങ്ങൾക്കനുസരിച്ചു ചെയ്യാൻ നിർബന്ധിതരാണ്. നമ്മുടെ രാജ്യം പരിശോധിക്കണമെന്നു, ജനതയെ കൊല്ലണമെന്നു, ഗ്രാമങ്ങളും നഗരങ്ങളും നശിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടാൽ നമുക്കു വലുതായൊന്നും ചെയ്യാനില്ല. ഇതിനെല്ലാം ഇസ്‌ലാം കാരണക്കാരനാണോ? അതോ മതത്തിനനുസരിച്ച് നമ്മുടെ ചുമതല നിർവ്വഹിക്കുന്നിടത്തു നമുക്കുണ്ടായ പരാജയമോ?" (ചന്ദ്രിക- ഒക്ടോ. 25)

പ്രതാപികളായിരുന്ന മുസ്‌ലിംകളുടെ ചരിത്രത്തിൽ ഇത്രമാത്രം ദൈന്യത നിറഞ്ഞതും ഭീഭത്സവുമായ ഒരു കാഘട്ടം ഇതിനുമുമ്പുണ്ടായിട്ടുണ്ടോ? ഒരു മത സമുദായത്തിന്റെ, ഇനിയൊന്നും ബാക്കിയില്ലാത്ത വിധത്തിലുള്ള ഒരു തകർച്ചയുടെ വാങ്മയചിത്രമാണ് പ്രശസ്ത ചിന്തകൻ കൂടിയായ മഹാതീർ ചൂണ്ടിക്കാട്ടിയത്. ഒരു മതസമുദായത്തിന്റെ ആഗോള തകർച്ചയിൽ തീർച്ചയായും മതപരമായ കാരണങ്ങൾക്കു പ്രഥമ സ്ഥാനമുണ്ട്. മതപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ മുസ്‌ലിം സമുദായത്തിനുണ്ടായ പരാജയമെവിടെയാണ്? സത്യസന്ധരും ദൈവഭക്തരുമായ മുസ്‌ലിം സഹോദരന്മാർ ഈ അപചയത്തിന്റെ മതപരമായ കാരണമെന്താണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. മതകക്ഷി നേതാക്കന്മാരും ഉലമാക്കന്മാരും ഒരു ആത്മപരിശോധനക്ക് തയ്യാറാകില്ല എന്നു തീർച്ച. മുസ്‌ലിം ഉമ്മത്തിന്റെ ശക്തി മുഴുവൻ ചോർത്തിക്കളഞ്ഞ് കക്ഷിപ്പോരിലൂടെ സമുദായത്തെ ശിഥിലീകരിച്ച അവരെ നമുക്കവഗണിക്കാം. കാരണം അവസാന കാലമാവുമ്പോഴേക്കും നികൃഷ്ടതയുടെ മുദ്ര പേറുന്ന ഒരു വർഗ്ഗമായി ഈ ഉലമാക്കന്മാർ അധ:പതിക്കുമെന്ന് റസൂൽ തിരുമേനി (സ) പ്രവചിച്ചതാണ്. മുസ്‌ലിം സമുദായത്തിന്റെ മോചനത്തിന് ഒരേയൊരു ദൈവികമാർഗ്ഗമാണ് മുഹമ്മദ് നബി (സ) പറഞ്ഞത്. അത് മഹ്ദിയും മസീഹുമായി ഒരു മഹാത്മാവിന്റെ ആഗമനമാണ്. മുസ്‌ലിം ലോകം ഒന്നടങ്കം അംഗീകരിക്കുന്ന ഈ ഒരേയൊരു ദൈവിക പ്രതീക്ഷ പോലും മിഥ്യയാണെന്ന് പ്രചരിപ്പിക്കുന്ന പൈശാചിക ഹൃദയമുള്ള പണ്ഡിതന്മാരുമുണ്ട്. ഇതിനെതിരെ ഒരു സുന്നി പണ്ഡിതൻ തന്നെ 'ഇമാം മഹ്ദിയുടെ ആഗമനം' എന്ന ഗ്രന്ഥം രചിച്ചു വിപുലമായി പ്രചാരപ്പെടുത്തിയിട്ടുണ്ട്.

മുസ്‌ലിം സമുദായത്തെ അധപ്പതനത്തിന്റെ അഗ്നികുണ്ഠത്തിൽ നിന്നും അല്ലാഹു രക്ഷിച്ചിരിക്കുന്നു. യഥാകാലം റസൂൽ തിരുമേനി (സ) യുടെ പ്രവചന പ്രകാരം മഹ്ദിയും മസീഹുമായി ഹസ്റത്ത് അഹ്മദ് (അ) ആഗതനായി. ഭൗതികരായ രാജാക്കന്മാർ എഴുന്നള്ളുന്നതുപോലെ അല്ലാഹു വാഗ്ദാനം ചെയ്ത ഈ ദിവ്യാത്മാവ് ചമയങ്ങളും ആഘോഷങ്ങളുമായി വാനലോകത്തു നിന്നും ഇറങ്ങിവരുമെന്നു കരുതി ദുരിതക്കയത്തിലും മാനം നോക്കിയിരിക്കുന്ന മുസ്‌ലിം സഹോദരാ, വിശുദ്ധ ഖുർആന്റെയും റസൂൽ തിരുമേനിയുടെയും വചനങ്ങളിലെ സത്യത്തിന്റെ ജ്വലിക്കുന്ന യഥാർത്ഥ്യങ്ങൾ അറിയുക. സുകൃതം ചെയ്യുന്ന മുത്തഖിംകൾക്ക് വാഗ്ദത്ത മഹ്ദിയെ തിരിച്ചറിയാനുള്ള ആത്മീയ ദൃഷ്ടി നൽകപ്പെട്ടിരിക്കുന്നു. മുസ്‌ലിം സമുദായത്തിന്റെ വിജയ ഭാഗധേയം നിശ്ചയിക്കപ്പെട്ടിരിക്കുന്നത് അഹ്മദിയ്യാ മുസ്‌ലിം ഖിലാഫത്തിലൂടെയാണ്. അല്ലാഹു നമുക്കേവർക്കും അതിൽ അണിചേരാനുള്ള തൗഫീഖ് നൽകട്ടെ.

# വ്രതാനുഷ്ഠാനം

ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

## വ്രതം ശീലങ്ങളിൽ നിന്നും മനുഷ്യനെ മോചിപ്പിക്കാനുള്ള ഒരു പരിശീലനമാണ്

ഇസ്ലാമിൽ നിർദ്ദിഷ്ടമായ മൂന്നാമത്തെ ആരാധന വ്രതാനുഷ്ഠാനം ആകുന്നു. ഈ ആരാധനാ രീതിയും മിക്കവാറും എല്ലാ മതങ്ങളിലും പൊതുവായിട്ടുള്ളതാണ്. എന്നാൽ, ഇസ്ലാമിൽ അതിന്റെ രൂപം മറ്റു മതങ്ങളിൽ നിർദ്ദേശിക്കപ്പെട്ടതിൽ നിന്നും വ്യ ത്യസ്തമായിട്ടുള്ളതത്രെ. പ്രായപൂർ ത്തിവന്ന ഓരോ മുസ്ലിമും ആണ്ടുതോറും ഒരു മാസക്കാലം വ്രതമനുഷ്ഠിക്കണമെന്ന് ഇസ്ലാം അനുശാസിക്കുന്നു. രോഗഗ്രസ്തരായിട്ടുള്ളവരോ യാത്രക്കാരായിട്ടുള്ളവരോ നോമ്പുനോൽക്കണമെന്നില്ല. അവർ വിട്ടുപോയ അത്രയും നാൾ കൊല്ലത്തിൽ മറ്റൊരവസരത്തിൽ നോറ്റുവീട്ടിയാൽ മതിയാകും. നിത്യരോഗികളും പ്രായാധിക്യമുള്ളവരും വ്രതാനുഷ്ഠാനത്തിന് തീരെ കഴിയാത്തവണ്ണം ശക്തിഹീനരായിട്ടുള്ളവരും ഈ കല്പനയിൽ നിന്നു തീരെ ഒഴിവാക്കപ്പെട്ടിരിക്കുന്നു. നോമ്പനുഷ്ഠിക്കുന്നവർ പ്രഭാതം മുതൽ പ്രദോഷം വരെ എല്ലാതരം ആഹാരപാനീയങ്ങളിൽ നിന്നും ലൈംഗികബന്ധങ്ങളിൽ നി ന്നും ഒഴിഞ്ഞുനിൽക്കേണ്ടതാണ്. ശരീരത്തിനു അനാവശ്യമായ പീഢകളേൽക്കാതിരിക്കാൻ പുലർച്ചക്കു മുമ്പായി വല്ലതും ആഹരിക്കുന്നതു ആശാസ്യമാണ്. പ്രഭാതത്തിനു മുമ്പ് ഭക്ഷണമൊ ന്നും കഴിക്കാതെ ഇരുപത്തിനാലുമണിക്കൂർ നേരം തുടർച്ചയായി വ്രതമനുഷ്ഠിക്കുന്നതിനെ ഇസ്ലാം അംഗീകരിക്കുന്നില്ല. വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യത്തെ വിശുദ്ധ ഖുർആൻ വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

"അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിന്നും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാണ്." (2:186)

അപ്പോൾ വ്രതാനുഷ്ഠാനത്തിന്റെ ഒരുദ്ദേശ്യം ഇതാണ്: നോമ്പുകാലത്ത് പകൽ സമയം ഭക്ഷണപദാർത്ഥങ്ങൾ പാകം ചെയ്ക, ആഹാരം കഴിക്കുക തുടങ്ങിയ കൃത്യങ്ങളിൽ നിന്നു വിശ്രമം ലഭിക്കുകയും അങ്ങനെ കൂടുതൽ ഒഴിവവസരങ്ങൾ കൈവരുകയും ചെയ്യുന്നതുകൊണ്ട് മനുഷ്യൻ ആദ്ധ്യാത്മിക കാര്യങ്ങളിൽ അധികം ശ്രദ്ധ പതിപ്പിക്കുകയും അധികമായും ദൈവത്തെ സ്മരിച്ചുകൊണ്ടിരിക്കുകയും ചെയ്യണമെന്നതു തന്നെ. മറ്റൊരു ഉദ്ദേശ്യം പൈദാഹങ്ങളിൽ നിന്നുള്ള ക്ലേശം മൂലം മനുഷ്യൻ തങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ കാരുണ്യാനുഗ്രഹങ്ങളുടെ വില അറിയുന്നതിനും ദൈവത്തോട് കൃതജ്ഞരായിരിക്കുന്നതിനും പ്രാപ്തരായിഭവിക്കുന്നു എന്നതാണ്. മനുഷ്യൻ തന്റെ കൈവശമിരിക്കുന്ന വസ്തുവിനെ അത്ര സാരമാക്കാറില്ല. എന്നാൽ, അതു തനിയ്ക്ക് നഷ്ടമാകുമ്പോഴാണ് അവൻ അതിന്റെ വില അറിയുന്നത്. കണ്ണുകൾ ദൈവത്തിന്റെ ഒരു മഹാത്തായ അനുഗ്രഹമാണെന്ന കാര്യം അധികമാളുകളും ഓർക്കാറില്ല. എന്നാൽ അവ തങ്ങൾക്ക് നഷ്ടപ്പെടുമ്പോൾ അവർ അതിന്റെ വില മനസ്സിലാക്കുന്നു. അപ്രകാരം തന്നെ ഒരാൾ നോമ്പുകാലത്ത് എല്ലാവിധ ഭോജ്യവസ്തുക്കളും വർജിക്കുകയും വിശപ്പിന്റെ ക്ലേശങ്ങൾ നല്ലവണ്ണം അറിയുകയും ചെയ്യുമ്പോൾ ദൈവം തനിക്ക് അനുഗ്രഹിച്ചരുളിയിട്ടുള്ള സുഖസൗകര്യങ്ങളെക്കുറിച്ച് അവൻ ചിന്തിച്ചു തുടങ്ങുകയും അത്തരം സുഖജീവിതത്തെ നിസ്സാരവും അനാവശ്യവുമായ കാര്യങ്ങളിൽ പാഴാക്കാതെ ഉത്തമവും ഉപകാരപ്രദവുമായ കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണെന്നു മനസ്സിലാക്കുകയും ചെയ്തു തുടങ്ങുന്നു.

വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചു വീണ്ടും ദൈവം പറയുന്നത്, "നിങ്ങൾ 'തഖ്വാ' യുള്ളവരായിരിക്കാൻ വേണ്ടിതന്നെ'' (2:183) എന്നാണ്. എന്നാൽ 'തഖ്വാ' എന്ന പദം ദു:ഖമോചനം, പാപമോചനം, ആത്മീയോൽകർഷം എന്നീ മൂന്നു അർത്ഥങ്ങളിലാണ് വിശുദ്ധ ഖുർആനിൽ ഉപയോഗിച്ചിരിക്കുന്നത്. വ്രതം ഈ മൂന്നുവിധ ഫലങ്ങളെയും ഉളവാക്കുന്നതാകുന്നു. വ്രതം മനുഷ്യന്റെ മേൽ കുറേയൊക്കെ ക്ലേശഭാരം ചുമത്തുന്നതാക യാൽ, അതു മനുഷ്യനെ ക്ലേശങ്ങളിൽ നിന്നു മോചിപ്പിക്കുന്നതാണെന്നു പറയുന്നത് പ്രഥമ ശ്രവണത്തിൽ വിരോധാഭാസ

*(ശേഷം പേജ് 32ൽ)*

# യൂറോപ്പിലെ ഏറ്റവും വലിയ പള്ളി വിശ്വാസികൾക്കായി സമർപ്പിക്കപ്പെട്ടു!

**ലണ്ടൻ:** കിഴക്കിന്റേയും പടിഞ്ഞാറിന്റേയും സംഗമ ഭൂമിയായ ലണ്ടൻ നഗരത്തിൽ വാസ്തു ശില്പത്തിന്റെ ചാരുതയിലും ആകാര വിസ്തൃതിയുടെ പെരുമയിലും ഒരു ദിവ്യഗേഹം പിറന്നിരിക്കുന്നു. 2003 ഒക്ടോബർ 3 ന് വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തോടെ ബൈത്തുൽ ഫുത്തൂഹ് എന്ന് നാമകരണം ചെയ്യപ്പെട്ട ഈ മസ്ജിദ് അഹ്മദിയ്യാ ഖലീഫ ഹസ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു) വിശ്വാസികൾക്കായി തുറന്നുകൊടുത്തു. യൂറോപ്പിലെ ഏറ്റവും വലിയ ഈ മസ്ജിദ് ഒരു വാസ്തു ശില്പ വിസ്മയമാണെന്ന് ലോക വാർത്താ മാധ്യമങ്ങൾ വാഴ്ത്തിയിരിക്കുന്നു. അല്ലാഹുവിന് സ്തുതി. 10,000 പേരെ ഒരേ സമയം ഉൾക്കൊള്ളാൻ കഴിയുന്ന പള്ളിയുടെ മൊത്തം വിസ്തൃതി 15,000 ചതുരശ്ര മീറ്ററാണ്. ക്രിസ്ത്യൻ മുസ്ലിം ബന്ധങ്ങളിൽ കാലുഷ്യത്തിന്റെ കരിമേഘങ്ങൾ വന്നു നിൽക്കുന്ന പാശ്ചാത്യൻ പട്ടണങ്ങളിൽ നിന്ന് വിഭിന്നമായി, ബൈത്തുൽ ഫുത്തൂഹിന്റെ ഉദ്ഘാടനത്തിന് സാക്ഷ്യം വഹിച്ച മോർഡൺ പട്ടണം മത സൗഹാർദ്ദത്തിന്റെയും സഹിഷ്ണുതയുടേയും സൗഹൃദവേദിയായി മാറി.

മുഹമ്മദ് മുസ്തഫാ (സ) യുടെ പരിശുദ്ധ ദീനുൽ ഇസ്ലാം യൂറോപ്പിലും ക്രിസ്തീയ രാജ്യങ്ങളിലും പ്രചരിപ്പിക്കാൻ അഹ്മദികൾ അഹോരാത്രം നടത്തുന്ന ഭഗീരഥ യത്നത്തിലെ ഒരു നാഴികക്കല്ലാണ് ബൈത്തുൽ ഫുത്തൂഹ്. ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും ആഫ്രിക്കൻ രാജ്യങ്ങളിലെയും ഏറ്റവും ദരിദ്രനായ അഹ്മദിക്കു പോലും അവനാലാവും വിധം യൂറോപ്പിൽ ഇസ്ലാമിന്റെ വെന്നിക്കൊടി നാട്ടാനുള്ള ഈ സംരംഭത്തിൽ ധനത്യാഗം ചെയ്ത് ഭാഗഭാക്കാകാൻ കഴിഞ്ഞു. 175 രാജ്യങ്ങളിൽ പരന്നു കിടക്കുന്ന ലോകം മുഴുവനുമുള്ള അഹ്മദികളിൽ നിന്നും ധനം സമാഹരിച്ചു കൊണ്ടാണ് അഹ്മദിയ്യാഖിലാഫത്ത് ഈയൊരു സംരംഭം വിജയിപ്പിച്ചത്.

1913 ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമന്റെ കാലത്താണ് ഇംഗ്ലണ്ടിൽ ആദ്യമായി ജമാഅത്ത് രൂപവത്കൃതമായത്. യശ്ശ:ശ്ശരീരനായ ഡോ. മുഫ്തി മുഹമ്മദ് സാദിക്ക് (റ) ആയിരുന്നു ആദ്യത്തെ മിഷനറി. 1920 ൽ ലണ്ടനിലെ സൗത്ത് ഫീൽഡിൽ ഒരേക്കർ നിലം വാങ്ങി അവിടെ അദ്ദേഹത്തിന്റെ തൃക്കരങ്ങളാൽ തന്നെ പള്ളിക്ക് തറക്കല്ലിടുകയുണ്ടായി. 1926 ൽ അദ്ദേഹത്തിന്റെ കാലത്ത് തന്നെ പള്ളി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മസ്ജിദ് ഫസൽ അഥവാ 'ലണ്ടൻ മോസ്ക്' എന്നറിയപ്പെടുന്ന പ്രശസ്തമായ പള്ളി ഇതാണ്. അതിനുശേഷം ലണ്ടൻ പള്ളിയിൽ നിന്നും 64 കിലോമീറ്റർ അകലെ ടിൽ ഫോർഡിൽ 32 ഏക്കർ നിലം ജമാഅത്ത് വാങ്ങുകയും അതിന് ഇസ്ലാമാബാദ് എന്നു പേരിടുകയും ചെയ്തു. അഹ്മദിയ്യാ ജമാഅത്തിന്റെ നിരവധി അന്തർദേശീയ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചുവരുന്നു.

1984 ൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) പാക്കിസ്ഥാനിൽ നിന്ന് ഹിജ്റത്ത് ചെയ്തു ലണ്ടനിൽ വന്നതിനുശേഷം ഇംഗ്ലണ്ടിലെ പ്രവർത്തനങ്ങൾ അവിശ്വസനീയമായ വേഗത്തിലും കാര്യക്ഷമതയോടെയുമാണ് മുന്നോട്ടു പോയത്. നിർണ്ണായകമായ ലണ്ടൻ പട്ടണത്തിന്റെ സംവേദന പരിധിയും സ്വാധീനമേഖലയും

*(ശേഷം പേജ് 42ൽ)*



ലേഖനം

# ശൈത്വാന്റെ വെളിപാടുകളും സത്യവെളിപാടുകളും

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

## ശൈത്വാനിൽ നിന്നും മനുഷ്യഹൃദയങ്ങൾ വെളിപാടുകൾ സ്വീകരിക്കുമെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. സത്യവെളിപാടുകളും ശൈത്വാന്റെ വെളിപാടുകളും തമ്മിലുള്ള വ്യത്യാസങ്ങൾ

ചില അപൂർണ്ണരായ സത്യാന്വേഷകർക്ക് ശൈത്വാനിൽ നിന്നും വെളിപാടുകൾ ലഭിക്കുന്ന അനുഭവമുണ്ടാകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. അലങ്കോലപ്പെട്ട സ്വപ്നങ്ങളായി കാണപ്പെടുന്നത് ചിലപ്പോൾ സ്വന്തം മനസ്സിന്റെ മതിഭ്രമവുമായിരിക്കാം. ശൈത്വാനിൽ നിന്നും വെളിപാടുകൾ ഉണ്ടാവുമെന്നതിനെ നിഷേധിക്കുന്നവർ ശൈത്വാനിൽ നിന്നും വെളിപാടുകൾ ഉണ്ടാവുമെന്നുള്ള ഖുർആന്റെ ഉറച്ച അഭിപ്രായത്തെ എതിർക്കുകയാണ് ചെയ്യുന്നത്. ഒരു മനുഷ്യൻ അവന്റെ ആത്മാവിന്റെ സംസ്കരണം പരിപൂർണ്ണമാക്കുകയോ പരിപൂർണ്ണതയിലെത്തിക്കുകയോ ചെയ്യുന്നില്ലെങ്കിൽ അയാൾ ശൈത്വാനിൽ നിന്നുള്ള വെളിപാടുകളുടെ സ്വീകർത്താവായേക്കാം. അയാൾ ഈ ഖുർആൻ വചനത്തിന്റെ പരിധിയിൽപ്പെടുന്നയാളുമായിരിക്കും. 'കള്ളം പറയുന്ന പാപികളായ എല്ലാ ഒരോരുത്തരുടേയും മേൽ അവൻ (പിശാച്) ഇറങ്ങുന്നു.' (വി.ഖുർആൻ - 26:223) പരിശുദ്ധൻമാർ ശൈത്വാന്റെ സാമീപ്യത്തെപ്പറ്റി ഉടൻ തന്നെ താക്കീത് ചെയ്യപ്പെടുന്നതാണ്. യേശുവിനെ ശൈത്വാൻ (പിശാച്) ഒരു മലയിലേക്ക് കൊണ്ടുപോയെന്ന് ചില ക്രിസ്ത്യൻപാതിരിമാർ അവരുടെ രചനകളിൽ അതിരു കടന്ന രീതിയിൽ അഭിപ്രായപ്പെടുന്നു. ഇത് മറ്റുള്ളവരും യഹൂദികളും ദൃക്സാക്ഷികളായേക്കാവുന്ന ബാഹ്യസംഭവമായിരുന്നില്ലെന്നും യേശുവിന് മൂന്നുതവണ പിശാചിൽ നിന്നും വെളിപാടുകൾ ലഭിച്ചെന്നും ആ മൂന്ന് തവണയും അദ്ദേഹം അത് സ്വീകരിച്ചില്ലെന്നും അവർ പറയുന്നു. യേശു പിശാചിനു വശംവദനായി എന്ന് കേൾക്കുമ്പോൾ നാം ഭയന്നു വിറക്കുന്നു................. ഒരു നിർമ്മലഹൃദയത്തെ പിശാചിന്റെ ചിന്തകൾ സ്പർശിക്കില്ല. അത്തരത്തിലുള്ള എതെങ്കിലും ചിന്തകൾ പരിശുദ്ധരെ സമീപിക്കുമ്പോൾ അത് ഉടൻ തിരസ്ക്കരിക്കപ്പെടുന്നു.

വിശുദ്ധഖുർആനിൽ ഇത്തരം ചിന്തകൾക്ക് 'തായിഫ്' എന്നാണ് പറയപ്പെടുക. അതിന് ഹൃദയവുമായി വളരെ വിദൂരബന്ധമേയുള്ളൂ. ദൂരെയുള്ള മരത്തിന്റെ നിഴൽ പോലെയാണത്. ഇത്തരത്തിലുള്ള നേരിയ സന്ദേഹം യേശുവിന്റെ ഹൃദയത്തിൽ സംജാതമാക്കാൻ പിശാച് ആഗ്രഹിച്ചു എന്ന് വരാം. അത് അപ്പോൾ തന്നെ യേശുവിന്റെ പ്രവാചകത്വത്തിന്റെ ശക്തിയാൽ തിരസ്കരിക്കപ്പെടുകയും ചെയ്തിട്ടുണ്ടാവും.

യേശുവിന്റെ പ്രവാചകത്വപരമായ മേധാശക്തി കൊണ്ടും അദ്ദേഹം ആർജ്ജിച്ച സത്യത്തിന്റെ പ്രകാശശക്തികൊണ്ടും പൈശാചിക ചിന്തകൾ അദ്ദേഹത്തിന്റെ അരികിലെത്താൻ അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ല എന്നതു നമ്മുടെ അടിയുറച്ച വിശ്വാസമാണ്.

വെളിച്ചത്തൊടൊപ്പം അന്ധകാരത്തിനു നിൽക്കാൻ സാധിക്കാത്തതു പോലെ പിശാചിന്റെ ചിന്തകളെ തിരസ്കരിച്ച് അദ്ദേഹം സ്വയംതന്നെ അവിടെ മേധാവിത്വം സ്ഥാപിച്ചു. പിശാചിന് അദ്ദേഹത്തൊടൊപ്പം നിൽക്കാൻ സാദ്ധ്യമല്ല. അതു ദൂരത്തേക്ക് ഓടി മറയുന്നു.

'തീർച്ചയായും എന്റെ ദാസരുടെ മേൽ നിനക്ക് (പിശാചിന്) യാതൊരു സ്വാധീനശക്തിയും ഉണ്ടാവുകയില്ല. (വി:ഖുർആൻ - 15:43) ശൈത്വാന്റെ നിർദ്ദേശങ്ങളും വെളിപാടുകളും സ്വീകരിക്കുന്നവരിൽ മാത്രമേ ശൈത്വാന് സ്വാധീനമുണ്ടായിരിക്കുകയുള്ളൂ. എന്നാൽ പ്രകാശത്തിന്റെ ശരം കൊണ്ട് ശൈത്വാനെതിരെ പ്രക്ഷേപിക്കുകയും വിദൂരത്ത് നിന്നും അവനെ മുറിവേൽപ്പിക്കുകയും നിരാകരിക്കുകയും അവൻ

പറയുന്നതിനെയൊന്നും അനുകരിക്കാതിരിക്കുകയും ചെയ്യുന്നവർ അവന്റെ അധികാരവലയത്തിൽ നിന്നും പുറത്താണ്. സർവ്വശക്തനായ ദൈവം അവർക്ക് അവന്റെ ആകാശഭൂമികളിൽ വ്യാപിച്ചു കിടക്കുന്ന സാമ്രാജ്യത്തിന്റെ അഭിദർശനമരുളാൻ ആഗ്രഹിക്കുന്നു. ശൈത്വാൻ ഭൂമിയിലെ സാമ്രാജ്യത്തിന്റെ ഭാഗമാണ്. അവരുടെ ഈ ലോക ദർശനത്തിന്റെ പൂർത്തീകരണം എന്ന നിലക്ക് ജിജ്ഞാസയുളവാക്കുന്ന ഈ സൃഷ്ടിയുടെ മുഖം കാണേണ്ടതും ശബ്ദം കേൾക്കേണ്ടതുമുണ്ട്. ദിവ്യവും നിർമ്മലവുമായ അവരുടെ വസ്ത്രങ്ങളിൽ ശൈത്വാന്റെ കളങ്കങ്ങൾ അണുമാത്രപോലും പതിയുന്നില്ല. ശൈത്വാൻ അവന്റെ പൗരാണികമായ വഞ്ചനാമാർഗ്ഗത്തിലൂടെ യേശുവിനോട് ഒരു അഭ്യർത്ഥന നടത്തുകയുണ്ടായി. ഉടൻ തന്നെ അദ്ദേഹത്തിന്റെ പരിശുദ്ധ പ്രകൃതി അത് നിരാകരിക്കുകയും ചെയ്തു. അത് സ്വീകരിച്ചില്ല. ഇത് യേശുവിനെ സംബന്ധിച്ചിടത്തോളം അപകീർത്തികരമായിരുന്നില്ല. രാജാക്കൻമാരുടെ സാന്നിദ്ധ്യത്തിൽ മഹാപാപികൾ ചിലപ്പോൾ സംസാരിക്കാറില്ലേ? ഇതേ രീതിയിൽ ശൈത്വാൻ ആത്മീയമായി യേശുവിന്റെ ഹൃദയത്തിലേക്ക് അവന്റെ വാക്കുകൾ ഇട്ടുകൊടുത്തു. പക്ഷേ യേശു ആ ശൈത്വാനികമായ വെളിപാടുകളെ സ്വീകരിച്ചില്ല. ഉടനെ നിരാകരിച്ചു. ഇത് സ്തുത്യർഹമായ ഒരു പ്രവൃത്തിയാണ്. ഇതിനെ വിമർശിക്കുന്നത് വിഡ്ഢിത്തവും ആത്മീയമായ ദാർശനികത്വത്തിന്റെ പരാജയവുമാണ്. യേശു തന്റെ പ്രകാശത്തിന്റെ ചാട്ടവാറടി കൊണ്ടു സാധിച്ചത്പോലെ ശൈത്വാന്റെ ദുർബോധനങ്ങൾ നിരാകരിക്കാനും ഹൃദയപരിശുദ്ധി പ്രകടിപ്പിക്കാനുമുള്ള വഴി എല്ലാ സൂഫിമാർക്കും സാത്വികർക്കും തുറന്നു കൊടുത്തിട്ടില്ല.

സയ്യിദ് അബ്ദുൾഖാദിർ ജീലാനി (റ) പറയുകയുണ്ടായി. ഒരിക്കൽ അദ്ദേഹത്തിന് ശൈത്വാനിൽ നിന്ന് ഒരു വെളിപാട് ലഭിച്ചു. ശൈത്വാൻ അദ്ദേഹത്തോട് പറഞ്ഞു. അബ്ദുൾ ഖാദിർ, നിന്റെ പ്രാർത്ഥനകളെല്ലാം സ്വീകരിക്കപ്പെട്ടിരിക്കുന്നു. മറ്റുള്ളവർക്ക് നിരോധിക്കപ്പെട്ടതെല്ലാം നിനക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. അതിനാൽ നമസ്ക്കാരം നിർവ്വഹിക്കുന്നതിൽ നിന്നും നീ ഒഴിവാക്കപ്പെട്ടിരിക്കുന്നു.. അബ്ദുൾ ഖാദിർ അവനോട് പറഞ്ഞു. " കടന്നുപോ ശൈത്വാൻ, റസൂൽ തിരുമേനിക്ക് നിരോധിക്കപ്പെട്ടത് എങ്ങനെ എനിക്ക് അനുവദനീയമാകും?" അതിന് ശേഷം ശൈത്വാൻ അവന്റെ കനകസിംഹാസനവുമായി തന്റെ കൺമുന്നിൽ നിന്നും അപ്രത്യക്ഷനായി. ഒരു ദിവ്യാത്മാവും അതുല്യ വ്യക്തിത്വവുമായ അബ്ദുൾഖാദിർജീലാനി(റ)യെ പ്പോലെയുള്ളവർക്കു ശൈത്വാന്റെ വെളിപാടുകൾ ലഭിക്കുമെങ്കിൽ ദൈവികാന്വേഷണത്തിൽ പരിപൂർണത പ്രാപിച്ചിട്ടില്ലാത്ത സാധാരണക്കാർ എങ്ങനെയാണ് അതിൽ നിന്നും രക്ഷപ്പെടുക? അബ്ദുൾ ഖാദിർ ജിലാനി (റ) യും യേശു (അ) വും ചെയ്തതു പോലെ ശൈത്വാന്റെ വെളിപാടുകൾ തിരിച്ചറിയുന്ന പ്രകാശ ദൃഷ്ടി അവർക്കില്ല. റസൂൽ തിരുമേനി (സ) യുടെ ആഗമന കാലത്തിനു മുമ്പ് അറേബ്യയിൽ ധാരാളം ഭാവി പ്രവചനക്കാർ ഉണ്ടായിരുന്നു. അവർക്കു ശൈത്വാനിൽ നിന്നും ഒരുപാട് വെളിപാടുകൾ ലഭിച്ചിരുന്നു. ചിലപ്പോൾ അതിന്റെ അടിസ്ഥാനത്തിൽ അവർ പ്രവചനങ്ങൾ നടത്തിയിരുന്നു. അവ സത്യമായി പുലരുകയും ചെയ്തിരുന്നു എന്നത് അത്ഭുതകരമാണ്. ഇസ്ലാമിക സാഹിത്യങ്ങൾ അത്തരം കഥകൾ കൊണ്ടുനിറഞ്ഞിരിക്കുന്നു. ശൈത്വാന്റെ വെളിപാടുകളുടെ സാധ്യതയെ നിഷേധിക്കുന്നവൻ തിരുനബി (സ) യുടെ അദ്ധ്യാപനങ്ങളെയും സകല പ്രവാചക വ്യവസ്ഥയേയും നിഷേധിക്കുകയാണ് ചെയ്യുന്നത്. ഒരവസരത്തിൽ ഒരു വെളുത്ത ജിന്നിന്റെ പ്രവൃത്തി മൂലം നാനൂറ് പ്രവാചകന്മാർക്ക് ശൈത്വാനിൽ നിന്ന് വെളിപാടുകളുണ്ടായി എന്ന് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആ വെളിപാടിന്റെ അടിസ്ഥാനത്തിൽ അവർ ഒരു രാജാവിന്റെ വിജയം പ്രവചിക്കുകയുണ്ടായി. പക്ഷേ ഈ രാജാവ് യുദ്ധത്തിൽ അതിദാരുണമായി കൊല്ലപ്പെടുകയും പരാജയപ്പെടുകയുമാണുണ്ടായത്. ജിബ്‌രീലിൽ നിന്നും വെളിപാട് ലഭിച്ച ഒരു പ്രവാചകൻ മാത്രം ആ രാജാവ് കൊല്ലപ്പെടുമെന്നും നായ്ക്കൾ അയാളുടെ മൃതദേഹം ഭക്ഷിക്കുമെന്നും അയാൾക്ക് വമ്പിച്ച പരാജയം നേരിടുമെന്നും പ്രവചിച്ചിരുന്നു. ഇത് പൂർത്തിയാവുകയും നാനൂറ് പ്രവാചകന്മാരുടെ പ്രവചനങ്ങളും വ്യാജമാണെന്ന് തെളിയിക്കപ്പെടുകയും ചെയ്തു.

സ്വാഭാവികമായും ഇവിടെ ഒരു ചോദ്യമുയരുന്നു. ശൈത്വാന്റെ വെളിപാടുകൾ സാർവ്വത്രികവും യേശുവിനെ (അ) പോലെയുള്ള ഉന്നതരായ പ്രവാചകന്മാർക്ക് വരെ അത്തരത്തിലുള്ള ശൈത്വാന്റെ വെളിപാടുകളുടെ അനുഭവമുണ്ടാകുകയും ചെയ്തുവെങ്കിൽ എല്ലാ പ്രവചനങ്ങളും സംശയകരമായിത്തീരില്ലേ? അങ്ങനെയാണെങ്കിൽ വെളിപാട് എന്നത് വമ്പിച്ച പരീക്ഷണമായിത്തീരുകയും ചെയ്യില്ലേ? ഈ ചോദ്യങ്ങളുടെ ഉത്തരം ഇതാണ്. ഇതിൽ നിരാശപ്പെടാൻ യാതൊരു ന്യായവുമില്ല. അമൂല്യമായ എല്ലാറ്റിനോടൊപ്പവും എന്തെങ്കിലും വ്യാജവും ഉണ്ടായിരിക്കും എന്നത് ദിവ്യനിയമമാണ്. നോക്കുക, യഥാർത്ഥത്തിലുള്ള മുത്ത് സമുദ്രത്തിൽ നിന്നും ലഭിക്കുന്നതാണ്. പക്ഷേ വളരെ വിലകുറഞ്ഞ വ്യാജ മുത്തുകൾ ആളുകൾ സ്വയം നിർമ്മിക്കാറുണ്ട്. വ്യാജ മുത്തുകൾ ലഭിക്കുന്നു എന്നത് കൊണ്ട് യഥാർത്ഥ മുത്തിന്റെ വ്യാപാരം നിർത്തിവെക്കാൻ പറ്റില്ലല്ലോ. ഒരു മുത്ത്‌വ്യാപാരിക്ക്, യഥാർത്ഥ മുത്ത് ഏതാണെന്നും വ്യാജമുത്ത് ഏതാണെന്നും തിരിച്ചറിയാനുള്ള ഒരു അന്തർദൃഷ്ടി ദൈവം നൽകിയിട്ടുണ്ട്. കാലഘട്ടത്തിന്റെ ഇമാം വെളിപാടാകുന്ന യഥാർത്ഥ മുത്തുകൾ തിരിച്ചറിയുന്ന ഒരു മുത്ത് വ്യാപാരിയാണ്. കാലത്തിന്റെ ഇമാമുമായി സഹവർത്തിത്വമുള്ളവർക്ക് സത്യവും അസത്യവും എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കും. അല്ലയോ സൂഫികളേ, ജാഗരൂകരായിക്കൊണ്ട് ഇതിൽ കാൽവെക്കുക. ഓർമ്മിക്കുക, ദൈവത്തിൽ നിന്നുമുള്ള യഥാർത്ഥ വെളിപാടുകൾക്ക് താഴെ പറ

യുന്ന പ്രത്യേകതകളുണ്ട്.

യഥാർത്ഥ വെളിപാടുകളുടെ പ്രത്യേ കതകൾ:

1. സ്വീകർത്താവിന്റെ ഹൃദയം അത് ലഭിക്കുന്ന സമയത്ത് സത്യത്തിന്റെ വേദനകൊണ്ട് ആർദ്രമാകുകയും സ്വച്ഛമായ തെളിനീരുപോലെ, അത് ദൈവത്തിനു നേരെ ഒഴുകുകയും ചെയ്യും. ഇതിന്റെ സൂചന ഹദീസിലുണ്ട്. അതായത് വിശുദ്ധഖുർആൻ ദു:ഖത്തിന്റെ അവസ്ഥയിലാണ് അവതരിക്കപ്പെട്ടത്. അതുകൊണ്ട് ദു:ഖിക്കുന്ന ഹൃദയാവസ്ഥയിൽ തന്നെ നിങ്ങൾ അത് ഗ്രഹിക്കുകയും വേണം.

2. സത്യവെളിപാടു അവാച്യമായ ഒരാനന്ദം ഉൾക്കൊള്ളുന്നു. അജ്ഞാതമായ തരത്തിൽ അതിന്റെ ദൃഢത ബോധ്യമാവുകയും ഒരു ഇരുമ്പാണിയെ പോലെ അത് ഹൃദയത്തിലേക്ക് തുളഞ്ഞു കയറുകയും ചെയ്യുന്നു. അതിലെ വചനങ്ങൾ വാഗ്മിതയുള്ളതും പ്രമാദങ്ങളിൽ നിന്ന് മുക്തവുമായിരിക്കും.

3. സത്യവെളിപാടിന് രാജപ്രൗഢിയും ഔന്നത്യവുമുണ്ട്. അത് ഹൃദയത്തിൽ ശക്തിയിൽ പതിക്കുകയും ഗംഭീരമാർന്ന ശബ്ദത്തിൽ ഹൃദയത്തിന്മേൽ ഇറങ്ങുകയും ചെയ്യുന്നു. വ്യാജ വെളിപാടുകൾ തസ്കരന്മാരുടേയും ഷണ്ഡന്മാരുടേയും സ്ത്രീകളുടെയും പോലെ പതിഞ്ഞ ശബ്ദത്തിലാണ് വിനിമയം ചെയ്യപ്പെടുക. എന്തുകൊണ്ടെന്നാൽ ശൈത്വാൻ തസ്കരനും, ഷണ്ഡനും, സ്ത്രീയുമാണ്.

4. സത്യവെളിപാടുകൾ സർവ്വശക്തനായ ദൈവത്തിന്റെ ശക്തിയാൽ പ്രഭാവിതമായിരിക്കും. അതിൽ സത്യമായി പുലരുന്ന പ്രവചനങ്ങൾ അടങ്ങിയിരിക്കും.

5. സത്യവെളിപാടുകൾ സ്വീകർത്താവിന്റെ നന്മകളെ ദൈനം ദിനം പരിപോഷിപ്പിക്കുകയും അവനിൽ അന്തർഹിതമായ അശുദ്ധികളിൽ നിന്നും അവനെ പരിശുദ്ധനാക്കുകയും അവന്റെ ധാർമിക നിലവാരം ഉയർത്തുകയും ചെയ്യുന്നു.

6. സത്യ വെളിപാടുകൾ സ്വീകർത്താവിന്റെ ആന്തരിക ശക്തികൾ ആസകലം സാക്ഷ്യം വഹിക്കുകയും അത് അയാളുടെ കഴിവുകളിൽ നിർമ്മലമായ ഒരു നവ്യ ദീപ്തി തൂവുകയും അയാളിൽ സ്വയം തന്നെ ഒരു മാറ്റം സംഭവിച്ചതായി അനുഭവ വേദ്യമാവുകയും ചെയ്യുന്നു. അയാളുടെ പഴയ ജീവിതത്തിന് അന്ത്യം കുറിക്കുകയും അർവ്വാചീനമായ ഒരു നവ ജീവിതം ആരംഭിക്കുകയും ചെയ്യുന്നു. അങ്ങനെ അയാൾ മാനവരാശിയോടുള്ള അനുകമ്പയുടെ സ്രോതസ്സായി വർത്തിക്കുന്നു. സത്യവെളിപാടു ഒരേ ശബ്ദത്തിൽ അവസാനിക്കുന്നില്ല.

ദൈവത്തിന്റെ ശബ്ദത്തിനു നൈരന്തര്യമുണ്ട്. ദൈവം വളരെ മാന്യനാണ്. പ്രണിപതിച്ചവന് നേരെ തിരിഞ്ഞു കൊണ്ടു ദൈവം അവന്റെ അർത്ഥനകൾക്കെല്ലാം ഉത്തരം നൽകുന്നു. സത്യവെളിപാടിന്റെ സ്വീകർത്താവിന് ഒരു സ്ഥലത്ത് ഒരു നേരത്ത് അവന്റെ അർത്ഥനകൾക്ക് ഉത്തരം ലഭിക്കുന്നു. ചിലപ്പോൾ വെളിപാടുകളുടെ പരമ്പരകൾക്കിടയിൽ ഒരു ഇടവേളയും സംഭവിക്കുന്നു.

8. സത്യവെളിപാടിന്റെ സ്വീകർത്താവ് ഒരു ഭീരുവായിരിക്കില്ല. ഒരു വ്യാജവാദിക്കുനേരെ അയാൾ എത്ര വലിയ എതിരാളിയായിരുന്നാലും മുന്നോട്ട് വരാൻ സത്യവാദി ഭയപ്പെടുകയില്ല. കാരണം, തന്നോടോപ്പം ദൈവമുണ്ടെന്നും അവൻ അയാളെ നിന്ദ്യമായ നിലയിൽ പരാജയപ്പെടുത്തുന്നതാണെന്നും അദ്ദേഹം അറിയുന്നു.

9. സത്യവെളിപാടുകൾ അധികവും ദിവ്യജ്ഞാനം ലഭിക്കുന്നതിനുള്ളതും ദൈവത്തെ അറിയുന്നതിനുമു ള്ള ഉപാധികളുമാണ്. കാരണം സത്യവെളിപാടിന്റെ സ്വീകർത്താവിനെ ദൈവം അറിവില്ലാത്തവനും വിഡ്ഢിയായും കൈയൊഴിക്കില്ല.

10. സത്യവെളിപാടുകളോടൊപ്പം മറ്റു പല അനുഗ്രഹങ്ങളും ഉണ്ട്. വെളിപാടുകൾ ലഭിക്കുന്നയാൾ അദൃശ്യങ്ങളിൽ നിന്നുള്ള ബഹുമതികളാൽ അനുഗൃഹീതനാവുന്നു. അയാൾക്ക് അന്തസ്സ് നൽകപ്പെടുകയും ചെയ്യുന്നു.

(സറൂറത്തുൽ ഇമാം പേ. 13-19)

## അഹ്മദികളുടെ ശ്രദ്ധക്ക്

## 'മുഹമ്മദ്' എന്ന പേരെഴുതുമ്പോൾ

ചില അഹ്മദി സഹോദരന്മാർ ഹസ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ പുണ്യ നാമമായ 'മുഹമ്മദ്' ഇംഗ്ലീഷിൽ ചുരുക്കി Md:, എന്നും 'mohd:' എന്നും ചിലർ സ്പെല്ലിംഗ് തെറ്റായിട്ടും എഴുതുന്നു. ഇത് ശരിയല്ല. Muhammad എന്നു പൂർണ്ണമായും എഴുതേണ്ടതാണെന്ന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് അരുൾ ചെയ്യുന്നു.

ജമാഅത്തിലെ സഹോദരന്മാർ ഹുസൂർ തിരുമനസ്സിന്റെ ഈ നിർദ്ദേശം അനുസരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണ്. (നാസിർ അഅ്ലാ - ഖാദിയാൻ)

### സ്രഷ്ടാവിലേക്കു മടങ്ങുവിൻ

അവൻ ചിന്തിച്ചു നോക്കുന്നില്ലേ? ആകാശങ്ങളെയും ഭൂമിയേയും അവക്കിടയിലുള്ളവയേയും സത്യയുക്തികളോടും നിശ്ചിതമായ കാലാവധിയോടും കൂടിയല്ലാതെ നാം സൃഷ്ടിച്ചിട്ടില്ല. എന്നാൽ ജനങ്ങളിൽ ഭൂരിഭാഗവും തങ്ങളുടെ നാഥനുമായുള്ള കൂടിക്കാഴ്ചയിൽ വിശ്വാസം കൊള്ളാത്തവരാണ്.

(30:9)

# മസ്ജിദുകൾ ഭക്തിനിർഭരമാക്കുക

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് V

## 3. 10. 03 വെള്ളിയാഴ്ച യു. കെ. യിലെ ബൈത്തുൽ ഫുത്തൂഹ് പള്ളി ഉദ്ഘാടന വേളയിൽ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ചെയ്ത ജുമുഅ ഖുതുബയുടെ സംക്ഷിപ്തം

ഹുസൂർ താഴെ കൊടുത്ത ഖുർആൻ വാക്യങ്ങൾ ഓതിക്കേൾപ്പിച്ചു പറയുക: 'എന്റെ നാഥൻ നീതിപൂർവ്വം പ്രവർത്തിക്കുന്നതിന് കല്പിച്ചിരിക്കുന്നു. ഓരോ ആരാധനാ സമയത്തും സ്ഥലത്തും നിങ്ങളുടെ ശ്രദ്ധ അല്ലാഹുവിലേക്ക് നിറുത്തുക. കീഴ്വണക്കം അവന് മാത്രം അർപ്പിച്ചുകൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. അവൻ നിങ്ങളെ ആദ്യമായി സൃഷ്ടിച്ചതു പോലെ അവനിലേക്ക് നിങ്ങൾ മടങ്ങുന്നതാണ്.

'ഒരു വിഭാഗത്തെ അവൻ നേർവഴിയിലൂടെ നയിച്ചു. എന്നാൽ മറ്റൊരു വിഭാഗമാകട്ടെ, ദുർമാർഗ്ഗം അവർക്ക് അർഹമായിരിക്കുന്നു. തീർച്ചയായും അവർ അല്ലാഹുവിനെ വിട്ട് പിശാചുക്കളെ സുഹൃത്തുക്കളാക്കിയിരിക്കുകയാണ്. (എന്നിട്ട്) തങ്ങളാണ് സന്മാർഗ്ഗത്തിൽ ചരിക്കുന്നവരെന്ന് അവർ ധരിക്കുകയും ചെയ്യുന്നു'.

'ആദം സന്തതികളേ, നിങ്ങളുടെ ആരാധനയുടെ ഓരോ (സമയത്തും) സ്ഥലത്തും നിങ്ങളുടെ അലങ്കാരം സ്വീകരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊ ള്ളുവിൻ, എന്നാൽ ഒന്നിലും അമിതത്വമരുത്. നിശ്ചയമായും അമിതത്വം പ്രവർത്തിക്കുന്നവരെ അവൻ ഇഷ്ടപ്പെടുകയില്ല.' (സൂറ അഅ്റാഫ് 30-32)

ഹുസൂർ തുടർന്നു: "അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇപ്പോൾ ജുമുഅഖുത്ബയോടുകൂടി ഈ മസ്ജിദിന്റെ ഉദ്ഘാടനം നിർവ്വഹിക്കപ്പെടുകയാണ്. ഈ മസ്ജിദിന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) 'ബൈത്തുൽ ഫുത്തൂഹ്' എന്ന് നാമകരണം ചെയ്തിരിക്കുന്നു. അൽഹംദുലില്ലാഹ്.

തുടർന്ന് ഹുസൂർ മസ്ജിദിന്റെ ഒരു സംക്ഷിപ്ത വിവരണം നൽകുകയുണ്ടായി. പള്ളി നിർമ്മാണത്തിന്റെ പദ്ധതി ആവിഷ്ക്കരിക്കുകയും ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്ത ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമനെ (റ)ന്ന് ഹുസൂർ വികാരഭരിതനായി അനുസ്മരിക്കുകയും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്യുകയുമുണ്ടായി. മസ്ജിദിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട എല്ലാവരേയും ഹുസൂർ നന്ദിപൂർവ്വം അനുസ്മരിക്കുകയും അവർക്ക് വേണ്ടി ദുആ ചെയ്യാൻ നിർദ്ദേശിക്കുകയുമുണ്ടായി. പള്ളിയുടെ നിർമ്മാണത്തിന് സാമ്പത്തികമായി ത്യാഗം ചെയ്ത ലോകത്തെങ്ങുമുള്ള അഹ്മദികൾക്കു വേണ്ടിയും ഹുസൂർ ദുആ ചെയ്തു. പള്ളിയുടെ അകത്തും അതിനോടനുബന്ധിച്ചുള്ള ഹാളുകളിലും കൂടി ഏകദേശം 10000 പേർക്ക് നമസ്കരിക്കാൻ സൗകര്യമുണ്ടെന്ന് ഹുസൂർ അറിയിച്ചു. പള്ളിയുടെ വിവിധ നിർമ്മാണ ഘട്ടങ്ങളിൽ ധനത്യാഗവും സമയത്യാഗവും ചെയ്ത ലോകത്തെങ്ങുമുള്ള അഹ്മദി സഹോദര

ന്മാരെ ഹുസൂർ അനുസ്മരിക്കുകയും അവർക്കു വേണ്ടി പ്രത്യേകം ദുആ ചെയ്യുകയും ചെയ്തു. അത്യാധുനിക സൗകര്യങ്ങളുള്ള ഈ മസ്ജിദ് യൂറോപ്പിലെ ഏറ്റവും വലുതാണെന്ന് ഹുസൂർ അറിയിച്ചു. തുടർന്ന് ഹുസൂർ ഇപ്രകാരം പറഞ്ഞു:

"ഇതിനേക്കാൾ വലിയ മസ്ജിദ് നിർമ്മിക്കാനുള്ള ഭാഗ്യം അല്ലാഹു ജമാഅത്തിനു നൽകട്ടെ. ഇസ്ലാമിക മൂല്യങ്ങളെയും പാരമ്പര്യത്തേയും ഇസ്ലാമിക വാസ്തുശില്പകലയെയും പരിഗണിച്ചു കൊണ്ടാണീ മസ്ജിദ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഈ മസ്ജിദ് എപ്പോഴും ശാന്തിയുടേയും സമാധാനത്തിന്റെയും സൗന്ദര്യം പ്രകടമാക്കുന്ന ഒന്നായിത്തീരുമാറാകട്ടെ. സാത്വികരായ ആളുകൾ ഇവിടെ വരികയും എപ്പോഴും അവരുടെ ഹൃദയങ്ങളിൽ ദൈവ ഭക്തി ഉണ്ടാവുകയും അവർ നബി (സ.അ) യുടെ തിരുവചനമനുസരിച്ചുള്ള പ്രതിഫലത്തിന്നർഹരായിത്തീരുകയും ചെയ്യട്ടെ. നബിതിരുമേനി (സ) ഇപ്രകാരം അരുൾ ചെയ്തതായി ഹസ്റത്ത് ഉസ്മാൻ (റ) നിവേദനം ചെയ്യുന്നു. "ഏതൊരാൾ അല്ലാഹുവിന്റെ പ്രീതി ലഭിക്കണമെന്ന ഉദ്ദേശത്തോടുകൂടി പള്ളി നിർമ്മിക്കുന്നുവോ അല്ലാഹു അയാൾക്കായി സ്വർഗ്ഗത്തിൽ അതുപോലുള്ള ഒരു ഭവനം നിർമ്മിച്ചു കൊടുക്കുന്നതാണ്."

പള്ളി നിർമ്മാണത്തോടുകൂടി നമ്മുടെ ഉത്തരവാദിത്തം അവസാനിക്കുന്നില്ല. അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ചു പ്രവർത്തിക്കുകയും പള്ളിയെ ജനബാഹുല്യമാക്കാനുള്ള കഠിന യത്നം നടത്തുകയും വേണം. ഈ മസ്ജിദിൽ നിന്നും സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സഹിഷ്ണുതയുടേയും സന്ദേശം ലോകത്തിന് നൽകണം. ഭാവി തലമുറകളുടെ ആത്മീയ സമുദ്ധാരണത്തിന്നായി പ്രവർത്തിച്ചുകൊണ്ടിരിക്കണം. വിശുദ്ധഖുർആൻ വചനങ്ങൾ അനുസരിച്ച് നീതി നടപ്പാക്കുകയും വേണം. ഒരാളോടുള്ള വിരോധം നീതി നടപ്പാക്കുന്നതിൽ നിന്ന് നിങ്ങളെ തടയരുത്. അന്യരുടെ വിഷമങ്ങൾ ദൂരീകരിക്കുകയും അവർക്ക് നന്മ കൈവരുത്തുകയും വേണം. പള്ളിയിൽ ഭയഭക്തിയോടെ പ്രവേശിക്കുകയും ആരാധനയിൽ മുഴുകുകയും ചെയ്യേണ്ടതുണ്ട്. ആത്മീയമായ അഭിവൃദ്ധിക്ക് വേണ്ടി സദാ സമയവും പ്രാർത്ഥിച്ചുകൊണ്ടിരിക്കണം. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ മതപരമായ കാര്യങ്ങൾക്ക് പ്രത്യേക പ്രാധാന്യം നൽകേണ്ടതാണ്. അല്ലാത്തപക്ഷം നിങ്ങൾ വഴികേടിലായിരിക്കും. നബി തിരുമേനി (സ) യുടെ പ്രവചന പ്രകാരം ഒരു ദീർഘകാലം പിന്നിട്ട ശേഷം മുസ്ലിംകൾ വഴികേടിലായിരിക്കുന്നു. വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളനുസരിച്ച് ദൈവ കല്പനകൾ പ്രകാരം ജീവിക്കാതെ അവർ പിശാചിനെ സുഹൃത്തുകളാക്കിയിരിക്കുന്നു. തങ്ങളേക്കാൾ ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളനുസരിച്ച് നടക്കുന്നവർ ആരുമില്ലെന്ന് കരുതുന്നു. അഹങ്കാരവും അഹംഭാവവും നിമിത്തം അവർ വാഗ്ദത്ത മസീഹിനെ (അ) നിരാകരിക്കുകയും പൂർവ്വികരായ പ്രവാചക ശത്രുക്കളെ അനുകരിച്ച് അവർ വാഗ്ദത്ത മസീഹി (അ) നെ പരിഹസിക്കുകയും അവഹേളനാത്മകമായ രീതിയിൽ അനസ്മരിക്കുകയും ചെയ്യുന്നു. അവർ വഴികേടിന്റെ അന്ധകാര ഗർത്തത്തിൽ ആപതിച്ചവരാണ്. നബി തിരുമേനി (സ) യുടെ പ്രവചനമനുസരിച്ച് അവരുടെ പള്ളികൾ ജനനിബിഢമാണെങ്കിലും ഭക്തിശൂന്യമാണ്. അവരുടെ പണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ടജീവികളാണ്. അവരിൽ നിന്ന് തന്നെ കുഴപ്പങ്ങൾ ആരംഭിക്കുകയും അവരിലേക്കു തന്നെ തിരിച്ചു ചെല്ലുകയും ചെയ്യുന്നു. (മിശ്ക്കാത്ത് - കിത്താബുൽ ഇൽമ്).

ഹസ്റത്ത് അഹ്മദ് (അ) മുസ്ലിംകളുടെ ഈ ശോച്യാവസ്ഥ വിവരിച്ചശേഷം ഇസ്ലാമിന്റെ ശത്രുക്കളുടെ ദുരുദ്ദേശങ്ങളെ വെളിപ്പെടുത്തുകയും ഇസ്ലാമിന്റെ വിനഷ്ടമായ ആത്മീയ പ്രഭാവം പുനഃസ്ഥാപിക്കാനാണ് താൻ അയക്കപ്പെട്ടിരിക്കുന്നതെന്ന് പ്രസ്താവിക്കുകയും ചെയ്തിരിക്കുന്നു. കാലത്തിന്റെ ഇമാമിനെ കൈക്കൊള്ളാൻ ഭാഗ്യം സിദ്ധിച്ച അഹ്മദികളായ നാം നമ്മുടെ കർത്തവ്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയാൽ അല്ലാഹു നമുക്കു പകരം മറ്റൊരു കൂട്ടരെ എഴുന്നേൽപ്പിക്കുന്നതാണെന്ന് വാഗ്ദത്ത മസീഹ് (അ) നമുക്ക് താക്കീത് നൽകുന്നു. നാം നമ്മുടെ പ്രവൃത്തികളിൽ ആത്മാർത്ഥത കാണിക്കുകയും അല്ലാഹുവിന്റേതു മാത്രമായിത്തീരുകയും വേണം. നമ്മുടെ സൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം നാം മനസ്സിലാക്കുകയും വേണം. നാം അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള ബാദ്ധ്യതകൾ നിറവേറ്റണം. മതപരമായ കാര്യങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കണം എന്നത് കൊണ്ട് സന്യാസം സ്വീകരിക്കണമെന്നർത്ഥമില്ല. നമ്മുടെ ജീവിതോപാധിക്കുള്ള ന്യായമായ മാർഗ്ഗങ്ങൾ തേടുന്നതിനെ ഇസ്ലാം വിരോധിക്കുന്നില്ല. എന്നാൽ ഇക്കാര്യത്തിൽ ദൈവാഭീഷ്ടത്തിനു നാം പ്രാധാന്യം നൽകണം.

മസ്ജിദുകൾ നിർമ്മിച്ചുകൊണ്ടു കൂട്ടായ നിലയിൽ നാം ദൈവസ്മരണയിലും ആരാധനയിലും നിമഗ്നരാവണം. ധനവാനെന്നോ ദരിദ്രനെന്നോ ഉള്ള വ്യത്യാസമില്ലാതെ പള്ളിയിൽ ഒരുമിച്ചു കൂടുന്നതു വഴി സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും അന്തരീക്ഷം സംജാതമാവുന്നു. ഇബാദത്തിനോടൊപ്പം തന്നെ സമുദായത്തിന്റെ ഉദ്ധാരണത്തിനും ഇതര പ്രശ്നപരിഹാരങ്ങൾക്കും നാം ശ്രമിക്കേണ്ടതാണ്. ഓരോ സ്ഥലത്തും പള്ളികൾ സ്ഥാപിച്ച് അതിനെ ജനബാഹുല്യമുള്ളതാക്കാൻ നാം നിരന്തരം പരിശ്രമിക്കേണ്ടതുണ്ട്. പള്ളികൾ നിർമ്മിക്കുന്നതോടൊപ്പം തന്നെ നാം മാതൃകാപരമായ ജീവിതം നയിക്കേണ്ടതുമാണ്. കെട്ടിടത്തിന്റെ സൗന്ദര്യമല്ല, അതിൽ ഇബാദത്ത് ചെയ്യുന്നവരുടെ ആത്മാർത്ഥതയും ഭക്തിയുമാണ് പ്രധാനം. എല്ലാ പരിതഃസ്ഥിതികളിലും നമസ്കാരമനുഷ്ഠിക്കാൻ നാം അനുശാസിക്കപ്പെട്ടിരിക്കുന്നു. തനിക്കായി മുഴുവൻ ഭൂമിയും മസ്ജിദും പരിശുദ്ധവുമാക്കപ്പെട്ടിരിക്കുന്നുവെന്ന് നബികരീം (സ) അരുൾ ചെയ്തിരിക്കുന്നു. പള്ളികൾ ശുചിത്വത്തോടെ നിലനിർത്തണമെന്ന്

നബിതിരുമേനി (സ) അനുശാസിച്ചിരിക്കുന്നു. മസ്ജിദുകളെ ഒരിക്കലും മലിനപ്പെടുത്തരുത്. വെള്ളുള്ളി, ചുവന്നുള്ളി എന്നിവ കഴിച്ചു പള്ളിയിൽ പോകരുതെന്ന് റസൂൽ തിരുമേനി (സ) പറഞ്ഞിരിക്കുന്നു. പള്ളികൾ ദൈവസ്മരണക്കും ആരാധനക്കുമുള്ള ഗേഹങ്ങളാണ്. പള്ളികളിൽ കൂട്ടംകൂടിയിരുന്നു സംസാരിക്കുകയോ ക്രയവിക്രയങ്ങൾ നടത്തുകയോ ചെയ്യരുത്. മറ്റുള്ളവർക്ക് വിഷമമുളവാക്കുന്ന രീതിയിൽ പള്ളിയിൽ വെച്ചു സംസാരിക്കുകയും കരയുകയും അലോസരപ്പെടുത്തുകയും ചെയ്യുന്ന ചെറിയ കുട്ടികളെ പള്ളിയിൽ കൊണ്ടുവരികയുമരുത്. പള്ളികളിൽ വെച്ച് ചെയ്യേണ്ട ദിക്റെ ഇലാഹിയിൽ ഒന്ന് ഇതാണ്.

'സുബ്ഹനല്ലാഹ് വൽഹംദുലില്ലാഹ് വലാഇലാഹ ഇല്ലല്ലാഹു അല്ലാഹു അക്ബർ'

പട്ടണത്തിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടകരമായ സ്ഥലങ്ങൾ മസ്ജിദുകളാണ്.

ഹസ്റത്ത് ഖുദൈദാബിൻ അസ്ലം, രിവായത്തു ചെയ്യുന്നു. നബി തിരുമേനി (സ) അരുൾ ചെയ്തു: "അന്ധകാരമുള്ള സമയങ്ങളിൽ പള്ളിയിലേക്ക് അധികമായി നടന്നു ചെല്ലുന്നവർക്കു പുനരുത്ഥാന നാളിൽ പൂർണ്ണമായ പ്രകാശം ലഭിക്കുന്നതാണ്." ഭൗതികമായ കാര്യങ്ങളിൽ ജനങ്ങൾ ആമഗ്നരായിരിക്കുന്ന ഇക്കാലത്ത് പള്ളികളുമായി ബന്ധപ്പെടുന്നവർക്ക് പ്രകാശം ലഭിക്കുമെന്ന സുവിശേഷമാണിതിൽ അടങ്ങിയിരിക്കുന്നത്.

ഹസ്റത്ത് റസൂൽ കരീം തിരുമേനി (സ) അരുൾ ചെയ്തതായി ഹസ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു.

"നിങ്ങളിൽ ഓരോ ആളും നമസ്ക്കാരത്തിനായി പ്രതീക്ഷിച്ചുകൊണ്ട് പള്ളിയിൽ ഇരിക്കുന്നതു വരെ നമസ്ക്കാരത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ഗണിക്കുന്നതാണ്. അവർക്കായി മലക്കുകൾ പൊറുക്കലിനെ തേടുന്നതാണ്"

എല്ലാ ആലസ്യങ്ങളിൽ നിന്നും വിമോചിതനായി ഓരോ വിശ്വാസിയും പള്ളിയുമായി നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കേണ്ടതാണ്. പള്ളിയിൽ പ്രവേശിച്ച ഉടൻ ഇരിക്കുന്നതിന് മുമ്പ് രണ്ട് റക്കഅത്ത് നഫൽ നമസ്കരിക്കുന്നത് സുന്നത്താണ്. പള്ളിയിൽ പ്രവേശിക്കുമ്പോൾ ഇപ്രകാരം ദുആ ചെയ്യണമെന്നു നബി (സ.അ) അരുളിയിരിക്കുന്നു.

"ഞാൻ അല്ലാഹുവിന്റെ തിരുനാമത്തിൽ പ്രവേശിക്കുന്നു. അല്ലാഹുവിന്റെ റസൂലിന്റെ പേരിൽ സ്വലാത്തും സലാമും ഉണ്ടാകട്ടെ. അല്ലാഹുവേ നീ എന്റെ പാപങ്ങളെ പൊറുത്തു തരേണമേ. നിന്റെ കാരുണ്യത്തിന്റെ കവാടങ്ങൾ എനിക്കായി തുറന്നു തരേണമേ!"

മസ്ജിദിൽ നിന്നും വെളിയിൽ വരുമ്പോൾ ഇപ്രകാരം ദുആ ചെയ്യണമെന്ന് നബി തിരുമേനി (സ) അരുളിയിരിക്കുന്നു.

"അല്ലാഹുവിന്റെ തിരുനാമത്തിൽ ഞാൻ പുറത്തുകടക്കുന്നു. അല്ലാഹുവിന്റെ റസൂലിന്റെ മേൽ സ്വലാത്തും സലാമും ഉണ്ടാകട്ടെ. അല്ലാഹുവേ, നീ എന്റെ പാപങ്ങളെ പൊറുത്തു തരേണമേ. നിന്റെ അനുഗ്രഹത്തിന്റെ കവാടങ്ങൾ എനിക്കായി തുറന്നു തരേണമേ."

നബി തിരുമേനി (സ) ഇപ്രകാരം അരുൾ ചെയ്തതായി ഹസ്റത്ത് ഉമർ (റ) നിവേദനം ചെയ്യുന്നു.

1. പള്ളികളെ കുറുക്കു വഴിയായി ഉപയോഗിക്കരുത്.
2. പള്ളികളിൽ ആയുധങ്ങൾ പ്രദർശിപ്പിക്കരുത്.
3. പള്ളികളിൽ അമ്പും വില്ലും എയ്യരുത്.
4. വേവിക്കാത്ത മാംസവുമായി പള്ളിയിൽകൂടി കടന്നുപോവരുത്.
5. പള്ളികളിൽ വെച്ച് പ്രതികാരം ചെയ്യരുത്.
6. പള്ളികളെ ക്രയവിക്രയം ചെയ്യുന്ന വാണിഭസ്ഥലമാക്കരുത്.

മുസ്ലിംകൾ തീരെ ഇല്ലാത്ത, അല്ലെങ്കിൽ കുറഞ്ഞ തോതിലുള്ള സ്ഥലങ്ങളിൽ പള്ളി പണിയണമെന്ന് ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു. അല്ലാഹുവിനു വേണ്ടി ആത്മാർത്ഥമായ നിലയിൽ പണിതതാവണം പള്ളികൾ. അതിൽ യാതൊരു സ്വാർത്ഥോദ്ദേശ്യവും പാടില്ല.

നമ്മുടെ ഓരോ പള്ളിയും തഖ്വയിൽ അധിഷ്ഠിതമായതായിത്തീരുമാറാകട്ടെ. അല്ലാഹു നമ്മെ എപ്പോഴും അവന്റെ ഇഷ്ടദാസന്മാരാക്കുമാറാകട്ടെ. നമ്മുടെ എല്ലാ ആഗ്രഹങ്ങളും ഉദ്ദേശ്യങ്ങളും അവന്റെ തിരുമുമ്പിൽ സമർപ്പിക്കുന്നവരായി അല്ലാഹു നമ്മെ ആക്കട്ടെ. അല്ലാഹുവാണ് എല്ലാ ശക്തിയുടെയും ഖുദ്റത്തിന്റേയും കേന്ദ്രം എന്നു കരുതുന്നവരായി അവൻ നമ്മെ ആക്കിത്തീർക്കട്ടെ. ഈ മസ്ജിദിനെയും ലോകത്ത് എവിടെയെല്ലാം നമ്മുടെ മസ്ജിദുകളുണ്ടോ അവയെയും ജനബാഹുല്യമുള്ളതാക്കിത്തീർക്കു മാറാകട്ടെ. മസ്ജിദുകളെ ജനനിബിഢമാക്കിത്തീർക്കുന്നതിലൂടെയാണ് ഇസ്ലാമിനും അഹ്മദിയ്യത്തിനും വിജയം കൈവരിക.

അതിനാൽ, അല്ലയോ അഹ്മദികളേ, നിങ്ങൾ എഴുന്നേൽക്കുക, പള്ളികൾ ജനനിബിഢമാക്കാൻ പരിശ്രമിക്കുക, ഇതുവഴി മാത്രമേ നമ്മുടെ വിജയത്തിന്റെ നാളുകൾ കാണാൻ സാധിക്കുകയുള്ളൂ. ആ നാളുകൾ കാണുന്നതിനുള്ള തൗഫീഖ് അല്ലാഹു നമുക്ക് തന്നരുളുമാറാകട്ടെ. ആമീൻ.

## പന്നികൾക്കിടയിൽ മുത്ത് വിതറരുത്

വിശുദ്ധമായത് നായ്ക്കൾക്കു കൊടുക്കരുത്. നിങ്ങളുടെ മുത്തുകൾ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്. അവ കാൽകൊണ്ട് അവയെ ചവിട്ടുകയും തിരിഞ്ഞുനിന്നു നിങ്ങളെ ചീന്തിക്കളയുകയും ചെയ്വാൻ ഇടവരരുത്.

***- യേശുക്രിസ്തു***

ലേഖനം

# അഹ്മദിയ്യാ ജമാഅത്തിന്റെ അപ്രതിരോധ്യമായ മുന്നേറ്റം

മൗലവി മുഹമ്മദ് ഉമർ എച്ച്. എ.

## ആകാശ ദൂരങ്ങളിലേക്കുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ അതുല്യമുന്നേറ്റങ്ങൾ ഒരു സത്യപ്രസ്ഥാനത്തിന്റെ ദിവ്യ ദൃഷ്ടാന്തങ്ങളാണ്.

ദൈവത്തിൽ നിന്നും പ്രേഷിതനായ ഒരാളുടെ വിജയം ദൈവത്തിന്റെ ബാദ്ധ്യതയാണ്. സത്യവാദിയോടൊപ്പം മത്സരിച്ചോടാൻ ശ്രമിക്കുന്ന ഇരുട്ടിന്റെ ശക്തികൾ ചരിത്രത്തിന്റെ പാതയിൽ നിന്നും നിഷ്ക്രമിക്കുന്നു. വിജയസോപാനത്തിൽ ആനയിക്കപ്പെടുക ദൈവത്തിൽ നിന്നും വന്ന ദൂതൻ മാത്രം. സത്യപ്രസ്ഥാനങ്ങളുടെ ജൈത്രയാത്രയുടെ ഗതിവിഗതികൾ സത്യാന്വേഷകർ എളുപ്പത്തിൽ വിവേചിച്ചറിയുന്നു. ഒരു ദൈവ നിയുക്തവാദിയുടെ സത്യാസത്യാപഗ്രഥനത്തിന് നിദാനമായി വിശുദ്ധഖുർആൻ ധാരാളം മാനദണ്ഡങ്ങൾ പറഞ്ഞിരിക്കുന്നു. ആ മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ ഒരുവാദിയുടെ സത്യാസത്യങ്ങൾ വിവേചനം ചെയ്യപ്പെടേണ്ടതാണ്.

ഒരു കപടവാദിയുടെ സ്ഥിതിയെയും അയാളുടെ പര്യവസാനത്തെയും കുറിച്ചു വിശുദ്ധഖുർആൻ അരുൾ ചെയ്യുന്നു. "വല്ലവനും അല്ലാഹു തന്നോട് പറഞ്ഞതാണെന്ന് വ്യാജമായി പ്പറഞ്ഞുകൊണ്ടു വചനങ്ങൾ കെട്ടിച്ചമച്ചു പ്രചരിപ്പിക്കുന്നതായാൽ അല്ലാഹു അയാളെ തന്റെ വലതു കരം കൊണ്ടു പിടിക്കുകയും അയാളുടെ ജീവനാഡി എടുത്തുകളയുകയും ചെയ്യുന്നതാണ്. അയാളെ (ദൈവശിക്ഷയിൽ നിന്നും) രക്ഷിക്കാൻ നിങ്ങളിൽ ആർക്കും തന്നെ സാധിക്കുന്നതല്ല." (69:45-48)

വീണ്ടും അല്ലാഹു അരുൾ ചെയ്യുന്നു:

" അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമക്കുകയോ അവന്റെ ദൃഷ്ടാന്തങ്ങളെ തള്ളിപ്പറയുകയോ ചെയ്യുന്നവനേക്കാൾ വലിയ അക്രമി മറ്റാരാണ്.? തീർച്ചയായും അക്രമികൾ വിജയം പ്രാപിക്കുകയില്ല." (6:22, 10:18)

പ്രസ്തുത ആയത്തുകളിൽ നിന്നും ഇതുപോലുള്ള ഇതര തിരുവചനങ്ങളിൽ നിന്നും ഒരു കള്ളവാദിക്ക് ഒരിക്കലും വിജയം വരിക്കുവാൻ സാധിക്കുന്നതല്ലെന്നും ദൈവത്തിന്റെ കഠിനമായ ശിക്ഷക്ക് പാത്രമാകേണ്ടിവരുമെന്നും ഒരു വിശദീകരണത്തിന്റെയും ആവശ്യമില്ലാതെ വ്യക്തമാകുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ ബദ്ധവൈരിയായിരുന്ന മൗലവി സനാഉല്ലാഹ് അമൃതസരി തന്റെ തഫ്സീർ സനായി എന്ന വിശുദ്ധഖുർആൻ വ്യാഖ്യാന ഗ്രന്ഥത്തിൽ പറയുന്നു.

"പ്രപഞ്ച സംവിധാനത്തിലുള്ള ദൈവിക നിയമമനുസരിച്ച് വ്യാജ നബിത്വവാദിക്ക് ഒരിക്കലും പുരോഗതി ഉണ്ടാകുന്നതല്ല. മറിച്ച് അവൻ കൊല ചെയ്യപ്പെടും. വ്യാജ നുബുവ്വത്തു വാദം ഒരു വിഷം പോലെയാണ്. വിഷം കഴിക്കുന്നവൻ തീർച്ചയായും നശിക്കുന്നതാണ്. ദൈവം ഒരിക്കലും തന്നെ ഒരു വ്യാജനുബുവ്വത്തു വാദിക്ക് പുരോഗതി നല്കിയിട്ടില്ലേ എന്നു കഴിഞ്ഞ കാല സംഭവങ്ങൾ തെളിയിക്കുന്നു. അതുകൊണ്ടാണു ലോകത്ത് അസംഖ്യം മതങ്ങൾ ഉണ്ടായിട്ടും ഒരു വ്യാജ നുബുവ്വത്ത് വാദിയുടെയും അനുയായികളെ ആർക്കും തന്നെ കാണിച്ചു തരുവാൻ സാധിക്കാത്തത്. മുസൈലിമത്തുൽ കദ്ദാബ്, ഉബൈദുല്ലാ അൻസി മുതലാ

യവർ വ്യാജ നുബുവ്വത്തു വാദം പുറപ്പെടുവിക്കുകയും ദൈവത്തിന്റെ പേരിൽ പലതും കറ്റുകെട്ടിപ്പറയുകയും ചെയ് തു. എന്നാൽ അവസാനം ദൈവത്തിന്റെ ശക്തിമത്തായ നിയമത്തിനു കീഴിൽ അടിച്ചമർത്തപ്പെടുകയും നിന്ദ്യമായ നിലയിൽ നശിപ്പിക്കപ്പെടുകയും ചെയ്തു.

(മുഖദ്ദിമ തഫ്സീർസനായി പേജ്17)

മറുഭാഗത്ത് സത്യവാദികളായ പ്രവാചകന്മാർക്കും അവരിൽ വിശ്വസിച്ചവർക്കും അല്ലാഹുവിന്റെ സഹായവും അനുഗ്രഹവും ലഭിച്ചുകൊണ്ടിരിക്കുകയും അവർക്കും അവരുടെ ജമാഅത്തുകൾക്കും വിജയം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതാണെന്ന് വിശുദ്ധഖുർആൻ പലസ്ഥലങ്ങളിലായി പ്രസ്താവിക്കുന്നു. അതായത്,

1. താനും തന്റെ ദൂതന്മാരും തീർച്ചയായും വിജയിക്കുക തന്നെ ചെയ്യുന്നതാണെന്ന് അല്ലാഹു വിധി എഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനുമാകുന്നു. (58:22)

2. തിർച്ചയായും നാം നമ്മുടെ ദൂതന്മാരെയും അവരിൽ വിശ്വസിച്ചവരെയും ഐഹിക ജീവിതത്തിലും സാക്ഷികൾ എഴുന്നേൽക്കുന്ന നാളിലും സഹായിക്കുന്നതാണ്. (40:52)

പ്രസ്തുത ആയത്തുകളിൽ നിന്നും വളരെ വ്യക്തമായി മനസ്സിലാകുന്നത് ദൈവനിയുക്തരായ സത്യദൂതന്മാർക്കെതിരായി എന്തുതന്നെ എതി ർപ്പുകളുടെ കൊടുങ്കാറ്റുകളും ഭൂകമ്പങ്ങളും ഉണ്ടായാലും അല്ലാഹു വിജയംനൽകിയനുഗ്രഹിക്കുകയും അങ്ങനെ അവർക്ക് തങ്ങളുടെ നിയോഗോദ്ദേശ്യം സഫലമായതായി കാണുവാൻ സാധിക്കുകയും ചെയ്യുന്നു.

വിശുദ്ധഖുർആൻ കാണിച്ചുതരുന്ന പ്രസ്തുത മാനദണ്ഡങ്ങളുടെ വെളിച്ചത്തിൽ വാഗ്ദത്ത മഹ്ദിയും മസീഹും ദൈവനിയുക്തനുമാണെന്നു വാദിച്ച ഹസ്റത്ത് അഹ്മദ് (അ) ന്റെ സത്യസാക്ഷ്യം സൂര്യ വെളിച്ചം പോലെ പ്രകടമാകുന്നു.

ഹസ്റത്ത് അഹ്മദ് (അ) തന്റെ ദൈവനിയുക്ത വാദത്തെക്കുറിച്ച് അല്ലാഹുവിന്റെ പേരിൽ ആണയിട്ടുകൊണ്ട് പ്രസ്താവിക്കുന്നു.

"ഞാൻ അല്ലാഹുവിൽ നിന്നും വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ആന്തരികവും ബാഹ്യവും ആയി വന്നയാളും ആണെന്ന് അല്ലാഹു തന്റെ പരിശുദ്ധവും പവിത്രവും ആയ ദിവ്യ വെളിപാടുകൾ മുഖേന എന്നെ അറിയിച്ചിരിക്കുന്നു. എന്റെ പേര് മസീഹെ ന്നും മഹ്ദിയെന്നും വെക്കപ്പെട്ടിരിക്കുന്നത് ഈ രണ്ടു നാമങ്ങളാലും ഹസ് റത്ത് റസൂൽ കരിം (സ) എന്നെ അനുഗ്രഹിച്ചതു കൊണ്ടാണ്. കൂടാതെ അല്ലാഹു നേരിട്ടുതന്നെ തന്റെ ദിവ്യഭാഷണം മുഖേന ഇതേ പേരുതന്നെ എനിക്ക് നൽകുകയുണ്ടായി. മാത്രമല്ല, ഇതേ പേരു തന്നെ വേണമെന്ന് കാലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ ആവശ്യപ്പെടുന്നു. ചുരുക്കത്തിൽ ഈ പേരുകൾക്ക് പ്രസ്തുത മൂന്നു സാക്ഷികളാണുള്ളത്. ഞാൻ അവന്റെ ഭാഗത്ത് നിന്നുള്ളവനാണെന്നും അവൻ തന്നെ തന്റെ ദൃഷ്ടാന്തങ്ങളാൽ എനിക്ക് സാക്ഷ്യം നൽകിയിരിക്കുന്നുവെന്നും ഞാൻ ആകാശ ഭൂമികളുടെ യജമാനനായ അല്ലാഹുവിനെ സാക്ഷിനിറുത്തിപ്പറയുകയാണ്. ദൈവിക ദൃഷ്ടാന്തങ്ങളിൽ ആർക്കെങ്കിലും എന്നോടെതിരിടുവാൻ സാധിക്കുമെങ്കിൽ ഞാൻ വ്യാ ജനായിരിക്കും. അതേപ്രകാരം പ്രാർത്ഥനകളുടെ സ്വീകാര്യതയുടെ കാര്യത്തിലും ആർക്കെങ്കിലും എന്നോടെതിരിടുവാൻ സാധിക്കുമെങ്കിൽ ഞാൻ വ്യാജനായിരിക്കുന്നതാണ്. വിശുദ്ധഖുർആന്റെ സൂക്ഷ്മ ജ്ഞാനങ്ങളിൽ ഞാനുമായി സമനിലയിലെത്തുവാൻ സാധിക്കുമെങ്കിലും ഞാൻ വ്യാജനായിത്തീരുന്നതാണ്."

(അർബയീൻ നമ്പർ 1. ഭാഗം 3, 4 റൂഹാനിഖസായിൻ വാള്യം 17 പേജ് 345)

വീണ്ടും അദ്ദേഹം അല്ലാഹുവിന്റെ തിരുനാമത്തിൽ ആണയിട്ടുകൊണ്ട് അരുൾ ചെയ്യുന്നു.

"ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് ആ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുകയാണ്, ഹസ്റത്ത് റസൂൽ തിരുമേനി (സ) യുടെ സഹീഹായ ഹദീസുകളിൽ പ്രസ്താവിക്കപ്പെടുകയും സഹീഹ് ബുഖാരിയിലും സഹീഹ് മുസ്‌ലിമിലും രേഖപ്പെട്ടുകിടക്കുകയും ചെയ്യുന്ന ആ വാഗ്ദത്ത മസീഹ് ഞാനാണ്. മൽഫൂസാത്ത് വാള്യം 1 പേജ് 326, 327) ഹസ്റത്ത് അഹ്മദ് (അ) ഇത്ര വ്യക്തമായ നിലയിൽ താൻ മഹ്ദി മസീഹാണെന്ന വാദത്തെക്കുറിച്ച് അല്ലാഹുവിന്റെ പേരിൽ ആണയിടുകയും അല്ലാഹുവിനെത്തന്നെ സാക്ഷിയാക്കുകയും ചെയ്തിരിക്കെ, അദ്ദേഹം ഒരു വ്യാജവാദിയായിരുന്നുവെങ്കിൽ വിശുദ്ധ ഖുർആനിലെ മേലുദ്ധരിച്ച വചനങ്ങളനുസരിച്ച് അദ്ദേഹവും അദ്ദേഹത്തിന്റെ പ്രസ്ഥാനവും എന്നോ നശിച്ചു നാമാവശേഷമാകുമായിരുന്നു. അദ്ദേഹത്തിന്റെ വാദം വ്യാജമായിരുന്നുവെങ്കിൽ അതു അല്ലാഹുവിന്റെ അഭിമാനത്തെത്തന്നെ ചോദ്യം ചെയ്യുന്നതും അവന്റെ പ്രസ്തുത വചനങ്ങളെ വ്യാജപ്പെടുത്തുന്നതുമാകുമായിരുന്നു. എന്നാൽ വിവിധ മതവിഭാഗങ്ങളിൽ നിന്നും സുശക്തമായ പ്രസ്ഥാനങ്ങളിൽ നിന്നും ഭരണകൂടങ്ങളുടെ ഭാഗത്ത് നിന്നു തന്നെയും ഭയാനകമായ എതിർപ്പുകൾ ഉണ്ടായിട്ടും അദ്ദേഹവും അദ്ദേഹത്തിന്റെ ജമാഅത്തും ആഗോളാടിസ്ഥാനത്തിൽ വിജയം പ്രാപിച്ചതും പ്രാപിച്ച്കൊണ്ടിരിക്കുന്നതും അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള സുശക്തമായ ദൃഷ്ടാന്തമാണ്.

താനും തന്റെ പ്രവാചകന്മാരും വിജയം പ്രാപിക്കുന്നതാണെന്നും ആ വിജയത്തെ ഒരു ലൗകിക ശക്തിക്കും തന്നെ തടുത്തുനിറുത്തുവാൻ സാധിക്കുന്നതല്ലെന്നും താൻ തന്റെ ദൂതന്മാരെയും അവരുടെ ജമാഅത്തുകളെയും സഹായിച്ചനുഗ്രഹിച്ചുകൊണ്ടിരിക്കുന്നതാണെന്നുമുള്ള ദൈവിക വിധിയുടെ ഒരു സാക്ഷാൽക്കാരമാണ് ഹസ്റത്ത് അഹ്മദി (അ) നും അദ്ദേഹത്തിന്റെ ജമാഅത്തിനുമുണ്ടായിക്കൊണ്ടിരിക്കുന്ന ആഗോള വിജയം.

ഈ പ്രസ്ഥാനത്തെ അതിന്റെ മുളയിൽത്തന്നെ നുള്ളിയെറിയുവാൻ

ആത്മീയ വിരുദ്ധ ശക്തികൾ കഠിന മായി പരിശ്രമിക്കുകയുണ്ടായെങ്കിലും ഓരോ എതിർപ്പും അതിന്ന് വളർച്ചയും ശക്തിയും ഊർജ്ജവും ആണു നൽകി യിരിക്കുന്നതെന്ന് അഹ്മദിയ്യാ ജമാഅ ത്തിന്റെ ഇത:പര്യന്തമുള്ള ചരിത്രം സാക്ഷ്യം വഹിക്കുന്നു. അവസാന മായി പാക്ക് അധിപനായിരുന്ന ജനറൽ സിയാഹുൽഹഖ് പാക്കിസ്ഥാനിൽ അഹ്മദിയ്യാ ജമാഅത്തിനെതിരായി ഒരു കിരാത നിയമം കൊണ്ടുവന്നു. അതിന്റെ ഫലമായി ദൈവ വിധിയനു സരിച്ച് വാഗ്ദത്ത മഹ്ദി മസീഹിന്റെ നാലാം ഖലീഫ ഹസ്റത്ത് മിർസാ താഹിർ അഹ്മദി (റഹ്) വിന്ന 1984 ൽ പാക്കിസ്ഥാനിൽ നിന്നും ലണ്ടനിലേക്ക് ഹിജ്റത്ത് പോകേണ്ടിവന്നു. അതോടെ ഈ പ്രസ്ഥാനം പര്യവസാനത്തിലെത്തി എന്ന് അതിന്റെ ശത്രുക്കൾ ആക്രോശി ച്ചു. എന്നാൽ ഉർവ്വശി ശാപം ഉപകാരം എന്നോണം ഈ പ്രസ്ഥാനത്തിന് ആഗോളാടിസ്ഥാനത്തിൽ അഭൂതപൂർവ്വ മായ വിജയമാണുണ്ടായത്. സത്യവും അസത്യവും തമ്മിലുള്ള ഈ സംഘട്ട നത്തിൽ സത്യപക്ഷത്തിന് വേണ്ടി ആകാശത്തും ഭൂമിയിലും ദൈവത്തി ന്റെ അദൃശ്യശക്തികൾ വിന്യസിക്കപ്പെ ട്ടു. അഹ്മദിയ്യാ ജമാഅത്തിനെതിരായ കിരാത നിയമത്തിന്റെ ഉപജ്ഞാതാ വായ അഭിനവ ഫിർഔൻ സിയാവുൽ ഹഖിന്നെതിരെ ഊരിയ വാളുമായി മല ക്കുകൾ ആകാശത്ത് അണിനിരന്നു. ഒരു പൊട്ടിത്തെറിയാൽ സിയാ എന്ന ദുർഭൂതവും അയാളുടെ 28 ൽ പരം പട്ടാള നായകന്മാരും ആകാശത്തിന്റെ ശൂന്യതയിൽ പൊട്ടിത്തെറിച്ചു കത്തി യെരിഞ്ഞു ധൂളികളായിപ്പറന്നു. അങ്ങനെ സർവ്വശക്തനായ അല്ലാഹു ശൂന്യാകാശത്തെ അർദ്ധ നിമിഷം കൊ ണ്ട് ഒരു നരകക്കുഴിയാക്കി മാറ്റി. കനക സിംഹാസനങ്ങളിൽ അധികാരത്തിന്റെ അങ്കിയണിഞ്ഞു ഫിർഔൻ ചമഞ്ഞി രുന്ന ദുർഭഗൻ കരിക്കട്ടകളായി മാറി. ഈ മഹാവിപത്തിന്റെ കാരണമറി യാതെ ലോകം ഇന്നും അമ്പരക്കുക യാണ്.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമന്റെ ഹിജ്റത്തിനും സിയാഹുൽ ഹഖിന്റെ ശപ്തമരണത്തിനും ശേഷം അഹ്മദിയ്യാ ജമാഅത്തിനു അതുവരെ ഉണ്ടായിരുന്ന പുരോഗതിയുടെയും വിജയത്തിന്റെയും എത്രയോ മടങ്ങ് അധികരിച്ചുള്ള പുരോഗതിയും അഭിവൃ ദ്ധിയുമുണ്ടായത്.

അതിന്റെ ചെറിയൊരു വിവരണം ഇവിടെ തരുന്നു.

**ബൈഅത്തുകൾ:** 1993 മുതൽ 2003 വരെയുള്ള പതിനൊന്നു വർഷങ്ങളി ലായി ആഗോളതലത്തിൽ 16 കോടി 57 ലക്ഷത്തി 68,008 പേർ ബൈഅത്തു ചെയ്തു ഹ: മഹ്ദീ മസീഹിന്റെ ജമാ അത്തിൽ ചേരുകയുണ്ടായി.

### 175 രാഷ്ട്രങ്ങളിൽ അഹ്മദിയ്യത്ത്

1984 ൽ നടന്ന ഹിജ്റത്ത് വരെ ലോ കത്ത് 91 രാഷ്ട്രങ്ങളിൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായിരുന്നു. എന്നാൽ ഹിജ്റത്തിനുശേഷം 84 പുതിയ രാഷ്ട്രങ്ങളിൽ കൂടി അഹ്മദിയ്യാ ജമാഅത്ത് രൂപീകൃത മായി. അതിന്റെ എണ്ണം 175 ആയി വർദ്ധിച്ചു.

### അഹ്മദിയ്യാ മസ്ജിദുകൾ

1984 വരെ ഇന്ത്യയിലും പാക്കിസ്ഥാ നിലും കൂടാതെ ലോകത്ത് 32 അഹ്മ ദിയ്യാ മസ്ജിദുകളാണുണ്ടായിരുന്നത്. എന്നാൽ ഹിജ്റത്തിനുശേഷം 19 വർഷ ക്കാലത്തിന്നകം ലോകത്ത് 11, 367 പുതിയ മസ്ജിദുകൾ അഹ്മദിയ്യാ ജമാ അത്തിനുണ്ടായി. അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹ കടാക്ഷത്താൽ 11065 മസ്ജിദുകൾ അവയുടെ ഇമാമുകളും മുഖിതദീങ്ങളുമടക്കം അഹ്മദിയ്യാ ജമാ അത്തിനു ലഭിച്ചതാണ്. 1698 മസ്ജിദു കൾ ജമാഅത്തിനു സ്വയം നിർമ്മിക്കു വാനുള്ള ഭാഗ്യം ലഭിച്ചു.

### പുതിയ ജമാഅത്തുകൾ

ഹിജ്റത്തിനുശേഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി 35, 358 പുതിയ ജമാഅത്തുകൾ സ്ഥാപിച്ചു.

### യൂറോപ്യൻ നാടുകളിൽ പ്രചാരണ കേന്ദ്രങ്ങൾ

ഹുസൂർ തിരുമനസ്സിന്റെ പ്രവാസ കാലഘട്ടത്തിൽ താഴെപ്പറയുന്ന 10 രാജ്യങ്ങളിൽ വിശാലവും വിപുല വുമായ പ്രചാരണ കേന്ദ്രങ്ങൾ സ്ഥാപി തമായി. ഫ്രാൻസ്, പോർത്തുഗൽ, ഐർലാന്റ്, ബെൽജിയം, പോളണ്ട് - തുർക്കി, അൽബാനിയ, ബൾഗാരിയ, കോസാവു, ബോസ്നിയാ എന്നിവയാ ണവ.

1984 വരെ യൂറോപ്പിലെ എട്ടു രാജ്യ ങ്ങളിൽ 16 പ്രചാരണ കേന്ദ്രങ്ങൾ മാത്ര മാണുണ്ടായിരുന്നത്. ഇപ്പോൾ 18 യൂറോപ്യൻ നാടുകളിൽ 148 പ്രചാരണ കേന്ദ്രങ്ങൾ സംസ്ഥാപിതമായി.

### അമേരിക്കയിലെ പ്രചാരണ കേന്ദ്രങ്ങൾ

1984 വരെ അമേരിക്കയിലെ വിവിധ നാടുകളിൽ 6 പ്രചാരണ കേന്ദ്രങ്ങൾ ആണുണ്ടായിരുന്നത്. ഹിജ്റത്തിനു ശേഷം അത് 10 എണ്ണമായി വർദ്ധിച്ചു. കാനഡയിലെ ടൊറണ്ടോയിൽ 11 ഓഫീസുകളും 2 വൻഹാളുകളും മുബ ല്ലിഗ് ക്വാർട്ടേഴ്സുകളുമടങ്ങിയ വലി യൊരു മൂന്നുനില കെട്ടിടം ജമാഅ ത്തിനു സ്വന്തമായിട്ടുണ്ട്. കൂടാതെ ഈയടുത്തു തന്നെ 25 ഏക്കർ നിലം വാങ്ങി 40 ലക്ഷം ഡോളർ കൊണ്ടു വലിയൊരു മസ്ജിദു നിർമ്മിക്കപ്പെട്ടുവ രികയാണ്.

1999 ൽ കാനഡയിൽ 16 ഏക്കർ നിലം വാങ്ങി. അവിടെ ഭീമാകാരമായ കെട്ടിടം 28,000 ചതുരശ്ര മീറ്ററിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. 218 വാഹന ങ്ങൾക്കു പാർക്കിംഗ് ഏരിയയുള്ള മസ്ജിദിൽ 1200 പേർക്ക് ഒരേ സമയത്ത് നമസ്കരിക്കുന്നതിനുള്ള സൗകര്യമു ണ്ട്. 40 ഓഫീസുകളുള്ള ഈ കെട്ടിടം എയർ കണ്ടിഷൻഡ് ആണ്. ഈ വമ്പി ച്ച കെട്ടിടം 19 ലക്ഷത്തി 95 ആയിരം ഡോളറിന്നാണ് വാങ്ങിയിരുന്നത്. കനഡ ജമാഅത്ത് മൂഖേന മൂന്നുമാസ ങ്ങളിലാണ് ഈ 20 ലക്ഷം ഡോളർ സംഭാവനയായി ശേഖരിച്ചതെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. യു. എസ്. എ. യിലും കനഡയിലും കൂടാതെ ബ്രസീലിലും ഗ്വാട്ടിമാല യിലും ജമാഅത്തിന്റെ പ്രചാരണ കേന്ദ്രങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഗ്വാട്ടിമാലയിൽ പ്രചാരണ കേന്ദ്രം

കൂടാതെ മനോഹരമായ മസ്ജിദും എല്ലാ സൗകര്യങ്ങളുമുള്ള ക്ലിനിക്കും സ്ഥാപിതമായിട്ടുണ്ട്.

ക്രിസ്തീയ കേന്ദ്രമായ ലണ്ടൻ നഗരത്തിന്റെ ദക്ഷിണ ഭാഗത്ത് ഈ കഴിഞ്ഞ മാസം (ഒക്ടോബർ മൂന്നാം തീയതി) ബൈത്തുൽ ഫുത്ത്ഹ് എന്ന പേരിൽ ഒരു മനോഹരവും ഭീമാകാരവുമായ മസ്ജിദ് ഉദ്ഘാടനം ചെയ്യപ്പെട്ടു. 5 ഏക്കർ 20 സെന്റ് ഭൂമിയിൽ ഏകദേശം 100 കോടി ഉറുപ്പിക ചെല വു ചെയ്ത് പതിനായിരത്തിൽപ്പരം പേർക്ക് നമസ്കരിക്കുവാനുള്ള എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള ഈ മസ്ജിദ് അഹ്മദിയ്യാ ജമാഅത്തിനു ലഭിച്ച വിജയത്തിന്റെ ഒരു ദീപസ്തംഭമായി വിലസുകയാണ്. 1984 ലെ ഹിജ്റത്തിനു ശേഷം ലണ്ടന്നടുത്ത് ടിൽ ഫോർഡ് എന്ന സ്ഥലത്ത് ജമാഅത്ത് 37 ഏക്കർ നിലം വാങ്ങുകയും അതിനു ഇസ്ലാമാബാദ് എന്നു നാമകരണം ചെയ്യുകയും അവിടെ ജമാഅത്തിന്റെ സുശക്തമായ പ്രചാരണ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രമാക്കുകയും ചെയ് തുവെന്ന കാര്യം പ്രസ്താവ്യമാണ്.

### ആഫ്രിക്കൻ നാടുകളിലെ പ്രവർത്തനങ്ങൾ

1984 വരെ ആഫ്രിക്കയിലെ 14 നാടുകളിൽ 68 പ്രചാരണ കേന്ദ്രങ്ങളുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ ആഫ്രിക്കയി ലെ 25 നാടുകളിൽ 656 പ്രചാരണ കേ ന്ദ്രങ്ങളാണ് സജീവമായി പ്രവർത്തിച്ചുവരുന്നത്.

ചുരുക്കത്തിൽ ഇപ്പോൾ ഇന്ത്യയും പാക്കിസ്ഥാനും കൂടാതെ ലോകത്തുള്ള 85 നാടുകളിൽ 958 പ്രചാരണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇന്ത്യയിലും പാക്കിസ്ഥാനിലും പ്രവർത്തിച്ചു വരുന്ന ശതക്കണക്കിലുള്ള മിഷ്യൻ സെന്ററുകൾ ഇവയെ ക്കൂടാതെയാണ്.

ആഫ്രിക്കൻ നാടുകളിൽ 1984 വരെ ഘാനാ, നൈജീരിയ, സിറാലിയോൺ, ഗേമ്പിയ, ലൈബീരിയ, ഐവറികോസ്റ്റ്, യുഗണ്ട എന്നീ നാടുകളിൽ 24 വൻ ആശുപത്രികൾ പ്രവർത്തിച്ചുന്നിരുന്നു. ഇപ്പോൾ ബൊക്കിനോഫാസോ, ബെനിൻകോങ്കോ, കെനിയാ, താൻസാനിയാ എന്നിവിടങ്ങളിൽ പുതുതായി നിർമ്മിക്കപ്പെട്ട ആശുപത്രികളടക്കം 12 നാടുകളിൽ 36 ആശുപത്രികൾ വിജയകരമായി പ്രവർത്തിച്ചുവരുന്നു.

1984 വരെ ആഫ്രിക്കയിലെ വിവിധ നാടുകളിൽ മുപ്പത്തിയൊന്നു ഹയർ സെക്കന്ററി സ്കൂളുകളും ധാരാളം പ്രൈമറി നർസറി സ്കൂളുകളും പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ എട്ടു നാടുകളിൽ 373 വിദ്യാഭ്യാസ കേന്ദ്രങ്ങൾ സജീവമായി പ്രവർത്തിച്ചുവരുന്നു.

ഇന്ത്യയിലും പാക്കിസ്ഥാനിലും നടന്നുവരുന്ന പ്രചാരണ, വിദ്യാഭ്യാസ ശിക്ഷണ പ്രവർത്തനങ്ങളും അവയുടെ വിവിധ ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങളും ഇതിന്നൊക്കെപ്പുറമെയാണ്.

ഇന്ന് ആഗോളാടിസ്ഥാനിത്തിൽ അഹ്മദിയ്യാ ജമാഅത്തിന്നുണ്ടായിക്കൊണ്ടിരിക്കുന്ന അഭിവൃദ്ധിയുടെയും പുരോഗതിയുടെയും ചെറിയൊരു ദൃശ്യം മാത്രമാണിവിടെ ചിത്രീകരിച്ചിരിക്കുന്നത്.

അഹ്മദിയ്യാ പ്രസ്ഥാനം ഒരു സത്യപ്രസ്ഥാനമാണെന്നും അതിന്റെ സ്ഥാപകരായ ഹസ്റത്ത് മഹ്ദി മസീഹ് (അ) ഒരു സത്യവാദിയാണെന്നുമുള്ളതിന് ഇതിനേക്കാൾ വലിയ ദൃഷ്ടാന്തം മറ്റെന്താണ്? വാഗ്ദത്ത മസീഹിന്നും അദ്ദേഹത്തിന്റെ ജമാഅത്തിന്നുമെതിരായി പ്രവർത്തിച്ചിരുന്നവരെല്ലാം ദൈവശിക്ഷക്ക് പാത്രീഭൂതരായി മൺമറഞ്ഞു. ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ആഗോളതലത്തിൽ ഒരു ദീപസ്തംഭം കണക്കെ ആത്മീയ പ്രകാശം പ്രസരിപ്പിച്ചുകൊണ്ടിരിക്കുന്നു.

ഹസ്റത്ത് അഹ്മദി (അ) ന് അല്ലാഹു ഒരു സുവിശേഷം നൽകിയിരിക്കുന്നു.

"ദുനിയാമെ ഇക് നദീർ ആയാ - പർ ദുൻയാനെ ഉസെ ഖബൂൽ നഹികിയാ. ലേകിൻ ഖുദാ ഉസേ ഖബൂൽ കറേഗാ ഔർ ബഡേ സോർ ആവർ ഹംലോൻ സെ ഉസ്കി സച്ചായി സാഹിർ കരേഗാ"

ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കും. വളരെ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത്തെ സ്ഥാപിച്ചു കാണിക്കുകയും ചെയ്യും."

അദ്ദേഹം അരുൾ ചെയ്യുന്നു:

"ഞാൻ ചെറിയൊരു ബീജം പോലെ നടപ്പെട്ടു. അതിനുശേഷം ആയിരക്കണക്കിലുള്ള പാദങ്ങൾക്ക് കീഴെ ചവിട്ടിമെതിക്കപ്പെട്ടു. കൊടുങ്കാറ്റുകൾ വീശി. എന്റെ ഈ ചെറിയ ബീജത്തിനുമുകളിൽ ഒരു വെള്ളപ്പൊക്കം പോലെ എതിർപ്പുകൾ വന്നുകൊണ്ടിരുന്നു. എന്നിട്ടും ഈ വിഷമങ്ങളിൽ നിന്നും ഞാൻ രക്ഷപ്പെടുമെന്ന് ആർക്കാണറിവുണ്ടായിരുന്നത്? ആ വിത്ത് ദൈവാനുഗ്രഹത്താൽ നശിച്ചില്ല. മറിച്ചു വളർന്നു പന്തലിച്ചു പുഷ്പിച്ചു. ഇന്ന് അത് ഒരു വൻ വൃക്ഷമായിത്തീർന്നിരിക്കുന്നു. അതിന്റെ ശീതളച്ഛായയിൽ മൂന്നു ലക്ഷം പേർ (ഇന്ന് പതിനാറു കോടിയിലധികം) വിശ്രമിക്കുകയാണ്. ഈ ദൈവിക പ്രവർത്തനത്തെ മനസ്സിലാക്കുവാൻ മനുഷ്യ ശക്തികൾക്കു സാധ്യമല്ല. അല്ലയോ ജനങ്ങളേ! ദൈവത്തിന്റെ മുമ്പാകെ അല്പമെങ്കിലും ലജ്ജ കാണിക്കുക. ഏതെങ്കിലും ഒരു വ്യാജവാദിയുടെ ചരിത്രം നിങ്ങൾക്കു ഉദാഹരണമായി ക്കാണിച്ചു തരുവാൻ സാധിക്കുമോ?"

**(റൂഹാനി ഖസായിൽ)**

## മനസ്സിന്റെ പിശുക്ക്

യാതൊരുവൻ അവന്റെ മനസ്സിന്റെ പിശുക്കിൽ നിന്നു കാത്തു രക്ഷിക്കപ്പെടുന്നുവോ അങ്ങനെയുള്ളവർ തന്നെയാണ് വിജയികൾ. അല്ലാഹുവിന് നിങ്ങൾ നല്ലതായ കടം കൊടുക്കുന്നപക്ഷം അവൻ നിങ്ങൾക്ക് അതു ഇരട്ടിയായി തരുകയും ചെയ്യും. അല്ലാഹു വളരെ നന്ദിയുള്ളവനും സഹനശീലനമാകുന്നു. (64:17-18)

# സ്വർഗ്ഗനരകങ്ങൾ ഇസ്‌ലാമിന്റെ വീക്ഷണത്തിൽ - 2

ഏ. പി. കുഞ്ഞാമു

## ഇഹലോകത്തിലെ പ്രതീകങ്ങളുപയോഗിച്ചുള്ള പരലോകവർണ്ണന തത്വസാരഗ്രഹണത്തിനു വേണ്ടി മാത്രമാണ്.

മരണാനന്തരം ആത്മാവ് ബർസക്ക് (അന്തരാളഘട്ടം) തരണം ചെയ്യേണ്ടിയിരിക്കുന്നു. അതിനു ശേഷമുള്ള ഘട്ടമാണ് പുനരുത്ഥാനം. പുനരുത്ഥാനത്തിനു മുമ്പുള്ള ബർസഖ് ഘട്ടം ദൈർഘ്യമുള്ള കാലഘട്ടമാണ്. ഇവിടെ നിന്നും ഒരു പുതുജീവൻ ആത്മാവിൽ നിന്നു തന്നെ ഉരുത്തിരിഞ്ഞുവരുകയും ആത്മാവ് ശരീരമായി വർത്തിക്കുകയും ചെയ്യുന്നു. നമ്മുടെ ജഡിക ശരീരത്തിലുള്ളത് പോലുള്ള സംവേദനേന്ദ്രിയങ്ങൾ മുഖേന ഈ ഘട്ടത്തിൽ ആത്മാവിനു യഥാർത്ഥ സ്വർഗ്ഗീയ ജീവിതവും നാരകീയ ജീവിതവും ആസ്വദിക്കാൻ സാധിക്കുന്നു. മൺശരീരം ഉപേക്ഷിച്ച ആത്മാവിന് ഈ ഓരോ ഘട്ടത്തിലും ആസ്വാദന ശക്തി കൂടുതൽ ഉണ്ടായിത്തീരുന്നു. അതേപോലെ ശിക്ഷയുടെ കാഠിന്യവും ഐഹിക ലോകത്തേക്കാൾ ശക്തിയായിത്തീരുന്നു. ആത്മീയലോകവും വളരെ ലോലവും സൂക്ഷ്മവുമാണ്. അതുകൊണ്ടു ലൗകിക ദൃഷ്ടികൊണ്ടു നമുക്ക് ആത്മീയനുഗ്രഹങ്ങളെ അളന്ന് തിട്ടപ്പെടുത്താൻ പറ്റില്ല. ബർസഖ് ഘട്ടത്തിൽ തന്നെ സുകൃതം ചെയ്ത മനുഷ്യാത്മാവിന് സ്വർഗ്ഗീയ സുഖങ്ങൾ ലഭിക്കുകയും പാപം ചെയ്ത മനുഷ്യാത്മാവിനു നരക ശിക്ഷ അനുഭവിക്കേണ്ടതായും വരുന്നു. വിശുദ്ധഖുർആനിൽ സുകൃതർക്കും ദുഷ്കൃതർക്കും പ്രതിഫലം നല്കപ്പെടുന്നതിനു രണ്ടുസ്ഥാനങ്ങൾ ഉള്ളതായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. അതിൽ ബർസഖിലെ ശിക്ഷാരക്ഷകൾ പുനരുത്ഥാനഘട്ടത്തിലെയത്ര ഗോചരമായിരിക്കയില്ല. മരണശേഷം ഉടൻ തന്നെ മനുഷ്യാത്മാവ് അതിന്റെ കർമ്മഫലം അനുഭവിക്കപ്പെടുമെന്ന് വിശുദ്ധ ഖുർആനിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.

"നീ സ്വർഗ്ഗത്തിൽ പ്രവേശിക്കുക. എന്നവനോടു കൽപനയായി (36:37)

"അയാൾ മറ്റവനെ നരകത്തിന്റെ നടുവിൽ കാണുകയുണ്ടായി" (37:56) അതായത് സ്വർഗ്ഗസ്ഥനായ ആൾക്ക് നരകസ്ഥനായ ഒരു സ്നേഹിതനുണ്ടായിരുന്നു. മരണശേഷം സ്വർഗ്ഗസ്ഥനായവനു സ്നേഹിതനെ കാണാൻ മോഹമായി. അപ്പോൾ അദ്ദേഹം സ്നേഹിതനെ നരകത്തിന്റെ നടുവിൽ കാണുകയുണ്ടായി. ഇതിൽ നിന്നും മരണശേഷം ഉടനെ തന്നെ ശിക്ഷാ രക്ഷയുണ്ടാകുന്നുവെന്ന് മനസ്സിലാക്കാം. മറ്റൊരു തത്വം ഐഹിക ജീവിതത്തിൽ ആത്മീയമായി സിദ്ധിക്കുന്ന അവസ്ഥകളെല്ലാം പരലോകത്തിൽ ബർസഖിലായാലും പുനരുത്ഥാന ഘട്ടത്തിലായാലും പ്രത്യക്ഷരൂപത്തിൽ ഗോചരീഭവിക്കുമെന്നുള്ളതാണ്. മനുഷ്യന്റെ എല്ലാ ചെയ്തികളും അല്ലാഹു അവന്റെ കണ്ഠത്തോടു ബന്ധിപ്പിച്ചിരിക്കുന്നു. ഈ ഒരു സംവിധാനത്തെക്കുറിച്ചു 1400 വർഷങ്ങൾക്കുമുമ്പ് മനസ്സിലാക്കാൻ പ്രയാസമായിരിക്കാം. എന്നാൽ വിവരങ്ങൾ ഡിസ്ക്കുകളിൽ ഒതുക്കി ഗുപ്തമാക്കി (Compact) വെക്കുന്ന ഡിജിറ്റൽ യുഗത്തിന്റെ ഈ കാലഘട്ടത്തിൽ ഖുർആന്റെ ഇത്തരം പ്രസ്താവങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാൻ സാദ്ധ്യമാകുന്നു. അല്ലാഹു പറയുന്നു. "നാം ഈ ലോകത്ത് എല്ലാ മനുഷ്യന്റെയും കർമ്മഫലങ്ങളെ അവന്റെ കണ്ഠത്തോട് ബന്ധിപ്പിക്കുകയും ഗോപ്യമായിരിക്കുന്ന ഈ ഫലങ്ങളെ പുനരുത്ഥാന നാളിൽ തുറന്ന ഗ്രന്ഥരൂപത്തിൽ വെളിപ്പെടുത്തുമാറാക്കുകയും ചെയ്യും." (17:14).ഒരു മനഷ്യൻ ഈ ലോകത്ത് വെച്ചു ചെയ്യുന്ന കർമ്മങ്ങൾ അത് പാപമോ പുണ്യമോ എന്തായാലും അതിന്റെ ആത്മീയമായ പരിണത ഫലം മരണാനന്തരം ഉടൻ തന്നെ അവന് ലഭിച്ചു തുടങ്ങുന്നു. വിശുദ്ധഖുർആൻ പറയുന്നു. "ഏതൊരുത്തൻ ഇഹത്തിൽ അന്ധനായിരിക്കുന്നുവോ അവൻ പരത്തിലും അന്ധനായിരിക്കുന്നതാണ്." (17:73). ഈ ഖുർആൻ വാക്യത്തെ ബാഹ്യമായി എടുത്താൽ ഇവിടെ അന്ധനായ ആൾ പരലോകത്തും അന്ധനാണെന്ന് പറയേണ്ടിവരും. (നഊദുബില്ലാഹ്) അതു ദൈവദൂഷണമായിരിക്കും. ഈ ആയത്ത് നമുക്കു മനസ്സിലാക്കിത്തരുന്നതു ബാഹ്യമായ കണ്ണു കൂടാതെ ആത്മീയമായ കണ്ണു കൂടി നമുക്കുണ്ടന്നാണ്. അതിനെ അന്ധതയിൽ നിന്നും സംരക്ഷിക്കാൻ സാധിക്കണം. വിശുദ്ധഖുർആൻ പല സ്ഥലങ്ങളിലും അന്ധതക്കുള്ള കാരണങ്ങൾ നമുക്ക് വിവരിച്ചു തരുന്നുണ്ട്. ഉദാഹരണത്തിന് ഒരു വചനം ഇവിടെ ചേർക്കാം. ''ഏതൊരാൾ എന്റെ ഉത്ബോധനത്തിൽ നിന്ന് മുഖം തിരിച്ചുകളയു

ന്നുവോ തീർച്ചയായും അവന് ഇടുങ്ങിയ ജീവിതമാണുണ്ടാവുക. നാം അവനെ പുനരുത്ഥാന നാളിൽ അന്ധനായി എഴുന്നേല്പ്പിക്കുന്നതാണ്. അവൻ പറയും: എന്റെ നാഥാ, എന്തിനാണ് നീ എന്നെ അന്ധനായി എഴുന്നേല്പ്പിച്ചത്? ഞാൻ നല്ല കാഴ്ച ഉള്ളവനായിരുന്നല്ലോ' (20:125, 26). മറ്റു പല ന്യൂനതകൾ കൊ ണ്ടും അന്ധനായും ബധിരനായു മൊക്കെ പാരത്രിക ജീവിതത്തിൽ എഴുന്നേൽപ്പിക്കപ്പെടും. അല്ലാഹു അയക്കുന്ന പ്രവാചകന്മാരെ നിഷേധിച്ചവരെ അന്ധരും ബധിരരുമായി അല്ലാ ഹു എഴുന്നേൽപ്പിക്കുമെന്നാണ് മനസ്സിലാവുന്നത്. അതുകൊണ്ടു അല്ലാഹു അനുഗ്രഹിച്ചു നൽകിയ എല്ലാ അവയവങ്ങളും ധനവും കഴിവും ഈ ലോകത്തു വെച്ചു അല്ലാഹുവിനു തിരിച്ചു നൽകിയാൽ അ വൻ രക്ഷിക്കപ്പെടും. വിശുദ്ധഖുർആനിൽ അല്ലാഹു പറഞ്ഞു. " വിശ്വസിച്ചവരിൽ നിന്ന് അവന്റെ ജീവനും ധനവും അല്ലാഹുവിലയ്ക്കു വാങ്ങിയിരിക്കുന്നു, പകരം സ്വർഗ്ഗം നൽകാമെന്ന ഉറപ്പിൽ.

ഈ മനുഷ്യൻ എല്ലാം നഷ്ടപ്പെട്ടവനായി ഈ ലോകത്ത് കഴിയേണ്ടിവരുമെന്ന് ഇതിനർത്ഥമാക്കേണ്ടതില്ല. അല്ലാഹുവിന്റെ ഹിതമനുസരിച്ചു മുഹമ്മദ് മുസ്തഫ (സ:അ) കാണിച്ചുതന്ന പാതയിൽ കൂടി ചരിക്കുക എന്നാണ് അതിനർത്ഥം. അവനു ഇരുലോകത്തും നന്മയുണ്ടാകും. പാരത്രിക ജീവിതത്തിൽ നമുക്ക് ലഭ്യമാകുന്ന ശിക്ഷാരക്ഷകളെക്കുറിച്ചു അല്ലാഹു പറഞ്ഞിരുന്നത് ഐഹിക ജീവിതത്തിലെ വിഭവങ്ങളെപ്പറ്റിയും ശിക്ഷയെപ്പറ്റിയുമുള്ള ഉദാഹരണങ്ങളിലാണ്. അതുകൊണ്ടു തന്നെ പരലോകത്തെ ശിക്ഷാരക്ഷ അനുഭവിക്കുന്നത് ഈ ജഢിക ശരീരമാണെന്നു തെറ്റിദ്ധരിക്കാതിരിക്കാൻ കാരണമായി. ഈ പ്രപഞ്ചത്തിലുള്ള പഴങ്ങൾ, പാനീയങ്ങൾ, ഭക്ഷണം എന്നു വേണ്ട എന്തൊക്കെ ആവശ്യങ്ങളുണ്ടോ അതൊക്കെ അവിടെ ലഭിക്കുമെന്ന് പറഞ്ഞതു കൊണ്ട് നമ്മുടെ ആസ്വാദന ങ്ങളും ശിക്ഷകളും ഭൗതിക ജീവിതത്തിലുള്ള ആസ്വാദ്യഭോജ്യങ്ങളാണെന്ന് തെറ്റിദ്ധരിച്ചു. എന്നാൽ അല്ലാഹു നമ്മെ അതിലുപരിയായ ഒരു ലോകത്തേക്കാണ് കൊണ്ടുപോകുന്നത്. അലൗകികവും സൂക്ഷ്മവുമായ ആ സർവ്വശക്തന്റെ സമീപത്ത് ഈ മൺ ശരീരം കൊണ്ട് എത്തിച്ചേരാൻ സാദ്ധ്യമല്ല. പിന്നെ പരലോകത്ത് അല്ലാഹു നമുക്ക് തരുന്ന പാരിതോഷികങ്ങൾ എങ്ങനെ നമുക്ക് പറഞ്ഞു മനസ്സിലാക്കിത്തരും? സ്വർഗ്ഗത്തിൽ രസകരമായ ഒരു ടും ടും ഉണ്ടെന്ന് പറഞ്ഞാൽ മനസ്സിലാകുമോ? അതുകൊണ്ടു നമുക്കു പരിചയമുള്ള ചില പദാർത്ഥങ്ങളെ ഉപമിച്ചു പറയുകയാണ് ചെയ്തത്. വാസ്തവത്തിൽ പരലോകത്തുള്ള ആസ്വാദ്യവസ്തുക്കളുടെ പൂർണാർത്ഥത്തിലുള്ള യാഥാർത്ഥ്യം ഒരാത്മാവും അറിഞ്ഞിട്ടില്ല എന്നത് ഖുർആന്റെ പാഠമാണ്. "ഒരാത്മാവും അവരുടെ സൽക്കർമ്മങ്ങൾക്കു പ്രതിഫലമായി മറച്ചുവെച്ചിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചു അറിയുന്നില്ല. (32:18)." ഇതിന്റെ വിശേഷണമെന്നോണം റസൂൽ തിരുമേനി (സ:അ) പറഞ്ഞു. " പരലോക ജീവിതത്തിലെ രക്ഷാശിക്ഷകളെപ്പറ്റി ഒരു കണ്ണും കണ്ടിട്ടില്ല. ഒരു കാതും കേട്ടിട്ടില്ല. ഒരു ഹൃദയവും അറിഞ്ഞിട്ടില്ല." അപ്പോൾ യാഥാർത്ഥ്യമിതായിരിക്കെ, മറ്റു വിശേഷങ്ങളെല്ലാം തന്നെ ആലങ്കാരികമായി നമുക്ക് മനസ്സിലാക്കാൻ പറഞ്ഞു തന്നതാണെന്ന് കരുതുക. ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഖലീഫാ നാലാമൻ തിരുമനസ്സുപറഞ്ഞ ഒരു ഉദാഹരണം ഇവിടെ കുറിക്കുന്നതു നന്നായിരിക്കുമെന്നു കരുതുന്നു.

വിശുദ്ധഖുർആനിൽ സ്വർഗ്ഗസ്ഥർക്ക് ലഭിക്കുന്ന പാരിതോഷികങ്ങളെക്കുറിച്ചും നരകവാസികൾക്കുള്ള ശിക്ഷയെപ്പറ്റിയും പല സ്ഥലങ്ങളിൽ വിവിധ രൂപത്തിൽ അല്ലാഹു നമുക്കു പറഞ്ഞു തരുന്നുണ്ട്. ഇതൊക്കെ പ്രപഞ്ചത്തിലെ വസ്തുക്കളെ താരതമ്യപ്പെടുത്തിയാണ്. പക്ഷേ, മൊത്തത്തിൽ ഒരു കണ്ണും, ഒരു കാതും, ഒരു ഹൃദയവും അതേപ്പറ്റി അറിയില്ല എന്നു പറഞ്ഞതുകൊണ്ടു അതിന്റെ സത്യാവസ്ഥ റസൂൽ തിരുമേനി (സ.അ) നമുക്ക് മനസ്സിലാക്കിത്തന്നു. എന്നാൽ തിരുമേനി (സ.അ) പറഞ്ഞു തന്ന തത്ത്വം തിരുമേനി (സ.അ) യുടെ ഒരു ഹദീസിന്റെ വെളിച്ചത്തിൽ ഖലീഫ നാലാമൻ (റഹ്) നമുക്കു ദജ്ജാലിന്റെ കഴുതയുടെ ഉപമയിൽ നിന്നാണ് മനസ്സിലാക്കിത്തരുന്നത്. "ദജ്ജാൽ ഒരു വെള്ളക്കഴുതയോടുകൂടെ പുറപ്പെടും അതിന്റെ ചെവികൾക്കിടയിലെ ദൂരം 30 വാരയായിരിക്കും. കാലുകൾക്കിടയിലെ ദൂരം ഒരു പകലിന്റെയും രാത്രിയുടേയും ദൂരമായിരിക്കും. അതു കടലിലും കരയിലും യാത്ര ചെയ്യും. തീ തിന്നും. അതിന്റെ മുൻഭാഗത്തും പിൻഭാഗത്തും മേഘംകണക്കെ ധൂമം വമിക്കും. കടലിലും കരയിലും സഞ്ചരിക്കും. അതിന്റെ വയറ്റിൽ ഇരുന്നു സവാരി ചെയ്യും. (കൻസുൽ ഉമ്മാൽ) ആ കാലത്തു അവർക്ക് ഇതിനെക്കുറിച്ചു സങ്കൽപ്പിക്കാനേ സാദ്ധ്യമല്ല. ഇന്നാണെങ്കിൽ വിമാനവും കപ്പലും, തീവണ്ടിയും മറ്റു മോട്ടോർ വാഹനങ്ങ ളും കണ്ടപ്പോൾ നമുക്ക് സംഗതി ശരി ക്കും മനസ്സിലായി. ആ കാലത്തുള്ളവർക്ക് അവർക്കു മനസ്സിലാവുന്ന രൂപത്തിൽ തിരുമേനി (സ.അ) മനസ്സിലാക്കിക്കൊടുത്തു. അതേപോലെ അല്ലാഹു പരലോകത്തെക്കുറിച്ചു നമുക്കു മനസ്സിലാവുന്ന പദാർത്ഥങ്ങളോടുപമിച്ചു നമുക്ക് പറഞ്ഞുതന്നതാണ്. അതേപോലെ സഹാബാക്കൾ മനസ്സിലാക്കിയ ദജ്ജാലിന്റെ കഴുതയേക്കാൾ എത്ര യോ സുഖദായകവും, മിന്നൽ പിണർ പോലുള്ള ഗമനവും എല്ലാം കൊണ്ടും വിചാരിച്ചതിലും കെങ്കേമമായതു പോലെ പാരത്രിക ലോകം നമ്മുടെയെല്ലാം ജഢിക സങ്കൽപ്പങ്ങളെ ഒന്നുമല്ലാതാക്കും.

*സ്വർഗ്ഗത്തിലും നരകത്തിലും പദവികൾ ഉണ്ടോ? അടുത്തലക്കത്തിൽ*

### നോമ്പ് ഒരു പരിച

നോമ്പ് ഒരു പരിചയാണ്. നിങ്ങളിലൊരാൾ നോമ്പുകാരനായാൽ അവൻ ശണ്ഠയും അസഭ്യവും ഒഴിവാക്കട്ടെ. ആരെങ്കിലും അവനു നേരെ കയർക്കുകയോ ശണ്ഠക്ക് വരികയോ ചെയ്താൽ താൻ നോമ്പുകാരനാണെന്ന് അവൻ പറയട്ടെ. (ബുഖാരി).

ലേഖനം

# ചന്ദ്രന്റെ ക്ഷോഭങ്ങളും ഇസ്‌ലാമിക കലണ്ടറും

ഡോ. എസ്. എം. അലാഡിൻ, മോഹൻ വല്ലഭ്

**സൂര്യന്റെ സ്വാധീനഫലമായി ചന്ദ്രന്റെ ഭ്രമണപഥത്തിലുണ്ടാകുന്ന ക്ഷോഭങ്ങൾ (Perturbation) കാരണം അതിന്റെ ഭ്രമണകാലത്തിൽ സൂക്ഷ്മമായ വ്യതിയാനങ്ങളുണ്ടാകുന്നു. വളരെ ദീർഘകാലത്തേക്കുള്ള ഇസ്‌ലാമിക കലണ്ടറുകളുടെ പ്രവചനീയതയുടെ പരിമിതികൾ ഇത് വ്യക്തമാക്കുന്നു.**

"അവനത്രെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിപ്പിക്കുന്നതുമാക്കുകയും വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിനു വേണ്ടി അതിന് (ചന്ദ്രന്) ഘട്ടങ്ങൾ നിർണ്ണയിക്കുകയും ചെയ്തിട്ടുള്ളവൻ. ന്യായമായ ആവശ്യാർത്ഥമല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്നവർക്കുവേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു. രാവും പകലും മാറി മാറി വരുന്നതിലും ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളിലും സൂക്ഷ്മത പാലിക്കുന്ന ജനങ്ങൾക്കു തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്." (1)

മുകളിൽ പ്രസ്താവിച്ച ഖുർആൻ വാക്യമനുസരിച്ച് ഗണിത ശാസ്ത്രത്തിന്റെ സവിശേഷമായ വികാസത്തിനു ചന്ദ്രനെക്കുറിച്ചുള്ള പഠനം വളരെ സഹായകരമായിട്ടുണ്ട്. ചന്ദ്രന്റെ ചലനം അത്യധികം സങ്കീർണ്ണമാണ്. സർ ഐസക്ക് ന്യൂട്ടൺ തന്റെ സുഹൃത്തായ ഹാലിയോട് ചന്ദ്രന്റെ ചലന നിയമങ്ങൾ തനിക്ക് തലവേദനയുണ്ടാക്കുകയും തന്റെ ഉറക്കം കെടുത്തുകയും ചെയ്തിട്ടുണ്ട് അത് കാരണം അതിനെക്കുറിച്ച് ഇനി ചിന്തിക്കേണ്ട എന്നു പോലും തോന്നിപ്പോയി എന്ന് പറയുകയുണ്ടായി. (2)

സൂര്യന്റെ പ്രഭാവം മൂലം ചന്ദ്രന്റെ ഭ്രമണ പഥത്തിൽ ക്ഷോഭങ്ങൾ (വ്യതിയാനങ്ങൾ) ഉണ്ടാക്കുവാൻ കഴിയുമാറ് ഭൂമിയും ചന്ദ്രനും അടുത്തു സ്ഥിതി ചെയ്യുന്നു. ചന്ദ്രൻ ഭൂമിയോടു വളരെ അടുത്തായത് കാരണം ചന്ദ്രന്റെ ഭ്രമണ സ്ഥാനം 2 കി. മീറ്റർ മാറ്റം വരുകയാണെങ്കിൽ സ്പേസിൽ ചന്ദ്രന്റെ ദൃശ്യ സ്ഥാനത്ത് (Apparent position) ഒരു സെക്കന്റിന്റെ മാറ്റം അനുഭവപ്പെടും. സൂര്യഗ്രഹണത്തിന്റെ തുടക്കം ഒരു സെക്കന്റിന്റെ കൃത്യതയോടെ പ്രവചിക്കണമെങ്കിൽ ആകാശത്ത് ചന്ദ്രന്റെ സ്ഥാനം 0.5″ കൃത്യതയോടെ അറിയേണ്ടതുണ്ട്.(3)

ചന്ദ്രൻ ഭൂമിയെ ഏകദേശം ദീർഘ വൃത്താകൃതിയിലാണ് ചുറ്റുന്നത്. ഇത് താഴെ വിവരിച്ച ആറു ഭ്രമണീയ ഘടകങ്ങളെ (Orbital Elements) ഉപയോഗിച്ച് വിശദീകരിക്കാവുന്നതാണ്.

1. ഭ്രമണ വൃത്തത്തിന് (Orbit) വലുപ്പം നിർണ്ണയിക്കുന്ന അർദ്ധ മുഖ്യാക്ഷം (Semi - Major Axis) =a

2. ഭ്രമണ വൃത്തത്തിന്റെ രൂപം നിർണ്ണയിക്കുന്ന ഉൽകേന്ദ്രത (Eccentricity) =e

3 & 4 ക്രാന്തി വൃത്തത്തിൽ (Ecliptic) ചന്ദ്രന്റെ ഭ്രമണ വൃത്തം നിർണ്ണയിക്കുന്ന (ഭൂമിയുടെ സൂര്യനു ചുറ്റുമുള്ള ഭ്രമണ പ്രതലം) ആനതിയും (Inclination) 'i' യും ആരോഹണ പാതത്തിന്റെ രേഖാംശവും (Ascending node)= Ω

5. ഉപഭൂ= (Perigee) ഭൂമിക്ക് ചുറ്റുമുള്ള ചന്ദ്രന്റെ പ്രദക്ഷിണ പാതയിൽ ഭൂമിയോട് ഏറ്റവും അടുത്ത് വരുന്ന ബിന്ദുവാണ് ഉപഭൂ) = W

6. ചന്ദ്രൻ ഉപഭൂവിലായിരിക്കുമ്പോഴത്തെ സമയം = T

സൂര്യന്റെ ഗുരുത്വാകർഷണം നിമിത്തം പ്രത്യക്ഷത്തിൽ അനുഭവപ്പെടുമാറ് ചന്ദ്രൻ ക്ഷോഭത്തിനു വിധേയമാവുകയും മേൽപറഞ്ഞ ഘടകങ്ങൾക്കു സമയത്തിനോടൊപ്പം മാറ്റം സംഭവിക്കുകയും ചെയ്യുന്നു. ഗ്രഹങ്ങളുടെ പരസ്പരാകർഷണം നിമിത്തവും ഭൂമിയുടേയും ചന്ദ്രന്റെയും ഗോളീയ സമമിതിയിൽ (Spherical Symmetry) നിന്നുള്ള വ്യതിയാനങ്ങളുടെ ഫലമായും ചെറിയ തോതിലുള്ള ക്ഷോഭങ്ങളും ചന്ദ്രനെ ബാധിക്കുന്നു. ന്യൂട്ടൺ, യൂലർ,

ലാപ്ലാസ്, പോയിസ്സൻ, ഹാൻസൻ, ഡിലോയ്നി, ഹിൽ, ബൗൺ മുതലായ അതിപ്രഗത്ഭരായ ഗണിതജ്ഞന്മാരാണ് ചന്ദ്രന്റെ ചലന നിയമം കാലഘട്ടങ്ങളിലൂടെ വികസിപ്പിച്ചെടുത്തത്. 1969 ജൂലായ് 20 ന് മനുഷ്യൻ ചന്ദ്രനിൽ കാലു കുത്തിയത് ഖഗോളീയ ബലതന്ത്രത്തിന്റെ (Celestial Machanics) ഏറ്റവും ഉന്നതമായ ഒരു നേട്ടമാണ്.

ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നിവയെ ഒരു ത്രിപിണ്ഡ വ്യവസ്ഥ (System of Three mass) യായി ഗണിക്കുകയാണെങ്കിൽ ചന്ദ്രന്റെ ചലന സമവാക്യം ഭൂമിക്ക് ആനുപാതികമായി ഇപ്രകാരമാണ്.

$$\frac{\ddot{\vec{r}}}{r} + \frac{G(E+m)\vec{r}}{r^3} = Gm\left(\frac{\vec{\Delta}}{\Delta^5} \quad \frac{\vec{Y}}{r^8}\right)$$

ചന്ദ്രന്റെ ധ്രുവാന്തരം (Radius Vector) Y ആണെങ്കിൽ സൂര്യന്റെ ധ്രുവാന്തരം $Y^1$ ആണ്.

$$\vec{\Delta} = \vec{Y} - \vec{Y1}, E, m, m^1$$

എന്നത് യഥാക്രമം ഭൂമി ചന്ദ്രൻ, സൂര്യൻ എന്നിവയുടെ ദ്രവ്യമാനമാണ്. G എന്നത് ഗുരുത്വാകർഷണ സ്ഥിരരാംങ്ക (Gravitational Constant)മാണ് രണ്ടാമത്തെ ഗണിത രാശി (Term) യിൽ ഭൂമിയുടെ ആകർഷണ ഫലമായി ചന്ദ്രനിൽ പ്രയോഗിക്കപ്പെടുന്ന മുഖ്യബലം (Principal force) വലത് ഭാഗത്തുള്ള രാശിയിൽ ചന്ദ്രനിൽ സൂര്യൻ പ്രയോഗിക്കുന്ന വേലാബല (Tidal force) വുമാണ്. വലത് ഭാഗം വിക്ഷുബ്ധ ഫലനത്തിന്റെ (Disturbing function) ചരിവുമാറ്റം (Gradient) മാനമായി കണക്കാക്കാം. അപ്പോൾ R എന്നത്.

$$R = Gm\left(\frac{\vec{1}}{\Delta} \quad \frac{\vec{r}.\vec{r}^1}{r^8}\right)$$

$\frac{r}{r^1} \alpha \frac{1}{400}$ നമുക്ക് R ന്റെ വിശദീകരണം $\frac{r}{r^1}$ ൽ ലഭിക്കുന്നു. സമയ തോതനുസരിച്ച് ഭ്രമണീയ ഘടകങ്ങളിലുള്ള മാറ്റങ്ങൾ നമുക്ക് ലാഗ്രജിന്റെ ഗോളീയ സമവാക്യങ്ങളു(Lagrage's Planetary Equation) പയോഗിച്ചു കണക്കാക്കാവുന്നതാണ്. (2)

ചന്ദ്രന്റെ ഭ്രമണ വൃത്തത്തിലുള്ള സൂര്യന്റെ സ്വാധീനത്തെപറ്റിയുള്ള ഒരു പഠനം വ്യക്തമാക്കുന്നത് a,e,i എന്നീ ഘടകങ്ങൾ ആവർത്തിത മാറ്റങ്ങൾക്ക് വിധേയമാവുന്നത് Ω, W, T എന്ന ഘടകങ്ങൾ ആവർത്തിതവും (Periodic) ദീർഘകാലാടിസ്ഥാനത്തിലുമുള്ളതുമായ മാറ്റത്തിന് (Secular Change) വിധേയമാവുമ്പോഴാണ് എന്നാണ്.

a, e, i ഇവയുടെ മധ്യമൂല്യം (Mean Value)

a = 384400 km, e = 0.05490

$i = 5^{\circ}09'$

18.60 വർഷം കൊണ്ട് പാത (node) Ω പിറകോട്ട് ക്രാന്തി വൃത്തത്തിലേക്ക് മടങ്ങി ഒരു പരിക്രമണം പൂർത്തായിക്കുന്നു. 8.85 വർഷം എടുത്തുകൊണ്ട് ഉപഭൂ (Perigree 'w') മുമ്പേതന്നെ ഒരു പരിക്രമണം പൂർത്തിയാക്കുന്നു. പാതകൾ അഥവാ നോഡുകൾ തമ്മിലുള്ള ശരാശരി മൂല്യ വ്യത്യാസം $\neq 1^{\circ}40'$

ഉപഭൂ (Perigree) $\neq 12^{\circ}\ 20''$

ഉൽകേന്ദ്രത (Eccentricity)

വ്യത്യാസം $\neq$ 0.00117

ആനതി (inclination) $\neq$ 9 മാണ്. (2)

ദീർഘകാലാടിസ്ഥാനത്തിൽ ചന്ദ്രന്റെ രേഖാംശ മദ്ധ്യ ചലനം *l* ആണ്. ഈ വസ്തുത ഇബ്നു യുനൂസും, മുൻജലും പരാമർശിച്ചിരുന്നു. പുരാതന ഗ്രഹണങ്ങളുടെ ചരിത്രരേഖകൾ പരിശോധിച്ചുകൊണ്ട് ഹാലി എന്ന ശാസ്ത്രജ്ഞൻ *l* പ്രതിനിധാനം ചെയ്യുന്നത് താഴെ പറയുന്നതാണെന്ന് കണ്ടെത്തി.

$$l = lo + nt + \sigma\left(\frac{t}{100}\right)^9 + \text{Periodic terms.}$$

ഇവിടെ 'n' മദ്ധ്യചലനം (mean motion) 't' ആണ് - ജൂലിയൻ വർഷത്തിലാണ് കണക്കാക്കുന്നത്. ദീർഘകാലത്തിലുണ്ടാകുന്ന ത്വരണത്തിന്റെ നിർദ്ദേശാങ്കമാണ് σ . പ്രാഥമിക സൗര പ്രഭാവ ക്രമത്തിന്റെ (First order Solar Effect) ൽ നിന്നും ലഭിച്ച ഏകദേശ മൂല്യം 11″ ആണ്. ലാപ്ലാസിന് σ ക്ക് സൈദ്ധാന്തിക വിശദീകരണം നൽകാൻ കഴിഞ്ഞിരുന്നു. എന്നാൽ ആഡംസ് പ്രശ്നം വളരെ വിശദവും സൂക്ഷ്മവുമായി പഠിക്കുകയും ഒരു ഉയർന്ന ക്രമം (Higher Order) കൈക്കൊള്ളുകയും ചെയ്തു. അദ്ദേഹത്തിന് ലഭിച്ച മൂല്യം 5′.72 ആണ്. ഇത് പൂർണമായും നിരീക്ഷണത്തിനു വിധേയമാക്കിയിരുന്നില്ല. ഇപ്പോൾ പൊതുവെ വിശ്വസിക്കപ്പെടുന്നത് നിരീക്ഷണ മൂല്യവും കണക്ക് കൂട്ടി കണ്ടെത്തിയ മൂല്യവും തമ്മിലുള്ള വ്യത്യാസത്തിന് കാരണം ദീർഘകാലാടിസ്ഥാനത്തിൽ കടലിലെ വേലിയേറ്റ ഘർഷണ (Tidal Friction) ങ്ങൾ മൂലം ഭൂമിയുടെ ഭ്രമണ വേഗത കുറയുന്നത് കൊണ്ടാണെന്നാണ്.

ഈ വിഷയത്തിലുള്ള ചർച്ച വളരെ തുറന്നതാണ്. പൾസാറുകളുടെ നിരീക്ഷണങ്ങൾ 'G' യിൽ ഉണ്ടാവുന്ന വ്യതിയാനങ്ങളെ നിരാകരിക്കുന്നു. ഈ ഉയർന്ന ക്രമത്തിലുള്ള രാശിയിൽ (Higher Order terms) ഈ വ്യതിയാനത്തിലെ ഒരു ഭാഗം ഉൾക്കൊള്ളുന്നുവെങ്കിൽ ഗ്രഹചലന നിയമത്തിൽ m/M (m എന്നത് ഒരു ഗ്രഹത്തിന്റെ ദ്രവ്യമാനം M എന്നത് സൂര്യന്റെ ദ്രവ്യമാനം) എന്ന മൂന്നാമത്തെ ക്രമം (Third Order) ദീർഘകാല ചലനത്തിലെ അർദ്ധ മുഖ്യാക്ഷത്തി (Semi Major axis) ന്റെ വ്യതിയാനങ്ങൾ നൽകുമെന്ന് നമുക്കറിയാം.

അർദ്ധ മുഖ്യാക്ഷവും ഭ്രമണകാലവും തമ്മിൽ കെപ്ളറുടെ നിയമത്തിൽ ബന്ധപ്പെട്ടു നിൽക്കുന്നു. $\frac{P^2}{a^3}$ = ഒരു സ്ഥിരാങ്കമാണ്. എന്നാൽ ചന്ദ്രന്റെ ഭ്രമണകാലമായ 'P' സൂര്യന്റെ ക്ഷോഭം കാരണം ഭ്രമണകാലത്തിൽ വ്യതിയാനം കാണിക്കുന്നു. ഭൂമിയിൽ അനുഭവപ്പെടുന്ന ചന്ദ്രമാസം (Synodic Period) 29 ഉം 30 ഉം ദിവസങ്ങളുള്ള മാസങ്ങളായി മാറിക്കൊണ്ടിരിക്കും. മാസത്തിലെ ശരാശരി ദിവസങ്ങൾ 29. 530588 ആണ്.

## ഇസ്ലാമിക കലണ്ടർ

ഇസ്ലാമിക കലണ്ടറിൽ മാസം ആരംഭിക്കുന്നത് ചന്ദ്രക്കലയുടെ ആദ്യ ദർശനം മുതല്ക്കാണ്. ഇസ്ലാ മിക കലണ്ടറിലെ തീയതിയെക്കുറിച്ചുള്ള ദീർഘകാല പ്രവചനം നടത്തുവാൻ

ഉപയോഗിക്കുന്നത് ഈ ശരാശരി ദിവസമാണ്.

ഇസ്‌ലാമിക കലണ്ടർ ആരംഭിക്കുന്നത് 16 ജൂലായ് 622 എ. ഡി യിലാണ് ഇത് 1-ാം ഹിജ്റ വർഷം, മുഹററ മാസം 1-ാം ദിവസത്തിനു തുല്യമാണ്. മുഹറം, സഫർ, റബീഉൽ അവ്വൽ, റബീഉൽ ആഖിർ, ജമാദിൽ അവ്വൽ, ജമാദിൽ ആഖിർ, റജബ്, ശഅ്ബാൻ, റമദാൻ, ശവ്വാൽ, ദുൽഖഅ്ദ്, ദുൽഹജ്ജ് എന്നീ മാസങ്ങൾക്ക് ആനുപാതികമായി 30, 29, 30, 29, 30, 29, 30, 29, 30, 29 എന്നിങ്ങനെയായിരുന്നു കണക്കാക്കിയത്. എന്നാൽ കബീസ (അധിവർഷം-355 ദിവസമായിവരുന്ന ചന്ദ്രവർഷമാണ് കബിസ) ഇതിൽ മാറ്റമുണ്ടാക്കുന്നു. കബീസ അഥവാ അധിവർഷം വർഷത്തെ 30 കൊണ്ട് വിഭജിച്ച് വരുന്ന ശിഷ്ടം 2, 5, 7, 10, 13, 16, 18, 21, 24, 26, 29 ആവുമ്പോഴാണ് സംഭവിക്കുക. ഒരു വർഷം കബീസയാണെങ്കിൽ ദുൽഹജ്ജ് 29 ന് പകരം 30 ആക്കി മാറ്റും. അപ്പോൾ 355 ദിവസമാണ് വർഷത്തിൽ ഉണ്ടാവുക. സാധാരണ വർഷത്തിൽ 354 ദിവസമാണുണ്ടാവുക. അപ്പോൾ നാം 30 ചന്ദ്ര വർഷത്തെ എടുക്കുകയാണെങ്കിൽ 11 വർഷം 355 ദിവസങ്ങളും (കബീസ = അധിവർഷം) ബാക്കി 19 വർഷം 354 ദിവസവും (സാധാരണ വർഷം) ആണുണ്ടാവവുക. ഈ ക്രമപ്പെടുത്തൽ പ്രകാരം മാസത്തിന്റെ ശരാശരി 29. 53056 ദിവസമാണ് വരുന്നത്. എന്നാൽ യഥാർത്ഥ ശരാശരി 29. 53059 ആണ്. ഈ കാലഗണന പദ്ധതി പ്രകാരം 2000 വർഷം കൂടുമ്പോൾ ഒരു ദിവസം മാത്രമേ പിഴവ് സംഭവിക്കൂ. 2000 കൊ ല്ലം കൂടുമ്പോൾ ഒരു ദിവസം കൂട്ടിച്ചേ ർക്കണം.(4)

എന്നാൽ മേൽ കൊടുത്ത കലണ്ടറിൽ നിന്നും വ്യത്യസ്തമായിട്ടാണ് ഇസ്‌ലാമിക രീതിയിൽ ചന്ദ്രമാസപ്പിറവിയുടെ കാഴ്ച സംഭവിക്കുക. പ്രസ്തുത കലണ്ടർ ഇക്കാര്യത്തിലുള്ള ഒരു ഏകദേശ സഹായി മാത്രമാണ്. മാസപ്പിറവി കാണുന്നതിന് വ്യത്യസ്തമായ മാനദണ്ഡങ്ങളുണ്ട്. (5) ഏറ്റവും നല്ല മാനദണ്ഡം സൂര്യാസ്തമ സമയവും ചന്ദ്രാസ്തമയ സമയവും തമ്മിലുള്ള വ്യത്യാസമാണ് ഡോ. ഇൽയാസിന്റെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു പട്ടിക നൽകിയിട്ടുണ്ട്.

| അക്ഷാംശം | $0^{0}$ | $30^{0}$ | $40^{0}$ | $50^{0}$ |
|---|---|---|---|---|
| മിനിമം ചന്ദ്രാസ്തമയ വ്യത്യാസം (മിനുട്ടിൽ) | $41 \pm 2$ | $46 \pm 4$ | $49 \pm 9$ | $55 \pm 15$ |

കൽക്കത്തയിലെ പൊസിഷനൽ അസ്ട്രോണമി സെന്റർ എല്ലാവർഷവും പ്രസിദ്ധീകരിക്കുന്ന ഇന്ത്യൻ അസ്ട്രോണമിക്കൽ എഫിമെറിസ് എല്ലാ മാസവും ചന്ദ്രമാസപ്പിറവി കാണുന്നതിന്റെ സാധ്യത കണക്ക് കൂട്ടി ഓരോ മാസത്തിലെയും ആരംഭ തീയതി കാണിക്കുന്നു.

ചന്ദ്രമാസത്തിന്റെ പകുതികാലത്തെ വ്യതിയാനങ്ങൾ (അമാവസി മുതൽ പൗർണമി വരേയും പൗർണമി മുതൽ അമാവാസി വരേയുള്ള കാലങ്ങളിലെ വ്യതിയാനങ്ങൾ) പൂർണകാലത്തെ വ്യതിയാനങ്ങളേക്കാൾ (fluctuations) കൂടുതലായിരിക്കും. ഇതിന് കാരണം ചന്ദ്രന്റെ ഭ്രമണ പഥത്തിന്റെ ഉൽകേന്ദ്രിതത്വം (eccentricity) കൊ ണ്ടാണ്. അതായത് ഭ്രമണ പഥത്തിലെ കോണീയ പ്രവേഗ (Angular Velocity) ത്തിൽ വ്യതിയാനങ്ങൾ വളരെ കൂടുതലാണ്. പകുതി കാലത്തെ വ്യതിയാനം ഗ്രഹണം ബാധിക്കുന്ന തീയതിയെ ബാധിക്കാറുണ്ട്. ചന്ദ്രഗ്രഹണം പൗർണ്ണമി നാളിലും സൂര്യഗ്രഹണം അമാവാസി നാളിലുമാണ് സംഭവിക്കുക. ഹിജ്റ മാസത്തിൽ ചന്ദ്രഗ്രഹണം സംഭവിക്കുക 13, 14, 15 തീയതികളിലാണ്. സൂര്യഗ്രഹണം 27, 28, 29 തീയതികളിലും.

മഹ്ദി (വാഗ്ദത്ത പരിഷ്ക്കർത്താവ്) അവസാന നാളിൽ ആഗതനാവുമെന്നും റമദാൻ ആദ്യരാവിൽ ചന്ദ്രഗ്രഹണവും മധ്യനാളിൽ സൂര്യഗ്രഹണവും സംഭവിക്കുമെന്നും അത് മഹ്ദിയുടെ അടയാളമായിരിക്കുമെന്നും തിരുമേനി (സ) പറഞ്ഞു. 1894 ൽ പ്രവചിക്കപ്പെട്ട ദിവസങ്ങളിൽ ദിവ്യാടയങ്ങളായി ഗ്രഹണങ്ങൾ സംഭവിക്കുകയും ചെയ്തു. (6)

റമദാനിലുണ്ടായ സൂര്യചന്ദ്രഗ്രഹണങ്ങളെ പറ്റി ഞങ്ങൾ പഠിച്ചപ്പോൾ അത്യപൂർവ്വമായ ഒരുസംഭവമാണ് ഇതെന്ന് വ്യക്തമായി. 22 വർഷം കൂടുമ്പോൾ ഒരു വർഷമോ പൊതുവായി രണ്ട് വർഷം തുടർച്ചയായോ റമദാൻ മാസത്തിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ സംഭവിക്കാറുണ്ട്. പക്ഷേ രണ്ട് ഗ്രഹണങ്ങളും പ്രത്യേക തീയതികളിൽ ഒരു സ്ഥലത്ത് തന്നെ സംഭവിക്കുക എന്നത് തികച്ചും അപൂർവ്വമാണ്. എ. ഡി. 1800 മുതൽ എ. ഡി. 2000 വരെ 2 നൂറ്റാണ്ടുകളിൽ നടന്ന ഗ്രഹണങ്ങളെപ്പറ്റി ഞങ്ങൾ പഠിച്ചുനോക്കി. ഈ കാലഘട്ടത്തിൽ 1894 എന്ന ഒരേയൊരു വർഷത്തിൽ മാത്രമാണ്, രണ്ട് ഗ്രഹണങ്ങളും റമദാനിലെ ഈ പ്രത്യേക തീയതികളിൽ ഖാദിയാനിൽ സംഭവിച്ചത്.

***Reference***


1. The Holy Quran 10: 6 , 7

2. J. M. A. Danby : Fundamentals of Celestial Mechanics (The Mac Millan Co; Newyork 1962)

3. Y. Ryabov : Celestial Mechanics. I Foreign Language Publishing House, Moscow 1959)

4. R.H Gurustang: Calendar Notes British Astronomical Association Hahdbuc for 1969 P. 60

5. Mohammed Ilyas Islamic Calendar Times and Qibla (Bertia Publishing Kala lampur 1984)

6. Saleh Mohammed Alladin. Lunar and Solar Eclipses as signs of The promised Messiah, The view of eligions (London) July 1987 Vol. 83 Page 42.

*CHRISTIANITY - A Journey from Fact to Fiction എന്ന പുസ്തകത്തിൽ നിന്ന്*

# പാരമ്പര്യമായി ലഭിച്ച പാപം

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

## ദൈവം തന്നെ മനുഷ്യനിൽ നിക്ഷേപിച്ച നീതിബോധത്തിനും യുക്തിബോധത്തിനും കടകവിരുദ്ധമാണ് ക്രിസ്ത്യാനികളുടെ പാപ പരിഹാരസിദ്ധാന്തം

ബൈബിൾ പഴയ നിയമത്തിൽ വിവരിച്ച പ്രകാരം ആദമും ഹവ്വ യും അക്ഷരാർത്ഥത്തിൽ പാപം ചെയ്തുവെന്നും തദനുസൃതമായി അവർ ശിക്ഷിക്കപ്പെട്ടുവെന്നും വാദത്തിനു വേണ്ടി സങ്കല്പിക്കുക. ആ പാപത്തിന്റെ ശിക്ഷ ആദമിലും ഹവ്വയിലും മാത്രം പരിമിതമായിരുന്നില്ല. ആ പാപം മുഴുവൻ സന്തതികളിലേക്കും സംക്രമിക്കുകയാണ്. ഒരിക്കൽ പാപത്തിന് ശിക്ഷ നൽകുകയും മോചിപ്പിക്കപ്പെടുകയും ചെയ്താൽ പിന്നെ മറ്റുള്ള ശിക്ഷകളുടെ ആവശ്യമെന്താണ്? ഒരിക്കൽ ഒരു പാപത്തിന് ശിക്ഷിക്കപ്പെട്ടാൽ അതോടെ ആ ശിക്ഷ കഴിഞ്ഞു. ഒരു തവണ കുറ്റത്തെ സംബന്ധിച്ച് വിധി പുറപ്പെടുവിച്ചാൽ വീണ്ടും അതിനോട് ശിക്ഷകൾ നിരന്തരം അധികമായി കൂട്ടിച്ചേർത്ത് തുടർച്ചയായി ശിക്ഷിക്കാൻ ആർക്കും അവകാശമില്ല. ആദമിന്റെ കാര്യത്തിൽ അവർ അതികഠിനമായി ശാസിക്കപ്പെടുകയും ചെയ്ത കുറ്റത്തേക്കാൾ കൂടുതലായി ശിക്ഷിക്കപ്പെടുകയും ചെയ്തു. എന്നു മാത്രമല്ല അവർക്കെതിരെയുള്ള ശിക്ഷകൾ അവരുടെ സന്തതി പരമ്പരകളിലേക്ക് വ്യാപിപ്പിക്കുകയും ചെയ്യുക എന്നത് അങ്ങേയറ്റം ചോദ്യം ചെയ്യപ്പെടേണ്ടതാണ്. അതിനെസ്സംബന്ധിച്ച് നാം വേണ്ടവിധം പറഞ്ഞുകഴിഞ്ഞു. അതിനേക്കാൾ ഹീനമായ കേവല നീതിയുടെ ലംഘനമാണ് ഇവിടെ ചൂണ്ടിക്കാണിക്കാൻ നാം ശ്രമിക്കുന്നത്. നമ്മുടെ പൂർവ്വപിതാക്കൾ ചെയ്ത പാപം മൂലം നമ്മെ തുടർച്ചയായി ശിക്ഷിക്കുക എന്നതിന് പുറമെ പാപം ചെയ്യാൻ നാം തുടർച്ചയായി നിർബന്ധിക്കപ്പെടുക എന്നത് ലളിതമായി പറഞ്ഞാൽ അത്യന്തം ജുഗുപ്സാവഹമാണ്.

ദൈനംദിന ജീവിതത്തിൽ നമുക്ക് അനുഭവപ്പെടുന്ന തിക്ത യാഥാർത്ഥ്യങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റത്തെയും ശിക്ഷയെയും സംബന്ധിച്ച ക്രിസ്ത്യൻ തത്ത്വശാസ്ത്രം നമുക്കൊന്ന് പരിശോധിച്ചു നോക്കാം. ഒരു കുറ്റവാളിക്ക് അയാൾ ചെയ്ത കുറ്റ കൃത്യത്തേക്കാൾ കൂടുതൽ കഠിനമായ ഒരു ശിക്ഷ വിധിച്ചുവെന്ന് സങ്കല്പിക്കുക. കുറ്റത്തിലും ശിക്ഷയിലുമുള്ള ഈ അനുപാതമില്ലായ്മ തീർച്ചയായും നീതിബോധമുള്ള എല്ലാ മനുഷ്യരുടേയും ശക്തവും രൂക്ഷവുമായ അപലപനത്തിന് കാരണമാവും ഈ വീക്ഷണത്തിന്റെയടിസ്ഥാനത്തിൽ ആദമിനു, അദ്ദേഹം ചെയ്ത കുറ്റത്തിന് നൽകിയ ശിക്ഷ നീതിമാനായ ഒരു ദൈവത്തിൽ നിന്നുള്ളതാണ് എന്ന കാര്യം വിശ്വസിക്കാൻ വളരെയേറെ പ്രയാസമുണ്ട്. ഇതു കുറ്റത്തെ കവിഞ്ഞു നിൽക്കുന്ന ഒരു ശിക്ഷ മാത്രമല്ല. ആദമിന്റെയും ഹവ്വയുടെയും ആയുഷ്ക്കാലവും കഴിഞ്ഞ് അവരുടെ സന്തതി പരമ്പരകളിലേക്ക് കൂടി നീണ്ടുവരുന്ന ഒന്നാണ്. ഈ ശിക്ഷ ക്രിസ്തീയ സങ്കല്പത്തിലുള്ള ഒരു ദൈവത്തിൽ നിന്നാണ് വരുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. മാതാപിതാക്കന്മാരുടെ കുറ്റങ്ങൾക്ക് അവരുടെ സന്തതികളെ ശിക്ഷിക്കുക എന്നതു വാസ്തവത്തിൽ എല്ലാ അർത്ഥത്തിലും നീതിയുടെ ആത്യന്തിക സീമകളുടെ ലംഘനമാണ്. ഏതെങ്കിലും ഒരു ന്യായാധിപൻ തന്റെ വിധി ന്യായത്തിൽ കുറ്റവാളിയുടെ സന്താനങ്ങളേയും സന്താനങ്ങളുടെ സന്താനങ്ങളേയും അവരുടെ പരമ്പരകളേയും നിയമം മുഖേന ശാശ്വതമായി പാപിയാക്കാനും നിർബന്ധപൂർവ്വം കുറ്റം ചെയ്യിക്കു

കയും ശിക്ഷിക്കുകയും ചെയ്യുക. യാണെങ്കിൽ നിരവധി സംസ്കാരങ്ങളിലൂടെ സാർവ്വ ലൗകിക നീതിബോധം ആർജിച്ച നമ്മുടെ സമൂഹത്തിന്റെ പ്രതികരണം എന്തായിരിക്കും?

അഞ്ചാം നൂറ്റാണ്ടിൽ ബിഷപ്പ് ഹിപ്പോയും പെലാഗിയൻ പ്രസ്ഥാനവും (Pelagian movement) തമ്മിൽ ആദമിന്റെയും ഹവ്വയുടെയും പാപത്തെസ്സംബന്ധിച്ച് ഒരു സംവാദം നടത്തുകയുണ്ടായി. ആദമിന്റെ പാപം അദ്ദേഹത്തിൽ മാത്രം പരിമിതമാണെന്നും മനുഷ്യവംശത്തിലേക്ക് അത് പകരുന്നില്ലെന്നും അവർ പറഞ്ഞു. അതായത് ഓരോ മനുഷ്യനും പാപരഹിതനായാണ് ജനിക്കുന്നത്. അയാളുടെ സ്വന്തം കഴിവിനനുസരിച്ചാണ് പാപമുക്തമായ ജീവിതം നയിക്കാൻ കഴിയുക. അങ്ങനെ ജീവിത വിജയം കണ്ടെത്തിയ വ്യക്തികളുണ്ടായിരുന്നെന്നും പെലാഗിയൽ പ്രസ്ഥാനക്കാർ വാദിച്ചു. ഇങ്ങനെ വാദിച്ചത് കാരണം പെലാഗിയൻ പ്രസ്ഥാനക്കാർ വേദവിപരീതികൾ (Heretic) ആണെന്ന് ബിഷപ്പ് ഹിപ്പോ പ്രഖ്യാപിച്ചു. സത്യസന്ധമായ നിലപാടു സ്വീകരിച്ച അവർ വേദവിപരീതികളായി മുദ്രകുത്തപ്പെട്ടു. പകൽ രാത്രിയായും രാത്രി പകലായും പ്രഖ്യാപിക്കപ്പെട്ടു. സത്യം പറഞ്ഞപ്പോൾ അത് വേദവിപരീതമായി! യഥാർത്ഥ വേദവിപരീതം സത്യവുമായി!!

## പാപത്തിന്റെ മാറ്റം

പാപിയെ ശിക്ഷിക്കാതെ ദൈവം പൊറുത്തുകൊടുക്കില്ല. കാരണം അത് ദൈവത്തിന്റെ നീതിക്കെതിരാണ് എന്ന തത്വം നമുക്കൊന്ന് പുന:പരിശോധിക്കാം. തീർച്ചയായും മനുഷ്യന്റെ ഗ്രാഹ്യശക്തിക്കതീതവും അവന്റെ മനസ്സാക്ഷിക്കു വിരുദ്ധവുമായ ഒരു സിദ്ധാന്തമാണത്. ഈ സിദ്ധാന്തത്തിലാണ് നൂറ്റാണ്ടുകളോളമായി ക്രിസ്തീയ സമൂഹം കഴിഞ്ഞുകൂടിയതെന്ന യാഥാർത്ഥ്യം ഒരാൾ തിരിച്ചറിയുമ്പോൾ അയാൾ ഭയം കൊണ്ടു വിറച്ചുപോകും. ഒരു നിരപരാധിയായ മനുഷ്യനെ ബലി കൊടുത്താൽ മാത്രമേ പാപിയായ മനുഷ്യനു പൊറുത്തുകൊടുക്കാൻ

**തീർച്ചയായും മനുഷ്യന്റെ ഗ്രാഹ്യശക്തിക്കതീതവും അവന്റെ മനസ്സാക്ഷിക്കു വിരുദ്ധവുമായ ഒരു സിദ്ധാന്തത്തിലാണ് നൂറ്റാണ്ടുകളോളമായി ക്രിസ്തീയ സമൂഹം കഴിഞ്ഞു കൂടിയതെന്ന യാഥാർത്ഥ്യം ഒരാൾ തിരിച്ചറിയുമ്പോൾ അയാൾ ഭയം കൊണ്ടു വിറച്ചു പോകും.**

ദൈവത്തിനു സാധ്യമാവൂ എന്നാണല്ലോ ക്രിസ്തീയതത്വം. അങ്ങിനെ ചെയ്ത നിമിഷം മുതൽ നീതിയുടെ ഒരു അടിസ്ഥാന തത്വത്തേയാണ് ദൈവം ലംഘിച്ചിരിക്കുന്നത്. ഒരു പാപി തന്നെയാണ് അയാളുടെ പാപത്തിന്റെ ശിക്ഷ സഹിക്കേണ്ടത്. ചുരുക്കത്തിൽ കുറ്റം ഒരാൾ ചെയ്യുകയും ശിക്ഷ മറ്റൊരാൾക്ക് നല്കുക യും ചെയ്യുമ്പോൾ ഒരു പാട് സങ്കീർണ്ണമായ മാനുഷിക പ്രശ്നങ്ങൾ ഉദ്ഭവിക്കും

ഒരു കുറ്റവാളിയെ മറ്റൊരാൾക്ക് കടബാധ്യതയുള്ള ഒരാളെപ്പോലെ കരുതുക എന്നതു കുറ്റത്തെപ്പറ്റിയുള്ള ഏറ്റവും അന്തസ്സാര ശൂന്യമായ നിർവ്വചനമാണെന്ന് ഞാൻ വിവരിച്ചുകഴിഞ്ഞു. കുറ്റത്തിന്റെ മറ്റു വിഷയങ്ങളിലേക്കു ശ്രദ്ധ തിരിക്കുന്നതിനുമുമ്പ് ഇവിടെ വിവരിക്കപ്പെട്ട സംഗതികൾ തന്നെ കുറച്ചുകൂടി നമ്മുടെ വിശദീകരണം അർഹിക്കുന്നുണ്ട്.

ബി എന്നയാളിന് 1000 പൗണ്ട് കടം മടക്കിക്കൊടുക്കാനുള്ള 'എ' എന്നൊരാളെ സങ്കല്പിക്കുക. സമ്പന്നനായ ഒരു മനുഷ്യസ്നേഹി അദ്ദേഹത്തിന്റെ മനസ്സാക്ഷിയുടെ പ്രേരണയാൽ വളരെ ആത്മാർത്ഥമായി ഋണബാധിതനെ പണം നൽകി കടത്തിൽ നിന്നും മോചിപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്നിരിക്കട്ടെ. എങ്കിൽ എ കൊടുക്കാൻ ബാധ്യതപ്പെട്ട പണം കൊടുത്തു വീട്ടാൻ ആ മനുഷ്യസ്നേഹിയെ പൊതു നിയമം അനുവദിക്കുന്നു. എന്നാൽ മനുഷ്യസ്നേഹിയായ ആ സാങ്കല്പിക വ്യക്തി മുന്നോട്ടുവന്നുകൊണ്ട് ബി ക്ക് നൽകാനുള്ള കടത്തിനു പകരം ഏതാനും പ്രഹരം സ്വീകരിക്കുകയോ മൂന്നു പകലും മൂന്ന് രാത്രിയുമായി ജയിൽ ശിക്ഷ അനുഭവിക്കുകയോ ചെയ്യാമെന്നും അങ്ങനെ താൻ ചെയ്താൽ ബി എന്ന വ്യക്തി 'എ' യുടെ എല്ലാ കടത്തിൽ നിന്നും അയാളെ മോചിപ്പിക്കേണ്ടതാണെന്നും ആ മനുഷ്യസ്നേഹി അഭ്യർത്ഥിക്കുന്നുവെന്നു കരുതുക. അത്തരം ഒരു സംഭവം യഥാർത്ഥ ജീവിതത്തിൽ ഉണ്ടായെങ്കിൽ നമുക്ക് ന്യായാധിപന്റെ അന്തം വിട്ടു ഭ്രമിച്ച മുഖം കാണേണ്ടിവരികയും പാവം കടക്കാരൻ പരിഭ്രമിച്ചു പോവുകയും ചെയ്യും.

നോക്കൂ, മനുഷ്യസ്നേഹിയുടെ ദയക്കു വേണ്ടിയുള്ള അപേക്ഷയുടെ പൂർണ രൂപം ഇനിയും സമർപ്പിച്ചിട്ടില്ല. അതായത് അദ്ദേഹത്തിന്റെ ന്യായാധിപനോടുള്ള അപേക്ഷ ഇപ്രകാരമാണ്. “ബഹുമാന്യരേ, എന്റെ ഈ ത്യാഗം കൊണ്ട് പ്രസ്തുത കാര്യങ്ങൾ മാത്രം അനുവദിച്ചു തരണമെന്നല്ല ഞാൻ അപേക്ഷിക്കുന്നത്. മൂന്നു ദിവസത്തെ എന്റെ ഈ ത്യാഗത്തിന്റെ ഫലമായി ഈ രാജ്യത്തിലെ എല്ലാ കട ബാധിതരെയും അതുപോലെ അന്ത്യനാൾ വരെ ജനിക്കാനിരിക്കുന്ന എല്ലാ കടക്കാരുടെയും കടത്തിൽ നിന്നും അവരെയെല്ലാം താങ്കൾ മോചിപ്പിച്ചു തരണം” ഇത് കേട്ടു കഴിയുമ്പോൾ ന്യായാധിപൻ മതിഭ്രമം പിടിപെട്ട് തലചുറ്റിപ്പോവും. ഒരുവന്റെ അദ്ധ്വാനഫലം മുഴുവനുമായോ അല്ലെങ്കിൽ അയാളുടെ സമ്പാദ്യമാസകലമോ കവർന്നെടുത്ത

കള്ളന്മാരെ അതിനേക്കാൾ കുറഞ്ഞ ഒരു പരിഹാര ക്രിയ ചെയ്തുകൊണ്ടു മോചിപ്പിക്കുന്ന ദൈവത്തെ നീതിമാനായ ദൈവം എന്ന് ഒരാൾക്ക് എങ്ങനെ വിശേഷിപ്പിക്കാൻ സാധിക്കും? കുറ്റവാളികളുടെ കൈകളാൽ പീഡിപ്പിക്കപ്പെട്ട നിരപരാധികൾക്ക് നൽകുന്ന ദയാദാക്ഷിണ്യത്തേക്കാൾ കുറ്റവാളികൾക്ക് ദയാദാക്ഷിണ്യം നൽകുന്ന ദൈവമാണ് ക്രിസ്ത്യാനികളുടെ ദൈവം. കള്ളന്മാർക്കും, കൊള്ളക്കാർക്കും ബാലപീഡകർക്കും നിരപരാധികളെ ദ്രോഹിക്കുന്നവർക്കും, മാനവരാശിക്കെതിരെ മൃഗീയമായ ഹീന കൃത്യങ്ങൾ നടത്തിയവർക്കുമെല്ലാം തന്നെ, അവർക്ക് മരണം ആസന്നമായ നിമിഷം യേശുവിൽ വിശ്വസിച്ചാൽ അതിന്റെ ഫലമായി അതെല്ലാം പൊറുത്തുകൊടുക്കപ്പെടുന്നതാണ്. എന്തൊരു വിചിത്രമായ നീതിബോധം! പീഡിതരായ നിരപരാധികളോട് ഈ കുറ്റവാളികൾക്ക് കണക്ക് കൂട്ടിയെടുക്കാൻ കഴിയാത്തത്ര ബാധ്യതകളുണ്ട്. നീചരും ശിക്ഷിക്കപ്പെടാത്തവരുമായ ഈ കുറ്റവാളികളെയും ഭാവിയിൽ വരാനിരിക്കുന്ന കുറ്റവാളികളെയും ശുദ്ധീകരിക്കാൻ യേശുവിന്റെ ഏതാനും നിമിഷനേരത്തെ നരകയാതനകൾ മാത്രം മതി!

## ശിക്ഷ പങ്കുവെയ്ക്കപ്പെടുന്നു

വ്യത്യസ്തവും കൂടുതൽ ഗൗരവതരവുമായ ചില കുറ്റങ്ങളെക്കുറിച്ച് നമുക്കു ചിന്തിക്കാം. ആ കുറ്റങ്ങളുടെ അനന്തര ഫലങ്ങൾ മറ്റൊരാളിലേക്ക് മാറ്റപ്പെടുക എന്നത് ഒരിക്കലും ഒരു മനുഷ്യനും അംഗീകരിക്കില്ല. ഉദാഹരണത്തിന് ഒരു കൊച്ചുപെൺകുട്ടിയെ ഒരു കുറ്റവാളി നിർദ്ദയമായി പീഡിപ്പിക്കുന്നു. ബലാൽസംഗം പോലും ചെയ്യുന്നു. അതിനുശേഷം അവളെ വധിക്കുന്നു. ഈ സന്ദർഭത്തിൽ മനുഷ്യന്റെ നീതിബോധം തീർച്ചയായും അസഹനീയമായ തലത്തിൽ വിജ്രംഭിതമാകും. അത്തരത്തിൽപ്പെട്ട ഒരു കുറ്റവാളി തനിക്ക് ചുറ്റുമുള്ളവരിൽ ഇത്തരത്തിലുള്ളതോ അതിനേക്കാൾ ക്രൂരമായതോ ആയ കുറ്റങ്ങൾ ചെയ്യുകയും ആ കുറ്റകൃത്യങ്ങളെല്ലാം നീതിപീഠങ്ങളുടെ ദൃഷ്ടിയിൽപ്പെടാതിരിക്കുകയും ചെയ്യുന്നു എന്നു കരുതുക. അപരാധങ്ങൾ നിറഞ്ഞ അയാളുടെ ജീവിതം മനുഷ്യകരങ്ങളാൽ ശിക്ഷിക്കപ്പെടാതെ പോവുകയും ചെയ്യുന്നു. മരണം ആസന്നമായപ്പോൾ പ്രസ്തുത കുറ്റവാളി വിധി നാളിലെ ശിക്ഷയിൽ നിന്നും രക്ഷപ്പെടാൻ നിശ്ചയിച്ചു. ഒരു ദിവസം പെട്ടെന്ന് അയാൾ യേശു തന്റെ രക്ഷകനായ കർത്താവാണെന്ന് വിശ്വസിക്കുകയും ചെയ്തു. അയാളുടെ പാപങ്ങളെല്ലാം അതോടെ അലിഞ്ഞലിഞ്ഞില്ലാതെയാവുകയും പരലോകത്ത് നവജാത ശിശുവിനെപ്പോലെ പാപരഹിതനായി ഉല്ലസിച്ചു നടക്കുകയും ചെയ്യുമോ? മരണം ആസന്നമാകുന്നത് വരെ യേശുവിനെ വിശ്വസിക്കാതിരുന്ന ഒരു കുറ്റവാളി യേശുവിനെ നേരത്തെ തന്നെ വിശ്വസിച്ച ഒരാളേക്കാൾ ഒരു പക്ഷേ ബുദ്ധിമാനായിരിക്കുമെന്നാണ് മനസ്സിലാക്കേണ്ടത്. നേരത്തെ യേശുവിനെ വിശ്വസിച്ചവനെ സംബന്ധിച്ചേടത്തോ ളം കുറ്റം ചെയ്യാനും പിശാചിന്റെ ഗൂ ഢാലോചനക്കും ദുർബോധനങ്ങൾ ക്കും വശംവദനാകാനും കൂടുതൽ സാധ്യതയുണ്ട്. ചെറുപ്പകാലത്ത് വിശ്വസിച്ചതിനാൽ ബാക്കിവരുന്ന കൂടുതൽ ശിഷ്ടകാലം വിശ്വാസം പരിരക്ഷിച്ച് സൂക്ഷ്മമായി അദ്ദേഹത്തിന് ജീവിക്കേണ്ടിവരുമല്ലോ. അതിനാൽ പിശാചിന് അല്പം അവസരവും അല്പം സമയവും മാത്രം ലഭിക്കുമാറ് യേശുവിനെ വിശ്വസിക്കാൻ എന്തുകൊണ്ട് നിങ്ങൾക്ക് മരണം അടുത്തെത്തുന്നത് വരെ കാത്തിരുന്നു കൂടാ? സർവ്വവിധ സുഖങ്ങളുടെ ആസ്വാദനങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും സ്വച്ഛന്ദമായ ഒരു ജീവിതം ഭൂമിയിലും, അതിനുശേഷം സർവ്വ പാപങ്ങളിൽ നിന്നും മോചിതമായ പുനർജന്മം പരലോകത്തും ലഭിക്കും!! തീർച്ചയായും നല്ലൊരു കച്ചവടം തന്നെയാണിത്! ഇതാണോ ക്രിസ്ത്യാനികൾ ദൈവത്തിനു നേരെ ആരോപിക്കുന്ന നീതി? അത്തരം നീതിബോധവും അത്തരം ദൈവവും മനുഷ്യന്റെ മനസ്സാക്ഷിക്ക് ഒരിക്കലും സ്വീകരിക്കാൻ സാധ്യമല്ല. അതിശയകരമെന്ന് പറയട്ടെ, തെറ്റിൽ നിന്ന് ശരി വിവേചിച്ചറിയാൻ ദൈവം തന്നെ മനുഷ്യനിൽ അന്തർലീനമാക്കിയ മനസ്സാക്ഷിക്ക് വിരുദ്ധമാണിത്.

മനുഷ്യാനുഭവങ്ങളുടേയും ചിന്താശേഷിയുടേയും അടിസ്ഥാനത്തിൽ ഈ പ്രശ്നം പരിശോധിക്കുമ്പോൾ അടിസ്ഥാനമില്ലാത്ത നിരർത്ഥകമായ ഒരു സിദ്ധാന്തം എന്ന നിലക്ക് ഒരാൾക്ക് ഇതിനെ അപലപിക്കാനുള്ള എല്ലാ അവകാശവുമുണ്ട്. അന്തസ്സാര ശൂന്യവും യാഥാർത്ഥ്യമില്ലാത്തതുമാണ് ഈ സിദ്ധാന്തം. ഒരാൾ മറ്റൊരാളുടെ കൈയ്യാൽ പീഡിപ്പിക്കപ്പെടുന്നുവെങ്കിൽ പീഡകന് പൊറുത്തുകൊടുക്കാനും കൊടുക്കാതിരിക്കാനുമുള്ള സവിശേഷാധികാരം പീഡിതനായ ആൾക്കായിരിക്കും ഉണ്ടായിരിക്കുക എന്ന് മനുഷ്യാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. ചിലപ്പോൾ ഭരണകൂടങ്ങൾ ദേശീയ ആഘോഷവേളയിലോ അല്ലെങ്കിൽ മറ്റവസരങ്ങളിലോ കുറ്റവാളികൾക്ക് നിരുപാധികം മോചനം പ്രഖ്യാപിക്കാറുണ്ട്. പക്ഷേ,നിരപരാധിയായ ഒരാൾക്ക് അപരിഹാര്യമായ നഷ്ടവും ശാശ്വതമായ ദു:ഖങ്ങളും വരുത്തിവെച്ച അപരാധിക്കു പൊറുത്തുകൊടുക്കുന്നതുകൊണ്ട് മാത്രം ആ കൃത്യം ന്യായീകരിക്കപ്പെടുന്നില്ല. എങ്കിലും ഒരു കാര്യം നാം ഓർ ക്കേണ്ടതുണ്ട്. മറ്റു യാതൊരു പരിഗണനയും കൂടാതെ കുറ്റവാളികൾക്ക് പൊറുത്തു കൊടുക്കുന്ന ഭരണക്കൂടത്തിന്റെ നടപടി ഏതെങ്കിലുമൊരർത്ഥത്തിൽ ന്യായീകരിക്കപ്പെടാവുന്നതാണ്. ഇത് നീതിയുടെ ലംഘനമല്ല എന്ന് ക്രിസ്തീയ ദൈവശാസ്ത്രികൾ കരുതുന്നുവെങ്കിൽ ഇഷ്ടമുള്ള ആളുകൾക്ക് പൊറുത്തു കൊടുക്കാനുള്ള അവകാശം എന്ന ദയയുടെ തത്ത്വം എന്തു കൊണ്ട് ദൈവത്തിനു കൂടി ബാധകമാ ക്കി കൂടാ? എല്ലാറ്റിനും പുറമെ ദൈവം സർവ്വത്തിനും മീതെയുള്ള പരമാധികാരിയും സർവ്വ സ്രഷ്ടാവും സർവ്വരുടെയും യജമാനനുമാണ്. അപരാധികളുടെ കൈകളാൽ ദു:ഖമനുഭവിക്കുന്നവന് തൃപ്തികരമാം വിധം അത്യുദാരമായി പരിഹാരം ചെയ്യാൻ കെല്പുള്ളവനാണ്. അപ്പോൾ പിന്നെ, മറ്റു പാപികളെ

**അപരാധികളുടെ കൈകളാൽ ദു:ഖമനുഭവിക്കുന്നവന് തൃപ്തികരമാം വിധം അത്യുദാരമായി പരിഹാരം ചെയ്യാൻ കെല്പുള്ളവനാണ് ദൈവം. അപ്പോൾ പിന്നെ മറ്റു പാപികളെ രക്ഷിക്കാൻ, ദൈവത്തിനു തന്റെ നിരപരാധിയായ ഒരു പുത്രനെ ബലി കൊടുക്കേണ്ട ആവശ്യമെന്ത്?**

രക്ഷിക്കാൻ ദൈവത്തിനു തന്റെ നിരപരാധിയായ ഒരു പുത്രനെ ബലി കൊടുക്കേണ്ട ആവശ്യമെന്ത്? ഇത് നീതിനിർവ്വഹണത്തെ പരിഹാസ്യമാക്കിത്തീർക്കുന്നു. വാസ്തവത്തിൽ ദൈവത്തിന്റെ ഗുണഗണങ്ങളുമായി ഐക്യപ്പെടാനാണ് നാം ജനിച്ചിട്ടുമുള്ളത്. അതുകൊണ്ട് ദൈവം ബൈബിളിൽ ഇങ്ങനെ പ്രഖ്യാപിക്കുന്നു.

"നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കി." (ഉല്പത്തി 1:26) അതേ വിഷയം തന്നെ വിശുദ്ധ ഖുർആൻ പറയുന്നു. "അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ. ആ പ്രകൃതി കൈക്കൊള്ളുക." (30:32)

മനുഷ്യന്റെ മനസ്സാക്ഷി ദൈവത്തിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്ന ദർപ്പണമാണ് എന്ന ഈ സിദ്ധാന്തം ക്രിസ്ത്യാനികൾക്കും മുസ്ലിംകൾക്കും ഒരു പോലെ ബാധകമാണ്. നീതിബോധം അതിലംഘിക്കാതെ പലതവണ മാപ്പു നൽകുക എന്നത് ദൈനംദിന ജീവിതത്തിലെ നമ്മുടെ അനുഭവമാണ്. വ്യക്തിപരമായി നമ്മോടു ചെയ്ത കുറ്റത്തിന്റെ ഗൗരവമനുസരിച്ച് എത്രവേണമെങ്കിലും മാപ്പു നൽകാൻ നമുക്ക് സാധിക്കുന്നതാണ്.

ഒരു കുട്ടി തന്റെ മാതാപിതാക്കളെ അനുസരിക്കാതിരുന്നിട്ടോ അല്ലെങ്കിൽ വിലപിടിപ്പുള്ള വീട്ടു സമാനങ്ങൾ കേടുവരുത്തിയോ, അവർക്ക് ഒരു ചീത്തപ്പേരു സമ്പാദിച്ചു കൊണ്ടോ ഒരു കുറ്റം ചെയ്തുവെന്നിരിക്കട്ടെ. മാതാപിതാക്കന്മാർ മനസ്സാക്ഷിക്കുത്തില്ലാതെ അവരുടെ പുത്രന് പൊറുത്തു കൊടുക്കുന്നു. നീതിബോധം ലംഘിച്ചു എന്ന് പറഞ്ഞ് ആരെങ്കിലും അവരെ കുറ്റപ്പെടുത്തില്ല. എന്നാൽ അവരുടെ പുത്രൻ അയൽപക്കത്തുള്ളവരുടെ വസ്തുക്കൾ നശിപ്പിക്കുകയും മറ്റൊരാളുടെ കുട്ടിയെ പരുക്കേൽപ്പിക്കുകയും ചെയ്താൽ, മറ്റുള്ളവർക്ക് നഷ്ടങ്ങൾ വരുത്തിയ ആ കുട്ടിക്കു മാപ്പ് കൊടുക്കാൻ അവന്റെ മാതാപിതാക്കന്മാർക്കു കഴിയുന്നതെങ്ങിനെ? അവരങ്ങനെ ചെയ്തുവെങ്കിൽ അത് അവരുടെ തന്നെ മനസ്സാക്ഷിക്കെതിരെയുള്ള ഒരനീതിയാണെന്നു കണക്കാക്കപ്പെടും.

കാര്യകാരണബന്ധം പോലെ കുറ്റത്തിനും ശിക്ഷക്കും ഒരു പരസ്പര ബന്ധമുണ്ട്. ഒരു പരിധിവരെ അത് ആനുപാതികമായി ബന്ധപ്പെട്ടു നിൽക്കുന്നു. ഈ അർത്ഥത്തിൽ സാമ്പത്തിക കാര്യങ്ങളിൽ ഒരാൾ മറ്റൊരാളോട് വരുത്തുന്ന വീഴ്ചകളെപ്പറ്റി നാം ചർച്ച ചെയ്തു കഴിഞ്ഞു. ഇതേ വാദം തന്നെ നിരപരാധിയായ ഒരാളെ പരിക്കേൽപ്പിക്കുക, അംഗഭംഗം വരുത്തുക, വധിക്കുക, അവരുടെ മാനത്തെ ക്ഷതപ്പെടുത്തുക മുതലായ ഗൗരവമേറിയ കുറ്റങ്ങൾക്കും ബാധകമാണ്. കുറ്റകൃത്യങ്ങൾ എത്രമാത്രം ഭീകരമായിരിക്കുന്നുവോ അത്രമാത്രം ശിക്ഷയുടെ സ്വഭാവവും കഠിനതരമാക്കേണ്ടിവരും. നാം വിശ്വസിക്കുന്നത് പോലെ നാനാവിധത്തിലുള്ള അപരാധങ്ങളും മാപ്പാക്കിത്തരാൻ ദൈവത്തിന് കഴിയും. അവന് മാത്രമേ കഴിയൂ. ഇത് ശരിയാണെങ്കിൽപ്പിന്നെ നമ്മുടെ പാപങ്ങൾക്ക് പരിഹാരമായി ഒരു നിരപരാധിയായ മനുഷ്യനെ ശിക്ഷിച്ചുകൊണ്ട് മാപ്പ് നൽകുന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. ഒരു കുറ്റവാളിയുടെ ശിക്ഷ ഒരു നിരപരാധി അതേ അളവിൽ ഏറ്റെടുക്കാമെന്ന് നീതിയനുസരിച്ച് സമ്മതിച്ചെങ്കിൽത്തന്നെ നിശ്ചയമായും അപരാധിക്ക് വിധിക്കപ്പെട്ട ശിക്ഷ ഒട്ടും കുറയാതെയും കാഠിന്യം കുറക്കാതെയും മാറ്റപ്പെടുകയാണ് വേണ്ടത്. നാം അതിനെസ്സംബന്ധിച്ച് വേണ്ടവിധം ചർച്ച ചെയ്തു കഴിഞ്ഞതാണ്.

തന്റെ പുത്രന്റെ കാര്യത്തിൽ മാത്രം ദൈവം നടപ്പാക്കിയ ഒരു പ്രത്യേക നീതിനിർവ്വഹണാജ്ഞയാണ് ഈ ശിക്ഷയെന്ന് ക്രിസ്ത്യാനികൾക്കു വിശ്വസിക്കാനാവുമോ? അങ്ങനെയാണെങ്കിൽ അതിന്നർത്ഥം യേശു ജനിച്ച അന്നുമുതൽ ക്രിസ്തീയ ലോകത്തുണ്ടായ സകല കുറ്റവാളികളേയും അതിനുശേഷം അന്ത്യനാൾ വരെ ജനിക്കുന്ന എല്ലാ ക്രിസ്തീയ കുറ്റവാളികളെയും ഒരുമിച്ചു കൂട്ടി അവരുടെ കുറ്റകൃത്യങ്ങളെല്ലാം നാരകീയമായ സാന്ദ്രതയിൽ ആറ്റിക്കുറുക്കിയാൽ അത് മൂന്നു രാവും പകലുമായി ക്രിസ്തു അനുഭവിച്ച പീഡനങ്ങൾക്ക് സമമാകുമോ? മേൽപറഞ്ഞ പാപികൾക്ക് ലഭിക്കേണ്ട ശിക്ഷ ഇതിന് തുല്യമാകുമോ? അങ്ങനെയാണെങ്കിൽ ഒരു ക്രിസ്ത്യാനിയും ക്രിസ്തീയ ഭരണകൂടത്താൽ ശിക്ഷിക്കപ്പെടാൻ പാടില്ല. അങ്ങനെ ചെയ്യുകയാണെങ്കിൽ അത് തികഞ്ഞ അനീതിയായിരിക്കും. ക്രിസ്ത്യാനികളുടെ നീതി പീഠങ്ങൾ ഒരു ക്രിസ്ത്യൻ കുറ്റവാളിയെക്കുറിച്ചുള്ള വിധി തീർപ്പിൽ എത്തിച്ചേർന്നതിനു ശേഷം കുറ്റവാളി ദൈവപുത്രനായ യേശുവിനോടു തന്നെ രക്ഷിക്കണമെന്ന് പ്രാർത്ഥിക്കാൻ അഭ്യർത്ഥിക്കുകയാണ് വേണ്ടത്. അതോടെ നീതിപീഠത്തിന്റെ ബാധ്യത അവസാനിക്കുന്നു. അതായത് യേശുവിന്റെ പീഡാനുഭവത്തിന്റെ ലളിതമായ കണക്കിൽ ചേർക്കേണ്ട കുറ്റവാളിയുടെ കുറ്റകൃത്യങ്ങളായി അതു ഗണിക്കപ്പെടുന്നതാണ്.

# സുന്നത്തും ഹദീസും - പ്രാമാണികതയിലെ വ്യത്യാസം

ഹസ്റത്ത് അഹ്മദ് (അ)

**തിരുനബി (സ) യിൽ നിന്ന് സഹാബിമാരിലേക്കും, സഹാബിമാരിൽ നിന്നും അടുത്ത തലമുറകളിലേക്കും പകർന്നു വന്ന അഖണ്ഡ പാരമ്പര്യമാണ് സുന്നത്ത്. പ്രാമാണികതയിൽ ഹദീസിനേക്കാൾ സമുന്നത സ്ഥാനം സുന്നത്തിന്നുണ്ട്.**

മതപരമായ കാര്യങ്ങളിൽ മുസ്ലിംകൾക്ക് മാർഗ്ഗദർശനമായി വിശുദ്ധ ഖുർആനോട് തൊട്ടടുടുത്തു നിൽക്കുന്നത് സുന്നത്ത് അഥവാ തിരുനബിചര്യയാണ്. നബി (സ.അ) തന്റെ പ്രായോഗിക ജീവിതത്തിലൂടെ വിശുദ്ധഖുർആന്റെ അദ്ധ്യാപനങ്ങൾക്കു നൽകിയ വിശദീകരണമാണ് സുന്നത്ത്. ഉദാഹരണമായി, നമസ്കാരമനുഷ്ഠിക്കാൻ വിശുദ്ധഖുർആൻ നമ്മോടു അനുശാസിക്കുന്നു. എന്നാൽ വ്യത്യസ്ത സമയങ്ങളിലുള്ള നമസ്ക്കാരങ്ങളുടെ റക്കഅത്തുകൾ ഖുർആൻ നിശ്ചയിച്ചിട്ടില്ല. പ്രായോഗിക ജീവിതത്തിൽ അനുഷ്ഠിക്കാൻ വിശുദ്ധഖുർആൻ നിർദ്ദേശിച്ചിട്ടുള്ള എല്ലാ കല്പനകളും നബി (സ.അ)യുടെ നടപടിക്രമം പൂർണ്ണമായി വിശദീകരിക്കുന്നു. സുന്നത്തും ഹദീസും ഒന്നാണെന്ന് കരുതുന്നത് അബദ്ധമാണ്. വിശുദ്ധഖുർആൻ മുഖേന വെളിപ്പെട്ട ഓരോ അനുശാസനക്കുമൊപ്പം നിലവിൽ വന്നതാണ് സുന്നത്ത്. ഇത് നബി തിരുമേനി (സ.അ) യുടെ ജീവിത കാലത്തുതന്നെ പൂർണ്ണമായും സ്ഥാപിക്കപ്പെട്ടതാണ്.

എന്നാൽ ഹദീസ് അഥവാ നബി വാക്യങ്ങൾ വായ്മൊഴികളായി നിലനിന്നത്, നബി (സ) ക്കുശേഷം ഒരു നൂറ്റാണ്ടു കഴിഞ്ഞു ശേഖരിക്കപ്പെട്ടതും ക്രമീകരിക്കപ്പെട്ടതുമാണ്. വിശുദ്ധഖുർആനും സുന്നത്തും ഒരേ കാലഘട്ടത്തിലുണ്ടായതും ഹദീസ് വളരെ വർഷങ്ങൾക്കു ശേഷമുണ്ടായതുമാണ്. സർവ്വശക്തനായ ദൈവത്തിനും അവന്റെ പ്രവാചകനും രണ്ടുത്തരവാദിത്തങ്ങളാണുണ്ടായിരുന്നത്. സർവ്വശക്തനായ ദൈവം തന്റെ ഇച്ഛ തന്റെ വചനങ്ങളാകുന്ന വിശുദ്ധഖുർആൻ മുഖേന വെളിപ്പെടുത്തിയപ്പോൾ പ്രവാചകൻ അല്ലാഹുവിന്റെ വചനങ്ങൾക്കു പ്രായോഗികമായ വിശദീകരണം നൽകി. അത്യാവശ്യമായ എല്ലാ വിവരങ്ങളും ഹദീസ് നൽകുന്നുവെന്നു ധരിക്കുന്നത് അബദ്ധമാണ്. ഹദീസ് രേഖപ്പെടുത്തപ്പെടുന്നതിനു മുമ്പു തന്നെ ഇസ്ലാം ഭൂമിയിൽ പൂർണ്ണമായ നിലയിൽ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഇസ്ലാമിന്റെ കല്പനകൾ ലക്ഷക്കണക്കിനാളുകളുടെ മാർഗ്ഗദർശകതത്വങ്ങളായിരുന്നു. ശരീഅ ത്ത് അനുശാസിക്കുന്നതനുസരിച്ച് നമസ്കാരം, സക്കാത്ത്, ഹജ്ജ് എന്നീ കർമ്മങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുണ്ട്. ഹദീസ് ശേഖരിക്കപ്പെടുന്നതിന് എത്ര യോ മുമ്പുതന്നെ അനുവദനീയവും നിഷിദ്ധവുമായ കാര്യങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു.

ഇസ്ലാമിക നിയമത്തിൽ ഹദീസിന് മൂന്നാം സ്ഥാനമുണ്ടെന്നതിൽ സംശയമില്ല. ചരിത്രപരമായ നിരവധി പ്രശ്നങ്ങളിലേക്ക് അവ വെളിച്ചം വീശിയിരുന്നു. ഇസ്ലാമിക നീതി ശാസ്ത്ര തത്വങ്ങൾക്ക് ഹദീസ് ഒരു മുതൽക്കൂട്ടായിരുന്നു. പ്രത്യേക സാഹചര്യങ്ങളിൽ വിശുദ്ധഖുർആന്റെ തത്വങ്ങൾ പ്രയോഗവൽക്കരിക്കുന്നതിൽ ഹദീസ് ഏറെ സഹായകവുമായിരുന്നു. അഹ്ലെ ഹദീസുകാർ സുന്നത്തും ഹദീസും കൂട്ടിക്കുഴച്ചു നബിവചനങ്ങളെയും സുന്നത്തിനെയും ഹദീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സുന്നത്ത് എന്നത് നബി തിരുമേനിയുടെ (സ:അ) മേൽനോട്ടത്തിൽത്തന്നെ സ്ഥാപിക്കപ്പെട്ടതാണെന്ന കാര്യം നാം ഓർക്കണം. എന്നാൽ നബി (സ.അ) തിരുമേനിയു

ടെയും സഹാബാക്കളുടെയും മരണം വരെ, സിദ്ധാന്തപരമായ കാര്യങ്ങളിൽ മാർഗ്ഗദർശകമാവും വിധം ഹദീസ് ശേഖരിക്കപ്പെടുകയോ തരംതിരിക്കപ്പെടുകയോ ചെയ്തിരുന്നില്ല. അതിനാൽ ഹദീസ് ഖുർആന്റെയൊ സുന്നത്തിന്റെയൊ മുകളിൽ വരുന്നില്ല. മുസ്‌ലിം നിയമത്തിന്റെ മൂന്നു സ്രോതസ്സുകളായ ഇവയുടെ പ്രാമാണികത വ്യത്യസ്തമാണ്. വിശുദ്ധഖുർആൻ സ്വച്ഛവും മാറ്റിമറിക്കപ്പെടാത്തതുമായ ദൈവ വചനങ്ങളാണ്. സർവ്വകാര്യങ്ങളിലുമുള്ള അതിന്റെ പ്രാമാണികത ചോദ്യം ചെയ്യപ്പെടാവുന്നതല്ല. സുന്നത്ത് എന്നത് നബി (സ.അ) തിരുമേനിയുടെ ജീവിത ചര്യയാണ്. അതു മുഖേന തിരുമേനി (സ) തന്റെ സഹചരർക്ക് മാർഗ്ഗദർശനം നൽകി. അന്നു മുതൽ യഥാർത്ഥ മുസ്‌ലിംകളെല്ലാം അതിനെ പിന്തുടരുന്നു. സുന്നത്തിനു പ്രാമാണികതയിൽ രണ്ടാം സ്ഥാനമാണെങ്കിലും ഹദീസിനേക്കാൾ വളരെ ഉന്നതമായ സ്ഥാനം അതിനുണ്ട്. എന്തെന്നാൽ, സുന്നത്ത് നബി തിരുമേനി (സ.അ) സ്വയം സ്ഥാപിച്ചതാണ്. വളരെ സുരക്ഷിതമായ മാധ്യമം മുഖേന നമുക്ക് ലഭിച്ചതുമാണ്. എന്നാൽ ഈ വിശ്വാസ്യത ഹദീസിനു നൽകാവതല്ല. ഹദീസിന്റെ പ്രാമാണികത വിശുദ്ധഖുർആനും സുന്നത്തിനും വിരുദ്ധമല്ലെങ്കിൽ മാത്രം കണക്കിലെടുക്കുകയുള്ളൂ. വിശുദ്ധഖുർആനും സുന്നത്തിനുമുള്ള വിശ്വാസ്യത ഹദീസിന്നില്ലെന്നത് നിസ്സംശയമാണ്. എന്നാൽ ഹദീസ് മുഴുവനും കറ്റുകെട്ടാണെന്നു കരുതുന്നത് ഗുരുതരമായ അബദ്ധമാണ്. വിശുദ്ധഖുർആന്റെയും സുന്നത്തിന്റെയും ഉരക്കല്ലിൽ പരിശോധിക്കപ്പെട്ട ശേഷം സത്യമാണെന്ന് ബോധ്യപ്പെട്ട ഹദീസ് സ്വീകരിക്കുക തന്നെ വേണം. എന്തെന്നാൽ അതിന്റെ അന്തിമ സ്രോതസ്സ് നബി തിരുമേനി (സ. അ) തന്നെയാണ്. വിശുദ്ധഖുർആനും സുന്നത്തും വ്യാജപ്പെടുത്താത്ത ഹദീസ് നാം തള്ളിക്കളയരുത്. എന്തെന്നാൽ അത് നബിതിരുമേനി (സ.അ) യുടെ വാക്കുകളെ നിഷേധിക്കലാവും. വിശുദ്ധഖുർആന്റെ അദ്ധ്യാപനവുമായി ഒരു ഹദീസ് വിരുദ്ധമാണെന്നു കണ്ടാൽ അതിനു വിശുദ്ധഖുർആനുമായി പൊരുത്തപ്പെടുന്ന അർത്ഥം നൽകണം. എന്നാൽ അങ്ങനെ പൊരുത്തപ്പെടുത്തുക അസാദ്ധ്യമാണെന്ന് കണ്ടാൽ ആ ഹദീസ് നബി തിരുമേനിയുടെ വാക്കുകളാകാൻ സാധ്യതയില്ല. ഹദീസ് ശേഖരിച്ചവരുടെ പക്കൽ സംശയാസ്പദമാണെങ്കിലും ഒരു നബി വാക്യം വിശുദ്ധഖുർആനുമായി പൊരുത്തപ്പെടുന്നുണ്ടെങ്കിൽ അതിന്റെ പ്രാമാണികത ചോദ്യം ചെയ്യപ്പെടാവതല്ല. അതുപോലെത്തന്നെ ഒരു നബിവാക്യത്തിലടങ്ങിയ പ്രവചനം നിങ്ങളുടെ ജീവിത കാലത്തോ അതിനു മുമ്പോ പൂർത്തിയായതായിക്കണ്ടാൽ, അറിയുക, തീർച്ചയായും, അത് നബി തിരുമേനി (സ. അ)യുടെ വാക്യം തന്നെയാണ്. ആ നബി വാക്യത്തിന്റെ പ്രാമാണികതയേയും സത്യതയേയും ചോദ്യം ചെയ്യുന്നവരാണ് കുറ്റപ്പെടുത്തപ്പെടേണ്ടത്. എന്തെന്നാൽ, ആ നബി വാക്യത്തിലടങ്ങിയ പ്രവചനം പൂർത്തിയാക്കിക്കൊണ്ട് സർവ്വശക്തനായ അല്ലാഹു തന്നെ അതിന്റെ സത്യത മുദ്രണം ചെയ്തിരിക്കുന്നു.

**ഒരു നബിവാക്യത്തിലടങ്ങിയ പ്രവചനം നിങ്ങളുടെ ജീവിത കാലത്തോ അതിനു മുമ്പോ പൂർത്തിയായതായിക്കണ്ടാൽ, അറിയുക, തീർച്ചയായും, അത് നബി തിരുമേനി (സ. അ)യുടെ വാക്യം തന്നെയാണ്. ആ നബി വാക്യത്തിന്റെ പ്രാമാണികതയേയും സത്യതയേയും ചോദ്യം ചെയ്യുന്നവരാണ് കുറ്റപ്പെടുത്തപ്പെടേണ്ടത്. എന്തെന്നാൽ ആ നബി വാക്യത്തിലടങ്ങിയ പ്രവചനം പൂർത്തിയാക്കിക്കൊണ്ട് സർവ്വശക്തനായ അല്ലാഹു തന്നെ അതിന്റെ സത്യത മുദ്രണം ചെയ്തിരിക്കുന്നു.**

ഹദീസിനെ ബഹുമാനാദരവുകളോടെ വീക്ഷിക്കുന്നതോടൊപ്പം തന്നെ അതിനെ ദുരുപയോഗപ്പെടുത്തിയതിനെക്കുറിച്ച് ഞാൻ മുന്നറിയിപ്പു നൽകുന്നു. മുസ്‌ലിംകളിലെ വിമത വിഭാഗങ്ങൾ തങ്ങളുടെ വീക്ഷണങ്ങളെ ന്യായീകരിക്കാൻ ഈ രംഗത്ത് വളരെയധികം വ്യാജങ്ങൾ കെട്ടിച്ചമച്ചിട്ടുണ്ട്. അങ്ങനെ ഓരോ വിഭാഗത്തിനും തങ്ങളുടെ പരമ്പരാഗത വിശ്വാസങ്ങൾ ഉണ്ടാവുകയും ചെയ്തു. അവയിലുള്ള വ്യത്യാസങ്ങൾ കാരണം ചില സന്ദർഭങ്ങളിൽ സുന്നത്തിന്റെ തന്നെ ഐക്യത്തിന് ഭംഗം വന്നിട്ടുണ്ട്. നമസ്ക്കാരം അനുഷ്ഠിക്കുന്നതിൽ ഒന്നിൽ കൂടുതൽ രീതികൾ സുന്നത്ത് നമ്മെ പഠിപ്പിച്ചിട്ടില്ല. എന്നാൽ ഇക്കാര്യത്തിൽ പോലും ചില ഹദീസുകൾ മുസ്‌ലിംകളെ നിരവധി വിഭാഗങ്ങളാക്കി ഭിന്നിപ്പിച്ചിരിക്കുന്നു. ഹദീസിന്റെ ആധികാരികതയെക്കുറിച്ചുള്ള തെറ്റായ വീക്ഷണം മുസ്‌ലിംകളിലെ നിരവധി വിഭാഗങ്ങളെ വഴികേടിലാക്കിയിരിക്കുന്നു. ദൈവ വചനങ്ങളെ അഗണ്യമാക്കി പരമ്പരാഗത വിശ്വാസങ്ങൾക്ക് പ്രാധാന്യം നൽകിയതാണ് ജൂതന്മാർ വഴികേടിലാവാൻ കാരണം. യേശുവിന്റെ ആഗമനത്തിനുമുമ്പ് ഏലിയാ പ്രവാചകൻ ആകാശത്ത് നിന്നിറങ്ങി വരണം എന്ന പരമ്പരാഗത വിശ്വാസത്തിൽ ഒട്ടിനിന്നതു ഹേതുവായി, ഏലിയാ പ്രവാചകന്റെ ആത്മീയ ശക്തിയിൽ വരുന്ന വേറൊരാളെക്കുറിച്ചാണ് പറയപ്പെട്ടിരിക്കുന്നതെന്ന യേശു (അ) വിന്റെ വ്യാഖ്യാനം ജൂതന്മാർക്ക് സ്വീകാര്യമായില്ല. ഏലിയാ പ്രവാചകൻ ശാരീരികമായിത്തന്നെ ആകാശത്ത് നിന്ന് ഇറങ്ങുമെന്നും ആത്മീയമായ ഇറക്കമല്ല ഉദ്ദേശിക്കപ്പെട്ടതെന്നും ജൂതന്മാർ വിശ്വസിച്ചു. വിശുദ്ധഖുർആനിൽ പറയപ്പെട്ടതുപോലെ ഹദീസ് ഗ്രന്ഥമായ ബുഖാരിയിലും ഈസാ നബിയുടെ (അ) മരണത്തെസ്സംബന്ധിച്ച് വ്യക്തമായി പറയുന്നു. അപ്രകാരം സഹീഹ് മുസ്‌ലിമും മറ്റു ഹദീസു ഗ്രന്ഥങ്ങളും പ്രധാനപ്പെട്ട മതപരമായ സത്യങ്ങളടങ്ങിയവയാണ്. യഥാർത്ഥ മുസ്‌ലിംകളെല്ലാം അവയനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. എന്നാൽ അവ വിശുദ്ധഖുർആന്നും സുന്നത്തിനും വിരുദ്ധമാവരുത്. (അവലംബം: Review of Religions).

**വിവ: കെ. വി. ഹസ്സൻ കോയ**

അൽഇദ്‌രീസി : ആദ്യത്തെ ശാസ്ത്രീയ ഭൂപട നിർമ്മാതാവ് - 2.

# വെള്ളിവൃത്ത ഫലകത്തിലെ ഭൂപടം

ഫ്രാൻസസ് ഗേയസ്

**മധ്യകാലത്തെ ക്രിസ്തീയ പണ്ഡിതന്മാർ രചിച്ച ഉപയോഗ ശൂന്യമായ ഭൂപടങ്ങളിൽ നിന്നും അൽ ഇദ്‌രീസിയുടെ മാപ്പ് സൂക്ഷ്മതയിലും ശാസ്ത്രീയതയിലും വളരെ മികച്ചു നിൽക്കുന്നു.**

ഭൂപട നിർമ്മാണത്തിനുവേണ്ടി അതുവരെ ശേഖരിച്ച ഭൂമിശ്ശാസ്ത്രപരമായ രചനകൾ അൽഇദ്‌രീസിയുടെ നേതൃത്വത്തിലുള്ള ഭൂമിശ്ശാസ്ത്ര വിദഗ്ദന്മാരും റോജർ രാജാവും പരിശോധിച്ചപ്പോൾ അതു മുഴുവൻ പോരായ്മകളും വൈകല്യങ്ങളും നിറഞ്ഞതാണെന്നു കണ്ടെത്തുകയും വസ്തുനിഷ്ഠമായ ഒരു ഗവേഷണത്തിനു തുടക്കമിടാൻ തീരുമാനിക്കുകയും ചെയ്തു. ഇതിന്നായി ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയുമുണ്ടായി. ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ പറ്റിയ സ്ഥലം എന്ന നിലക്ക് സിസിലിയിലെ തിരക്കേറിയ കോസ്മോപൊളിറ്റൻ തുറമുഖങ്ങളാണ് തിരഞ്ഞെടുത്തത്. സിസിലിയിലെ പലേർമോ, മെസീന, കതാനിയ മുതലായ തുറമുഖങ്ങളിൽ നങ്കൂരമിട്ടിരുന്ന കപ്പലുകളിലെ ജോലിക്കാരെയും യാത്രക്കാരെയും ഉപയോഗപ്പെടുത്തി ഈ ആവശ്യത്തിനുവേണ്ടി വർഷങ്ങളോളം വിവരങ്ങൾ ശേഖരിച്ചുകൊണ്ടിരുന്നു. അവർ സഞ്ചരിച്ചിരുന്ന സ്ഥലങ്ങളെപ്പറ്റിയുള്ള സൂക്ഷ്മമായ വിവരങ്ങളായിരുന്നു ശേഖരിച്ചിരുന്നത്. ഇതിന്നായി തുറമുഖങ്ങളിൽ നിയമിച്ച കമ്മീഷൻ ഏജന്റുമാർ പുതിയ സ്ഥലങ്ങൾ സന്ദർശിച്ചു സഞ്ചാരികളെ തേടിപ്പിടിച്ചു പാലേർമോ കൊട്ടാരത്തിൽ അൽഇദ്‌രീസിയുടെ അടുക്കൽ കൂടിക്കാഴ്ചക്കായി കൊണ്ടു വരുമായിരുന്നു.

അവിടെ വെച്ച് അദ്ദേഹം സഞ്ചാരികളെ വിശദമായി ചോദ്യം ചെയ്തു ഭൂപരമായ സൂക്ഷ്മാംശങ്ങൾ മനസ്സിലാക്കി. ചിലപ്പോൾ റോജർ രാജാവും സഞ്ചാരികളുമായി അഭിമുഖം നടത്തി. രാജ്യങ്ങളുടെ കാലാവസ്ഥ, നദികൾ, തടാകങ്ങൾ, പർവ്വതങ്ങൾ, തീരങ്ങളുടെ ആകൃതി, മണ്ണിന്റെ സ്വഭാവം മുതലായ വിവരങ്ങളെല്ലാം ആരാഞ്ഞു. അവിടുത്തെ റോഡുകൾ, കെട്ടിടങ്ങൾ, സ്മാരകങ്ങൾ, കൃഷി, കൈവേലകൾ, ഇറക്കുമതി, കയറ്റുമതി, മറ്റ് അത്ഭുതങ്ങൾ എന്നിവയെപ്പറ്റിയും അദ്ദേഹം അന്വേഷിച്ചറിഞ്ഞു. കൂടാതെ അവരുടെ സംസ്ക്കാരം, മതം, ആചാരം, ഭാഷ മുതലായവയെപ്പറ്റിയും വിവരങ്ങൾ ശേഖരിച്ചു. ഇതിനെല്ലാം പുറമെ വിശദാംശങ്ങൾ അറിയാത്ത സ്ഥലങ്ങളിലേക്ക് ശാസ്ത്രീയ പര്യവേക്ഷണ സംഘങ്ങളെയും അയക്കുമായിരുന്നു. ഭൂപട വരപ്പുകാരും (Cartographers) വരപ്പുകാരും (Draftsman) ഉൾപ്പെട്ടതായിരുന്നു ഈ സംഘം. ഇങ്ങനെയായിരുന്നു രാജ്യങ്ങളുടെ ഭൂപടം അവർ തയ്യാറാക്കി വന്നത്.

ഈ ഗവേഷണത്തിനിടയിൽ അൽ ഇദ്‌രീസിയും റോജർ രാജാവും ശേഖരിച്ച അടിസ്ഥാന വസ്തുതകൾ (Data) സഞ്ചാരികളുടെ വിവരങ്ങളുമായി ഒത്തുനോക്കും. എന്നിട്ടു സംശയം തോന്നുന്നതും പരസ്പര വിരുദ്ധവുമായ വിവരങ്ങളെല്ലാം ഒഴിവാക്കും. ഇങ്ങനെ വസ്തുതകൾ ശേഖരിച്ചു വിശകലനം ചെയ്തു പഠിക്കുന്ന പ്രക്രിയ 15 വർഷങ്ങളോളം നീണ്ടുനിന്നു. ഈ സുദീർഘമായ കാലത്തിനിടയിൽ ഒരു ദിവസം പോലും റോജർ രാജാവ് അൽഇദ്‌രീസിയെ ബന്ധപ്പെടാതിരുന്നിട്ടില്ല. രാജാവ് ഭൂമിശാസ്ത്രജ്ഞന്മാർക്കു വിയോജിപ്പുള്ള കാര്യങ്ങൾ പഠിക്കുകയും ജ്യോതിശ്ശാസ്ത്രപരമായ കണക്കുകളും പട്ടികകളും, യാത്രാ വിവരണങ്ങളും വിശദമായി പരിശോധിക്കുകയും ഇതു സംബന്ധമായ പുസ്തകങ്ങൾ സൂക്ഷ്മമായി വായിച്ചു മനസ്സിലാക്കുകയും ചെയ്തു.

വിശദമായ പ്രാഥമിക പഠനങ്ങൾക്കു

ശേഷം അവസാനമായി ഭൂപട നിർമ്മാണം ആരംഭിച്ചു. അൽഇദ്‌രീസിയുടെ നേതൃത്വത്തിൽ ആദ്യമായി ഭൂപടത്തിന്റെ പ്രാഥമിക രൂപരേഖ ഡ്രോയിംങ് ബോർഡിൽ രൂപം കൊണ്ടു. വടക്കുനോക്കിയന്ത്രത്തിന്റെ സഹായത്തോടെ മുമ്പേ തയ്യാറാക്കിയ പട്ടിക നോക്കി സ്ഥലങ്ങൾ അടയാളപ്പെടുത്തി. അതിന്ശേഷം 80 ഇഞ്ച് വ്യാസമുള്ളതും 300 പൗണ്ട് ഭാരമുള്ളതുമായ വെള്ളികൊണ്ട് വൃത്താകൃതിയിൽ ഒരു ഫലകം നിർമ്മിച്ചു. അതിലേക്ക് ഭൂപടം വരച്ചുചേർത്തു. അതിന്റെ സ്ഥിരതക്കും രൂപമാറ്റത്തിനുള്ള സൗകര്യത്തിനും വേണ്ടിയാണ്. വെള്ളിലോഹം തന്നെ തിരഞ്ഞെടുത്തത്.

അൽഇദ്‌രീസി വിശദീകരിക്കുന്നു: "ഈ ഫലകം ഭൂമിയുടെ ആകൃതിയുടെ പ്രതീകമാണ്. ഭൂമി ഗോളാകാരത്തിലുള്ളതാണ്. മാറ്റമില്ലാത്ത രീതിയിൽ പ്രകൃതി സന്തുലനത്തിലൂടെ ജലം അതിൽ ഒട്ടിപ്പിടിച്ചു നിൽക്കുകയും ചെയ്യുന്നു. മുട്ടയിലെ മഞ്ഞക്കരുവിനെപ്പോലെയാണ് ഭൂമി അന്തരീക്ഷത്തിൽ സ്ഥിരമായി നിൽക്കുന്നത്. വായൂ നാലു ഭാഗത്തും അതിനെ വലയം ചെയ്തിരിക്കുന്നു. എല്ലാ ജീവികളും ഭൂമിയുടെ ഉപരിതലത്തിൽ സ്ഥിരമായി നിൽക്കുന്നു. ഘനമേറിയ ഭൂമി ഘനം കുറഞ്ഞ വായുവിനെ കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതു പോലെ ആകർഷിക്കുന്നു."

അൽഇദ്‌രീസിയുടെ അഭിപ്രായങ്ങളിൽ നിന്നും അദ്ദേഹം ഭൂമി ഉരുണ്ടതാണെന്ന് മനസ്സിലാക്കിയിരുന്നതായി വ്യക്തമാവുന്നു. അദ്ദേഹം മാത്രമായിരുന്നില്ല അങ്ങനെ ധരിച്ചത്. നമുക്കിടയിലുള്ള വ്യാപകമായ ഒരു തെറ്റിദ്ധാരണ കൊളംബസിന്റെ (AD പതിനാറാം നൂറ്റാണ്ട്) കാലം വരെ എല്ലാവരും ഭൂമി പരന്നതാണെന്ന വിശ്വാസക്കാരായിരുന്നു എന്നതാണ്. അതു ശരിയല്ല. ക്രിസ്തുവിനു മുമ്പ് അഞ്ചാം നൂറ്റാണ്ടു മുതൽ തന്നെ ഭൂമി ഒരു ഗോളമാണെന്ന് പല പണ്ഡിതന്മാരും ഭൂഗോള വിജ്ഞാനികളും മനസ്സിലാക്കിയിരുന്നു. ബി.സി. 3-ാം നൂറ്റാണ്ടിൽ അലക്സാണ്ട്റിയയിലെ ജ്യോതിശ്ശാസ്ത്ര പണ്ഡിതനായിരുന്ന ഇറാസ്തോ സ്തനീസ് അത്ഭുതകരമായ കൃത്യതയോടെ ഭൂമിയുടെ വൃത്തപരിധി കണക്ക്കൂട്ടി നിർണ്ണയിക്കുകയുണ്ടായി. 1.7 ശതമാനമോ 3.1 ശതമാനമോ മാത്രമാണ് പിശകുണ്ടായിരുന്നത്. (ഈ പിശകിലെ രണ്ട് വ്യത്യസ്ത സംഖ്യകൾ തന്നെ ആധുനിക പണ്ഡിതന്മാർക്ക് അദ്ദേഹം ഉപയോഗിച്ച അളവു രീതികളെ സംബന്ധിച്ചു നിശ്ചയമില്ലാത്തതുകൊണ്ടാണ്) അതിനു മുമ്പ് ബി.സി.നാലാം നൂറ്റാണ്ടിൽ ടോളമിക്ക് 30 ശതമാനം വ്യത്യാസത്തിൽ ഭൂമിയുടെ ചുറ്റളവ് കണക്കു കൂട്ടാൻ കഴിഞ്ഞിരുന്നു. ഒൻപതാം നൂറ്റാണ്ടിൽ ഖലീഫ മാമൂന്റെ (ഹാറൂൻ അൽറഷീദ്) രക്ഷാകർതൃത്ത്വത്തിൽ 70 മുസ്‌ലിം പണ്ഡിതന്മാർ സിറിയൻ മരുഭൂമിയിൽ ഒത്തുചേർന്നു ഭൂമിയുടെ അക്ഷാംശരേഖയുടെ (latitude) ഡിഗ്രി അളവ് നിശ്ചയിച്ചിരുന്നു. അതിന്നു മുമ്പത്തെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ചെയ്തത്പോലെ ദൂരത്തെ സംബന്ധിച്ചു സഞ്ചാരികളുടെ ഊഹത്തെ ആശ്രയിക്കുന്നതിനു പകരം കരയിൽക്കൂടെ സഞ്ചരിക്കുമ്പോൾ ധ്രുവനക്ഷത്രം ഒരു ഡിഗ്രി ഉയരത്തിലെത്തുന്നയത്ര ദൂരം അവർ അളവുകോൽ കൊണ്ട് അളന്ന് തിട്ടപ്പെടുത്തി. ഈ കണക്കുകൂട്ടൽ അനുസരിച്ചു ഭൂമിയുടെ ചുറ്റളവ് 22,422 മൈൽ ആണെന്ന് അവർ ഗണിച്ചെടുത്തു. 3.6% മാത്രമാണ് പിഴവ്. ഏകദേശം ഇറാസ്തോസ്തനീസിന്റെ കണക്ക്കൂട്ടലിനോട് അടുത്തു നിൽക്കുകയും ടോളമിയുടേതിൽ നിന്നു വളരെ മികച്ചു നിൽക്കുകയും ചെയ്തിരുന്നു ഇത്.

**അൽഇദ്‌രീസിയുടെ അഭിപ്രായങ്ങളിൽ നിന്നും അദ്ദേഹം ഭൂമി ഉരുണ്ടതാണെന്ന് മനസ്സിലാക്കിയിരുന്നതായി വ്യക്തമാവുന്നു. അദ്ദേഹം മാത്രമായിരുന്നില്ല അങ്ങനെ ധരിച്ചത്. നമുക്കിടയിലുള്ള വ്യാപകമായ ഒരു തെറ്റിദ്ധാരണ കൊളംബസിന്റെ (AD പതിനാറാം നൂറ്റാണ്ട്) കാലം വരെ എല്ലാവരും ഭൂമി പരന്നതാണെന്ന വിശ്വാസക്കാരായിരുന്നു എന്നതാണ്. അത് ശരിയല്ല. ക്രിസ്തുവിനു മുമ്പ് അഞ്ചാം നൂറ്റാണ്ടു മുതൽ തന്നെ ഭൂമി ഒരു ഗോളമാണെന്നു പല പണ്ഡിതന്മാരും ഭൂഗോള വിജ്ഞാനികളും മനസ്സിലാക്കിയിരുന്നു.**

അക്ഷാംശരേഖ നിർണ്ണയിക്കുന്ന സമ്പ്രദായത്തിൽ ഇദ്‌രീസിയുടെ കാലത്തെ മുസ്‌ലിം ജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഒരു കുതിച്ചുചാട്ടമായിരുന്നു നടത്തിയിരുന്നത്. രേഖാംശരേഖ (Longitude) നിർണ്ണയിക്കുന്ന കാര്യത്തിൽ പതിനേഴാം നൂറ്റാണ്ടു വരെ പ്രശ്നങ്ങളുണ്ടായിരുന്നു. അറബ് ഭൂമിശാസ്ത്രജ്ഞൻമാർ ടോളമിയുടേയും മറ്റ് ഗ്രീക്ക് ശാസ്ത്രജ്ഞന്മാരുടേയും തെറ്റുകൾ തിരുത്തുകയുമുണ്ടായി. ടോളമിയുടെ കണക്കനുസരിച്ച് മെഡിറ്ററേനിയൻ കടലിന്റെ നീളം 62 ഡിഗ്രിയായിരുന്നു. പ്രഗത്ഭ ഗണിതശാസ്ത്രജ്ഞനായിരുന്ന അൽഖവാരിസ്മി അത് 52 ഡിഗ്രിയായി കുറച്ചു. സ്പാനിഷ് ഗോളശാസ്ത്രജ്ഞനായിരുന്ന അൽസർഖാലി വീണ്ടും ഈ സംഖ്യ 42 ഡിഗ്രിയായി നിജപ്പെടുത്തി. സുപ്രസിദ്ധ ജ്യോതിശ്ശാസ്ത്രജ്ഞന്മാരായ ഇറാഖിലെ അൽബത്താനി, പേർഷ്യയിലെ അൽബിറൂണി മുതലായവർ പേരുകേട്ട നഗരങ്ങളുടെ അക്ഷാംശം നിർണ്ണയിക്കുകയുണ്ടായി. അൽഇദ്‌രീസി ഭൂമിയുടെ വൃത്ത പരിധിയെ സ്സംബന്ധിച്ചു മൂന്ന് അളവുകൾ നൽകിയിരുന്നു. പക്ഷേ ഈ മൂന്നു സംഖ്യകളിൽ നിന്നും അദ്ദേഹം ഏതാണു ശരിയെന്നു തീരുമാനിച്ചില്ല. ഒന്ന് ഇറാസ്തോസ് തനീസിന്റെ ഏകദേശം ശരിയായ സംഖ്യ. രണ്ടാമത്തേത് ഇന്ത്യൻ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ഇറാസ്തോസ്തനീസിന്റേതിനേക്കാൾ ചെറിയ സംഖ്യ.

മൂന്നാമത്തേത് ടോളമിയുടേതിനേക്കാൾ വലുതും എങ്കിലും രണ്ടാമത്തേതിനേക്കാൾ ചെറുതുമായിരുന്ന സംഖ്യ.

ഭൂപടങ്ങളും ചാർട്ടുകളും നിർമ്മിക്കുന്ന വിദ്യ (Cartography) അക്കാലത്തും പ്രാകൃത നിലയിൽ തന്നെ തുടരുകയായിരുന്നു. പക്ഷേ, അതിനുമുമ്പ് ഭൂപടനിർമ്മാണ കലയിലെ ചില പ്രശ്നങ്ങൾ ടോളമി ചർച്ച ചെയ്തിരുന്നു. ഗോളാകാരമുള്ള ഭൂമിയുടെ പ്രതലത്തെ ദ്വിമാനമുള്ള പരന്ന പ്രതലത്തിൽ എങ്ങനെ പ്രക്ഷേപിക്കാൻ (Projection) സാധിക്കുമെന്ന പ്രശ്നമായിരുന്നു അത്. ഈ പ്രശ്നം പതിനാറ് പതിനേഴ് നൂറ്റാണ്ടുകളിൽവരെ പരിഹരിച്ചിട്ടില്ലായിരുന്നു. പര്യവേക്ഷണങ്ങളുടെ കാലഘട്ടത്തിൽപ്പോലും നില തൃപ്തികരമല്ലായിരുന്നു. മഹാനായ ഭൂമിശാസ്ത്രജ്ഞ ൻ ജെറാർഡ്സ് ഇതിനെപ്പറ്റി പറഞ്ഞത് ഇപ്രകാരമാണ്. "നിങ്ങൾ ഒരു തുറമുഖത്തു നിന്നും മറ്റൊരു തുറമുഖത്തേക്കു പോകാൻ ആഗ്രഹിച്ചുവെന്നിരിക്കട്ടെ. അവിടെയുള്ള ചാർട്ട് പ്രകാരം ശ്രദ്ധാപൂർവ്വം സഞ്ചരിച്ചാൽ നിങ്ങൾ ഉദ്ദേശിച്ച സ്ഥലത്തെത്തും. ഒരു പക്ഷെ നിങ്ങൾ വേഗത്തിലെത്തും. അല്ലെങ്കിൽ നിങ്ങൾ പ്രതീക്ഷിച്ചത്ര എളുപ്പത്തിൽ എത്തിച്ചേരില്ല". എന്നാൽ അൽഇദ്‌രീസിയുടെ ഈ വെള്ളി ഫലകം അഥവാ 'ഗോളവൃത്തം' അക്കാലത്തെ ഏറ്റവും ഉന്നത നിലവാരം പുലർത്തിയതും ഭൂപടമായി രൂപാന്തരം വരുത്തിയതുമായ ഭൂഗോള മാതൃകയായിരുന്നു.

അൽഇദ്‌രീസിയുടെ വിവരണ പ്രകാരം വളരെ വിദഗ്ദരായ കൊത്തുപണിക്കാരെക്കൊണ്ട് ജനവാസമുള്ള പ്രദേശങ്ങളിൽ ഏഴ് വിധത്തിലുള്ള കാലാവസ്ഥാ മേഖലകൾ (Climate zones) ആ വെള്ളിവൃത്ത ഫലകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. അതുപോലെ കിഴക്കോട്ടും പടിഞ്ഞാറോട്ടുമായി ഉത്തരധ്രുവം മുതൽ ഭൂമദ്ധ്യരേഖവരെ ടോളമിയാൽ നിർണ്ണയിക്കപ്പെട്ട അക്ഷാംശ രേഖകളും അതിൽ അടയാളപ്പെടുത്തിയിട്ടുണ്ടായിരുന്നു. അൽ ഇദ്‌രീസി തന്റെ കരട് മാപ്പ് തയ്യാറാക്കിയതിന് ശേഷം രാജ്യത്തിന്റെ അതിർത്തികൾ, സമുദ്രങ്ങൾ, നദികൾ, ഉൾക്കടലുകൾ, ഉപദ്വീപുകൾ, ദ്വീപുകൾ മുതലായവ ലോഹഫലകത്തിലേക്ക് പകർത്തി രേഖപ്പെടുത്തുന്ന ജോലി വിദഗ്ദ്ധരായ വെള്ളിലോഹപ്പണിക്കാരായിരുന്നു നിർവ്വഹിച്ചത്.

വെള്ളി ഭൂപട ഫലകത്തോടനുബന്ധിച്ചതും ഭൂമിശാസ്ത്രത്തെ സംബന്ധിച്ചതുമായ വിവരങ്ങളടങ്ങിയ 'നുസ്ഹത്ത് അൽ മുഷ്താഖ് ഫി ഇക്തിറാഖ് അൽ അഫഖ്' (ലോകത്തിന്റെ വിവിധ മേഖലകളിൽ സഞ്ചരിക്കാനാഗ്രഹിക്കുന്നവർക്കുള്ള ഉപഹാരം) എന്ന പുസ്തകം അൽഇദ്‌രീസി റോജർ രാജാവിന് സമ്മാനിക്കുകയുണ്ടായി. 'കിത്താബുൽ റുജാരി' (Roger's Book - റോജറുടെ പുസ്തകം) എന്ന ചുരുക്കപ്പേരിലാണ് ഈ പുസ്തകം പിന്നീട് അറിയപ്പെട്ടത്. ഈ പുസ്തകത്തിൽ 71 ഭൂപടങ്ങളുണ്ട്. ഒരുലോക ഭൂപടവും. 70 ഭൂമേഖലകളുടെ യാത്രാ ചാർട്ടുകളടങ്ങിയ മാപ്പുകളും റോജറുടെ പുസ്തകത്തിലുണ്ട്. രേഖാംശതലത്തിൽ വിഭജിച്ചുകൊണ്ട് ഏഴ് വ്യത്യസ്ഥ കാലാവസ്ഥാ മേഖലകൾ അടയാളപ്പെടുത്തിയ 10 ഭൂമേഖലകളും അതിൽ രേഖപ്പെടുത്തിയിരിക്കുന്നു.

റോജറുടെ പുസ്തകത്തിലെ മാപ്പുകളിലെ പട്ടികകളും, രേഖാംശവും അക്ഷാംശവും അടിസ്ഥാനമാക്കി ആധുനിക ഭൂമിശാസ്ത്രജ്ഞന്മാർ വെള്ളിവൃത്ത ഭൂപടം പുനർസൃഷ്ടിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ ഭൂപടത്തിന്റെ പുനഃസൃഷ്ടി തെളിയിക്കുന്നത്, ടോളമിയെപ്പോലെ അൽ ഇദ്‌രീസിയും ഭൂഗോളത്തിലെ ജനാധിവാസ മേഖല 180 ഡിഗ്രി രേഖാംശത്തിൽ പടിഞ്ഞാറ് അത്‌ലാന്റിക്ക് മുതൽ കിഴക്ക് ചൈന വരെയും 64 ഡിഗ്രി അക്ഷാംശത്തിൽ ഉത്തര ധ്രുവം മുതൽ ഭൂമദ്ധ്യരേഖ വരേയുള്ള പ്രദേശങ്ങളിലാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നാണ്. അൽ ഇദ്‌രീസിയുടെ വെള്ളിവൃത്ത ഗോളത്തിൽ നൈലിന്റെ ഉൽഭവം രേഖപ്പെടുത്തിയിട്ടുണ്ട്. 19-ാം നൂറ്റാണ്ടുവരെ യൂറോപ്യൻമാർക്കു കണ്ടെത്താൻ കഴിയാതിരുന്ന നൈലിന്റെ ഉത്ഭവം 12-ാം നൂറ്റാണ്ടിൽ തന്നെ മുസ്‌ലിം സഞ്ചാരികൾക്ക് അറിയാമായിരുന്നുവെന്നു വ്യക്തമായും ഇതു തെളിയിക്കുന്നു. കൂടാതെ മദ്ധ്യ സുഡാനിലെ എല്ലാ നഗരങ്ങളും മുസ്‌ലിംകൾക്കു അറിയാമായിരുന്നു. ടോളമിയുടെ മാപ്പിനേക്കാൾ സൂക്ഷ്മത യോടെ ബാൾട്ടിക്ക് മേഖലകളും പോളണ്ടും ഇദ്‌രീസിയുടെ ഭൂപടത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഭൂമിശാസ്ത്രജ്ഞന്മാരുടെ പര്യവേക്ഷണ സാഫല്യത്തിനുദാഹരണമാണ്. ബ്രിട്ടീഷ് ദ്വീപുകളെക്കുറിച്ചുള്ള അത്ഭുതകരമായ അറിവ് മിക്കവാറും നോർമൻ ഇംഗ്ലണ്ടും നോർമൻ സിസിലിയയുമായുള്ള സമ്പർക്കത്തിൽനിന്നായിരിക്കണം ലഭിച്ചത്. സത്യസന്ധവും സൂക്ഷ്മവുമായ വസ്തുതകൾക്ക് പുറമെ സ്വകൽപിത ഭാവനയുടെ ചില വൈകല്യങ്ങളും മാപ്പിൽ കലർന്നിട്ടുണ്ട്. ഭൂപടത്തിൽ തെക്കൻ ഇറ്റലി വടക്കൻ ഇറ്റലിയേക്കാൾ അല്പം വലുതാണ്. പടിഞ്ഞാറൻ മെഡിറ്ററേനിയൻ പ്രദേശത്തിന്റെ ഗണ്യമായ ഒരു ഭാഗം സിസിലിയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സാർഡീനിയ, കോർസിക്ക മുതലായ രാജ്യങ്ങൾ വലുപ്പത്തോതിൽ ചുരുങ്ങിപ്പോയിരിക്കുകയും ചെയ്തിരിക്കുന്നു. സിസിലിയുടെ വലിയഭാഗം ഏറ്റവും സൂക്ഷ്മമായും കൃത്യമായും രേഖപ്പെടുത്തിയിട്ടുണ്ട് എന്നതിൽ അത്ഭുതപ്പെടാനില്ല.

വൈകല്യങ്ങൾ, നോട്ടക്കുറവ്, തെറ്റിദ്ധാരണകൾ എല്ലാമുണ്ടായിരുന്നെങ്കിൽത്തന്നെയും മദ്ധ്യകാല യൂറോപ്പിലുണ്ടായിരുന്ന ഭൂപടങ്ങളേക്കാൾ അൽഇദ്‌രീസിയുടെ ഭൂപടത്തിനുണ്ടായിരുന്ന മേധാവിത്വം അനിഷേധ്യമാണ്. അൽ ഇദ്‌രീസിയുടെ ഭൂപടം അതിന്റെ അസാധാരണത്വത്തിലും ചിത്രീകരണത്തിലും ക്രിസ്ത്യൻ പണ്ഡിതന്മാരുടെ, യാതൊരു വിവരണങ്ങളും വിശദാംശങ്ങളുമില്ലാത്ത മാപ്പിനേക്കാൾ മികച്ചു നിൽക്കുന്നു. യൂറോപ്പ്, വടക്കൻ ആഫ്രിക്ക, മദ്ധ്യപൗരസ്ത്യദേശം മുതലായ സ്ഥലങ്ങളുടെ പ്രത്യേകതകൾ, അൽ ഇദ്‌രീസിയുടെ ഭൂപടത്തിൽ നിന്ന് എളുപ്പത്തിൽ തിരിച്ചറിയാം. അതുപോലെ ബ്രിട്ടൻ, അയർലന്റ്, സ്പെയിൻ, ഇറ്റലി, ചെങ്കടൽ, നൈൽ നദി മുതലായ

വയും വേർതിരിച്ചറിയാൻ സാധിക്കും.

വെള്ളിവൃത്തഫലകത്തോടൊപ്പമുള്ള പുസ്തകം ഏറ്റവും സുപ്രധാനമായ ഒരമൂല്യനിധിയാണ്. പൊതു ഭൂമിശാസ്ത്രം എന്ന നിലക്കും ലോകത്തെ സംബന്ധിച്ച് ഏറ്റവും വിശദമായ ഒരു വിവരണം എന്ന നിലക്കും മധ്യകാലഘട്ടത്തിലെ 'റോജറുടെ പുസ്തകം' അത്ഭുതകരമായ ഒരു രചനയാണ്. മാപ്പിലെ ജനാധിവാസ മേഖല ടോളമിയുടെ ആധാര ധ്രുവരേഖയിൽ (Prime meridian) നിന്നും ആരംഭിക്കുന്നു. ആദ്യത്തെ കാലാവസ്ഥാ മേഖല കാനറി ദ്വീപുകളാണ്. ഭൂമിയിലെ അധിവാസ മേഖലകളെക്കുറിച്ചു വളരെ വ്യവസ്ഥാപിതമായി അൽ ഇദ്രീസിയുടെ ഭൂപടത്തിൽ വിവരിച്ചിട്ടുണ്ട്. അതിനെ കിഴക്ക് പടിഞ്ഞാറായും തെക്ക് വടക്കായും ഏഴ് കാലാവസ്ഥകളുള്ള 10 ഭൂമേഖലകളായി വിഭജിച്ചിരിക്കുന്നു. ഓരോ മേഖലയെസ്സംബന്ധിച്ചുമുള്ള വിവരണങ്ങൾ അതിലുണ്ട്. നഗരങ്ങളെപ്പറ്റി വളരെ വിശദമായ വിവരണങ്ങളടങ്ങിയ ഒരു ലിസ്റ്റ് ആ പുസ്തകത്തിലുണ്ട്. നഗരങ്ങൾ തമ്മിലുള്ള ദൂരവ്യത്യാസവും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ഫെസിൽ നിന്നും കിഴക്കോട്ട് നീണ്ടു കിടക്കുന്ന ജിബ്രാൾട്ടർ കടൽത്തീരത്തുള്ള കൊയാട്ടയിലേക്കുള്ള വഴിദൂരം 7 ദിവസമാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഫെസിൽ നിന്നും ടിലെംസണിലേക്ക് 9 ദിവസത്തെ വഴിദൂരം. ഫെസ് നഗരത്തിലൂടെ ഒഴുകുന്ന സീബോനദിയെപ്പറ്റിയും അതിൽ വിവരണങ്ങളുണ്ട്.

അൽഇദ്രീസിയുടെ മാപ്പിൽ കാലാവസ്ഥ അടിസ്ഥാനമാക്കി വേർതിരിക്കപ്പെട്ട മേഖല പടിഞ്ഞാറൻ കടലിൽ നിന്നാണ് ആരംഭിക്കുന്നത്. ഇരുണ്ട സമുദ്രം എന്നാണ് അതിനെ വിളിച്ചിരിക്കുന്നത്. ഈ കടലിൽ ഭാഗ്യദ്വീപുകൾ എന്നറിയപ്പെടുന്ന രണ്ട് ദ്വീപുകളുണ്ട്. ഈ ദ്വീപുകൾക്കപ്പുറം മനുഷ്യാധിവാസമുണ്ടോ എന്ന കാര്യം ആർക്കുമറിയില്ല. തെക്കു ഭാഗത്ത് നീഗ്രോകളുടെ നൈൽ എന്ന പേരിൽ ഒരു നദി രേഖപ്പെടുത്തിയിരിക്കുന്നു. നൈജീരിയയെയും സെനഗലിനെയും ബന്ധിപ്പിക്കുന്ന ഈ നദി മദ്ധ്യ ആഫ്രിക്കയിൽ നിന്നും ഉദ്ഭവിച്ചുപടിഞ്ഞാറോട്ടൊഴുകി അറ്റ്ലാന്റിക്കിൽ പതിക്കുന്നു. ഈ നദി വഴിയാണ് സുഡാനിലേക്ക് ഉപ്പു കച്ചവടം നടത്തിയിരുന്നത്. അൽ ഇദ്രീസി ഘാനയിലെ നശിച്ചുപോയ ഒരു പട്ടണത്തെപ്പറ്റി പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. നീഗ്രോ രാജ്യങ്ങളിൽ വെച്ചേറ്റവും ജനസാന്ദ്രമായതും, ഏറ്റവും കൂടുതൽ വാണിജ്യം തഴച്ചു വളർന്നതും ഏറ്റവും പ്രധാനപ്പെട്ടതുമായിരുന്നു ഈ പട്ടണമെന്ന് അദ്ദേഹം വിശദീകരിക്കുന്നു. ആദ്യത്തെ കാലാവസ്ഥാ മേഖലയിലെ നാലാം വിഭാഗം നൈൽ നദിയുടെ ഉത്ഭവസ്ഥാനത്താണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ഏറെക്കുറെ കൃത്യമാണ്. ഈ മേഖലയിൽ വെച്ച് നീഗ്രോ നൈൽ ഈജിപ്തിലെ നൈലുമായി കൂടിച്ചേരുന്നതായും അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്.

അൽഇദ്രീസി സ്പെയിനിനെക്കുറിച്ചു വളരെ വിശദമായി വിവരിച്ചിട്ടുണ്ട്. അവിടെയായിരുന്നല്ലോ അദ്ദേഹം വിദ്യാർത്ഥി ജീവിതം ചെലവഴിച്ചത്. അദ്ദേഹം സ്പെയിനിലെ ടൊളഡോ നഗരത്തിന്റെ സൈനിക പ്രാധാന്യത്തെ വളരെയധികം വാഴ്ത്തുന്നുണ്ട്. കോട്ടകൊത്തളങ്ങളും ചുറ്റുമതിലും കൊണ്ട് സുരക്ഷിതമായിരുന്നു ആ നഗരം. ടൊളഡോ നഗരത്തിലെ കെട്ടിടങ്ങളോടും അവിടുത്തെ ഉയരമുള്ള മതിലുകളോടും താരതമ്യം ചെയ്യാൻ ചുരുക്കം ചില പട്ടണങ്ങളേയുള്ളൂ. ടൊളോഡോവിന് ചുറ്റുമുള്ള സ്ഥലങ്ങളുടെ പ്രകൃതിരമണീയതയെയും ഫലഭൂയിഷ്ഠതയെയും ജലസേചന സംവിധാനങ്ങളെക്കുറിച്ചും അദ്ദേഹം വിവരിച്ചിരിക്കുന്നു. കനാലുകൾ ചാലിട്ട ടൊളൊഡോയിലെ ഫലോദ്യാനങ്ങൾ അതീവ സുന്ദരങ്ങളായിരുന്നു. ആ കനാലുകളിലേക്ക് ജലചക്രങ്ങളുപയോഗിച്ചായിരുന്നു വെള്ളം തേവിയിരുന്നത്. അവിടുത്തെ ഉദ്യാനങ്ങളിലെ കായ്കനികൾ ഗുണമേന്മയിലും കാഴ്ചയിലും അവർണനീയവും സങ്കല്പിക്കാൻ കഴിയാത്തത്ര സമൃദ്ധവുമായിരുന്നു. ടൊളഡോയുടെ നാലു ഭാഗവും എസ്റ്റേറ്റുകളും കോട്ടകൊത്തളങ്ങളും കൊണ്ടു വലയിതവുമായിരുന്നു.

*(തുടരും)*

---

*(6-ാം പേജിൽ നിന്ന് തുടർച്ച)*

മായി തോന്നാം. എന്നാൽ കുറച്ചൊന്നു ചിന്തിക്കുന്നപക്ഷം വ്രതം മനുഷ്യർക്കു സമുദായക്ഷേമത്തെ നിലനിറുത്തുന്നതിന് വേണ്ട ഗുണപാഠങ്ങൾ നൽകുന്നതായിട്ടു കാണാം. അത് നൽകുന്ന ഒന്നാമത്തെ പാഠം, ഒരിക്കലും വിശപ്പോ പട്ടിണിയോ അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു ധനികനു പലപ്പോഴും പട്ടിണിയിൽ കഴിഞ്ഞുകൂടുന്ന തന്റെ ദരിദ്രസഹോദരരുടെ ക്ലേശങ്ങളെക്കുറിച്ച് അറിവാൻ സാധ്യമല്ലെങ്കിലും അവൻ വ്രതമനുഷ്ഠിക്കുന്നതോടൊപ്പം വിശപ്പിന്റെ വേദന അനുഭവപ്പെടുകയും, അങ്ങനെ ദരിദ്രജനം അനുഭവിക്കുന്ന കഷ്ടതകളെക്കുറിച്ച് ബോധവാനാകുകയും ചെയ്യുമെന്നതാണ്. ഈ ബോധം അവന്റെ മനസ്സിൽ പാവങ്ങളുടെ നേർക്ക് ആർദ്രത ജനിപ്പിക്കുകയും അതു അവരുടെ സ്ഥിതി നന്നാക്കിത്തീർക്കുന്നതിനു വേണ്ടി നടപടികളെടുക്കുവാൻ അവനു പ്രേരകമാകുക യും ചെയ്യുന്നതാണ്. ഇതിന്റെ സ്വഭാവികഫലം സമുദായത്തിന്റെ ക്ഷേമവും രക്ഷയും വർദ്ധിക്കുക തന്നെയാണ്. സമുദായത്തിന്റെ ക്ഷേമം വ്യക്തികളുടെ ക്ഷേമമാണെന്നത് സുവ്യക്തമാണല്ലോ. വ്രതം കൊണ്ടു ലഭ്യമാകുന്ന മറ്റൊരു പാഠം ഇതാണ്: ഇസ്ലാം തദനുയായികൾ അലസരും ഉദാസീനരും ക്ലേശാനുഭവത്തിൽ അധോമുഖരും ആയിരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല. മറിച്ച്, അതുദ്ദേശിക്കുന്നത്, ആവശ്യം നേരിടുമ്പോൾ എല്ലാവിധ ബുദ്ധിമു ട്ടുകളും കഷ്ടപ്പാടുകളും കൈക്കൊള്ളുവാനും സഹിക്കാനും എല്ലാ ഇച്ഛകളെയും വികാരങ്ങളെയും നിയന്ത്രിക്കുവാനും ശീലിപ്പിക്കുക എന്നതാണ്. ഇസ്ലാമിന്റെ ഈ ശാസനയെ ആത്മാർത്ഥമായി അനുസരിച്ചു പോരുന്നവർ ഒരിക്കലും അലസരും സുഖലോലുപരും ആയിരിക്കയില്ല.

*(ശേഷം പേജ് 39ൽ)*

# ഷണ്ഡീകരിക്കപ്പെട്ട യു. എന്നും ശണ്ഠക്കാരനായ അമേരിക്കയും

കെ. പി. അഹ്മദ്

## അമേരിക്കൻ ദുഷ്പ്രഭാവത്തിന്റെ ആഗോള പ്രായോജകനാണോ ഐക്യരാഷ്ട്രസഭ?

ഊഷര ഭൂമി ഇപ്പോൾ മൗന നൊമ്പരത്തിലാണ്! ബോംബർ വിമാനങ്ങൾ ചീറിപ്പായുന്നില്ല; തുടർന്നുള്ള മനുഷ്യരോദനങ്ങളും കേൾക്കാനില്ല! അങ്ങിങ്ങായി വല്ലപ്പോഴെങ്കിലും അലോസരപ്പെടുത്തുന്ന ഒളിപ്പോരാളികളുടെ പടക്കങ്ങൾ മാത്രമേ പൊട്ടുന്നുള്ളൂ! മാസങ്ങൾക്കപ്പുറം എന്തായിരുന്നു അവിടത്തെ കുതൂഹലം! മനുഷ്യരാശിക്കു ഭീഷണിയാണെന്ന് പറയപ്പെട്ട സദ്ദാമിന്റെ രാസായുധം തേടിയുള്ള പരക്കം പാച്ചിൽ! പിന്നെ സദ്ദാമിനെ തൂത്തെറിഞ്ഞ് ഇറാഖ് ജനതയെ ശാന്തി മന്ത്രാലയത്തിലേക്ക് ആനയിക്കാനുള്ള വ്യഗ്രത! ഇതായിരുന്നല്ലോ അധിനിവേശക്കാർ ഉയർത്തിപ്പിടിച്ച ഉത്തുംഗ ലക്ഷ്യങ്ങൾ!

കുറഞ്ഞ നാളുകൾക്കകം ഇറാഖ് യുദ്ധത്തിന്റെ ശബ്ദഘോഷങ്ങൾ കെട്ടടങ്ങി! സദ്ദാം നിഷ്കാസിതനായി! യുദ്ധകാരണങ്ങളായി പ്രചരിപ്പിക്കപ്പെട്ട രാസായുധങ്ങളോ ജൈവായുധങ്ങളോ അരിച്ചു പെറുക്കിയിട്ടും കണ്ടെത്താനുമായില്ല! അല്ലെങ്കിലും അമേരിക്കയും ബ്രിട്ടനും ഇസ്രായേലുമറിയാത്ത സൈനികരഹസ്യങ്ങൾ ഇറാഖിനുണ്ടായിരുന്നോ? എന്നാൽ ഏതു നാടകമായാലും മുൻകൂട്ടി തയ്യാറാക്കിയ ഒരു 'തീമിനെ' കേന്ദ്രീകരിച്ചാണല്ലോ അത് അരങ്ങിൽ ശോഭിക്കുന്നത്!

ഇറാഖിനെ കീഴ്പ്പെടുത്തുക മാത്രമായിരുന്നില്ല അധിനിവേശക്കാരുടെ കാതലായ ലക്ഷ്യം! പശ്ചിമേഷ്യയുടെ മൊത്തത്തിലുള്ള സന്തുലനം താറുമാറാക്കുകയും അറബ് രാജ്യങ്ങളെ ഒന്നടങ്കം അനിശ്ചിതത്വത്തിലേക്ക് തള്ളിവിടുകയും കൂടിയായിരുന്നു ഇറാഖ് നാടകത്തിന്റെ നിഗൂഢത! അധിനിവേശക്കാർ നിഷ്പ്രയാസം അത് സാധിച്ചെടുക്കുകയും ചെയ്തിരിക്കുന്നു. പശ്ചിമേഷ്യയുടെ മണ്ണിൽ ആഴത്തിൽ അമർത്തിച്ചവിട്ടാൻ ഇറാഖ്‌യുദ്ധം കുറച്ചൊന്നുമല്ല അവരെ സഹായിച്ചത്! ഇന്നിപ്പോൾ അങ്കിൾ സാമിന്റെ സൈനിക വ്യൂഹത്തിന്റെയും ഇന്റലിജൻസിന്റെയും കണ്ണുവെട്ടിച്ച് കടന്നുകളയാനോ, നേരെ ചൊവ്വെ ശ്വാസം വിടാനോ അറബ് നേതാക്കന്മാരുടെ തലതൊട്ടപ്പന്മാർക്കുപോലും സാദ്ധ്യമല്ലെന്ന് വന്നിരിക്കുന്നു! ഹറമിന്റെ സംരക്ഷകരായ സൗദിയിലെ സുൽത്താൻ മാർക്ക് ചരിഞ്ഞുപോയ തലപ്പാവ് നേരെയാക്കണമെങ്കിൽ അങ്കിൾസാം സമ്മതം മൂളേണ്ടതുണ്ട്! ഇസ്‌ലാമിക വിപ്ലവത്തിന്റെ പെരുമ്പറകൊട്ടിനടന്ന ഇറാനാണെങ്കിൽ ചെണ്ടയും കോലും നഷ്ടപ്പെട്ടു മൗനിബാബയായി തുടരുന്നു! പിന്നെ ഇസ്രായേലിന് അല്പമെങ്കിലും തലവേദന സൃഷ്ടിക്കാൻ പര്യാപ്തമാണെന്നു സങ്കൽപിച്ചിരുന്ന സിറിയൻ ശൗര്യം ഇറാഖ് യുദ്ധത്തിന്റെ ആഘാതത്തിൽ ഞരമ്പു തളർച്ചയുടെ പിടിയിലുമായി.

ഈ കുഴമറിച്ചിലുകൾക്കിടയിലാണ് മറ്റൊരു കഥാപാത്രം ശ്രദ്ധേയമാവുന്നത്! രാഷ്ട്രങ്ങളുടെ പരമാധികാരസമത്വം ഉറപ്പ്‌വരുത്താൻ ബാദ്ധ്യസ്ഥമായ ഐക്യരാഷ്ട്ര സഭയാണത്! എന്നാൽ വിശ്വമാനവികതയുടെ പ്രതീകമായി കരുതപ്പെട്ടിരുന്ന ഈ സഭയുടെ പ്രസക്തിതന്നെ ഇപ്പോൾ ദുരൂഹതയുടെ ത്രാസിൽ ആടിക്കളിക്കുകയാണ്! ലോകരാഷ്ട്രങ്ങൾക്കു സാന്ത്വനത്തിന്റെ പ്രതീക്ഷ വാഗ്ദാനം ചെയ്യുന്ന കൂട്ടുസുരക്ഷാ വ്യവസ്ഥയെ തകിടം മറിച്ചു കൊണ്ടാണല്ലോ അമേരിക്കയും ബ്രിട്ടനും ഇറാഖിനെ ആക്രമിച്ചത്! ഈ നിർണ്ണായക ഘട്ടത്തിൽ അക്രമിയെ പിടിച്ചുകെട്ടാൻ ഐക്യരാഷ്ട്രസഭ എന്തു ചെയ്തു? ഒന്നും ചെയ്തില്ലെന്ന് മാത്രമല്ല, അമേരിക്കയുടെ റബ്ബർ സ്റ്റാമ്പായി ആ ഉത്തുംഗ സ്ഥാപനം തരം താഴുകയാണുണ്ടായത്! ഇന്നിപ്പോൾ ഇറാഖിൽ കേട്ടുകൊണ്ടിരിക്കുന്ന ഒളിപ്പോരാളികളുടെ നിസ്സാരമായ പടക്കം പൊട്ടിക്ക

ലിൽ കയറിപ്പിടിച്ച് അമേരിക്ക മറ്റൊരു തന്ത്രം മെനഞ്ഞെടുത്തിരിക്കുന്നു! ഇവിടെയും ഐക്യരാഷ്ട്ര സഭയെ വരിഞ്ഞുമുറുക്കി സ്വന്തം കക്ഷത്തിലൊതുക്കാൻ അമേരിക്കയ്ക്ക് കഴിഞ്ഞു.

ശിയാ-സുന്നി-കുർദ് വംശീയതയുടെ 'വറവുചട്ടി'യായ ഇറാഖിൽ യുദ്ധാനന്തരം സദ്ദാം അനുകൂലികൾ ഒളിപ്പോരാളികളായി മാറിയപ്പോൾ ഒരാഴ്ചയിൽ മൂന്നുമുതൽ ആറുവരെ യു. എസ്സ്. ഭടന്മാർ കൊല്ലപ്പെടുന്നുണ്ടെന്നും, ദിനം പ്രതി പത്തോളം സ്ഫോടനങ്ങൾ അവിടെ നടക്കുന്നുണ്ടെന്നുമാണ് വാർത്ത! ഇത് മറ്റൊരു വിയറ്റ്നാം ആവർത്തിക്കുമോ എന്ന ആശങ്ക അമേരിക്കൻ ജനതയിലും ഭരണ സാരഥികളിലും ആശയക്കുഴപ്പം സൃഷ്ടിക്കുന്നു! പക്ഷേ, ഇത് വിയറ്റ്നാം ഭൂതകാല ദുസ്വപ്നത്തിൽ നിന്നുണ്ടായ ഒരു സന്ദേഹം മാത്രമാണ്! കാരണം, പശ്ചിമേഷ്യയുടെ കാര്യത്തിൽ വിയറ്റ്നാമിന്റെ തനിയാവർത്തനം സംഭവ്യമാണോ എന്നത് ചിന്താർഹമാണ്! വിയറ്റ്നാം ജനതയും നേതൃത്വവും മനോവീര്യത്തിലും നിശ്ചയദാർഢ്യത്തിലും ഒറ്റക്കെട്ടായിരുന്നു.! മറിച്ച് അറബികളാണെങ്കിൽ ഗോത്രീയത, വംശീയത തുടങ്ങിയ സങ്കുചിത വികാരങ്ങളിൽ നിന്ന് ഇപ്പോഴും മോചനം നേടാത്തവരാണ്! അതുകൊണ്ടു തന്നെ വിയറ്റ്നാമുമായി താരതമ്യപ്പെടുത്താനുള്ള വകയൊന്നും ഇറാഖിനില്ല! എങ്കിലും അമേരിക്കയെസ്സംബന്ധിച്ചിടത്തോളം വീണത് വിദ്യയാക്കാനും കിട്ടുന്ന കാരണങ്ങളിൽ കയറിപ്പിടിച്ച് തന്ത്രങ്ങൾ മെനഞ്ഞെടുക്കുവാനും ഇതൊക്കെ ധാരാളം!.

ഇറാഖിന്റെ 'സംഹാരം' കഴിഞ്ഞ് 'സൃഷ്ടി' തുടങ്ങാനിരിക്കുമ്പോഴാണ് ഒളിപ്പോരാളികളുടെ കൊച്ചുകൊച്ചു ശല്യങ്ങൾ അവരെ അലട്ടാൻ തുടങ്ങിയത്! അതൊടൊപ്പം അമേരിക്കൻ ജനതയുടെ മുറുമുറുപ്പും! ഈ സാഹചര്യത്തിൽ ഇറാഖിൽ നിന്നും കൈ നനയാതെ മീൻ പിടിക്കേണ്ടതും ഇറാഖ് പുനർനിർമ്മാണത്തിലുള്ള കാലതാമസവും തടസ്സങ്ങളും നീക്കേണ്ടതും അമേരിക്കൻ താൽപ്പര്യങ്ങളുടെ ഭാഗമാണ്! ഈ പദ്ധതികളെല്ലാം മുമ്പിൽ കണ്ടാണ് യുദ്ധം വിനാശം വിതച്ചുവെച്ച തൊഴുത്തു വൃത്തിയാക്കാൻ ലോക രാഷ്ട്രങ്ങ ൾ തൂപ്പുകാരെ അയച്ചുകൊടുക്കണമെ ന്ന് അവർ ആവശ്യപ്പെടുന്നത്! ചുരുക്കത്തിൽ അന്താരാഷ്ട്ര സമൂഹത്തെയും ഐക്യരാഷ്ട്രസഭയെയും ഒട്ടും മാനിക്കാതെ ധിക്കാരപൂർവ്വം നടത്തിയ യു ്ദ്ധത്തിന്റെ കെടുതികളും കേടുപാടുക ളും അറ്റകുറ്റപ്പണികളും ചെയ്തുതീ ർക്കാൻ ലോകരാഷ്ട്രങ്ങൾ സൈനിക രെ അയച്ചുകൊടുക്കണം പോലും! ഇറാഖിന്റെ പുനർ നിർമ്മാണത്തിന്റെ പേരിൽ അവതരിപ്പിച്ച ഈ കുതന്ത്രം ലക്ഷ്യത്തിലെത്തിക്കാൻ ഐക്യരാഷ്ട്രസഭയുടെ കഴുത്തിനും അവർ കയറിപ്പിടിച്ചു.!

റഷ്യ-ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ ഇറാഖിന്റെ ഭരണമാറ്റവും പുനർനിർമ്മാണ പ്രക്രിയയും യു.എൻ. സുരക്ഷാസമിതിയുടെ നേതൃത്വത്തിലാവണമെന്ന് പ്രഖ്യാപിച്ചപ്പോഴും അമേരിക്ക അതിന്റെ മേധാവിത്വം വിട്ടുകൊടുക്കാൻ തയ്യാറായില്ല. ഇതര രാഷ്ട്രങ്ങൾ സൈനികരെ അയച്ചുകൊടുത്താൽ ത്തന്നെ അവരൊക്കെ അമേരിക്കൻ കമാ ൻഡറുടെ കീഴിൽ പ്രവർത്തിക്കണമെ ന്നും അവർ ശഠിക്കുന്നു! ഇറാഖിന്റെ ഭരണം അവിടുത്തുകാർക്ക് കൈമാറണമെന്ന് ഒട്ടേറെ രാജ്യങ്ങളും ഐക്യരാഷ്ട്രസഭാ ജനറൽ സെക്രട്ടറിയും അമേരിക്കയോട് ആവശ്യപ്പെട്ടെങ്കിലും അ തൊന്നും നടപ്പുള്ള കാര്യമല്ലെന്നാണ് അമേരിക്കൻ നിലപാട് വ്യക്തമാക്കുന്നത്! ഏകപക്ഷീയവും നിയമവിരുദ്ധവുമായ ബലപ്രയോഗത്തിലൂടെ അമേരിക്ക നടത്തിയ ആക്രമണങ്ങൾക്ക് മുമ്പിൽ നിസ്സംഗതയുടെ മരവിച്ച റോളായിരുന്നുവല്ലൊ ഐക്യരാഷ്ട്ര സഭയുടേത്! യു.എൻ.സുരക്ഷാസമിതിയുടെ പ്രസ ക്തി അലിഞ്ഞലിഞ്ഞ് ഇല്ലാതാവുന്ന ഈ ദയനീയ ദൃശ്യംകണ്ട് ഫ്രാൻസി ന്റെ പ്രസിഡണ്ട് ഷാക്ക് ഷിറാക്ക് പ്രകടിപ്പിക്കുന്ന ആശങ്ക ശ്രദ്ധേയമാണ്!

"എല്ലാവരുടെയും പേരിൽ ഒരാൾക്കും നടപടി എടുക്കാൻ കഴിയുകയില്ല. നിയമങ്ങളില്ലാത്ത ഒരു സമൂഹത്തിന്റെ അരാജകത്വം ആർക്കും അംഗീകരിക്കാനാവില്ല. യു.എൻ.സുരക്ഷാസമിതിയുടെ അംഗീകാരമില്ലാതെ തുടങ്ങിയ യുദ്ധം ബഹുപങ്കാളിത്ത വ്യവസ്ഥയെ ത്തന്നെ പിടിച്ചു കുലുക്കി. അതിന്റെ ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ പ്രതിസന്ധികളിലൊന്നിലൂടെയാണ് യു. എൻ. കടന്നുപോയത്." (മാതൃഭൂമി സപ്തംബർ 28, 2003)

പക്ഷെ, ഷാക്ക് ഷിറാക്ക് ഇതുപറഞ്ഞ് ചൂടാറും മുമ്പ് 'വഞ്ചിതിരുനക്കരെതന്നെ' യാണെന്ന് തെളിയിച്ചു കൊണ്ടാണ് അമേരിക്കയുടെ ഇറാഖ് പ്രമേയം രക്ഷാസമിതി പാസ്സാക്കിയത്! വിചിത്രമെന്നു പറയാം, തുടക്കം മുതൽ അധിനിവേശത്തെ എതിർത്തുപോന്ന ഫ്രാൻസും, റഷ്യയും, ജർമ്മനിയും പെട്ടെന്ന് ആറിത്തണുക്കുകയും പ്രമേയത്തെ അനുകൂലിച്ചു വോട്ടു ചെയ്യുകയുമുണ്ടായി! രസകരമായ മറ്റൊരു വസ്തുത സിറിയയും അതിന്റെ പത്തി മടക്കി മാളത്തിലേക് വലിഞ്ഞു എന്നതാണ്.! അമേരിക്കൻ നേതൃത്വത്തിന്റെ കാൽകീഴിൽ പ്രവർത്തിക്കാമെന്ന് ഐകകണ്ഠ്യേന കുമ്പസാരിച്ചതോടെ ഇറാഖിന്റെ അധിനിവേശനത്തിന് അംഗീകാരം തേടി നടന്ന അമേരിക്ക അതിന്റെ ലോക മേധാവിത്വത്തിന്റെ വൻ വിജയം ആഹ്ലാദപൂർവ്വം ആഘോഷിക്കുകയും ചെയ്തു!

ധിക്കാരപരമായ ഏകപക്ഷീയ നടപടികളിലൂടെ കുരുതിക്കളം തീർത്ത ഇറാഖ് യുദ്ധത്തിന്റെ ബാലിശമായ കാരണങ്ങൾക്കും, നിർബന്ധിത സമ്മർദ്ദങ്ങൾക്കും വഴങ്ങിക്കൊടുത്ത ഐക്യരാഷ്ട്രസഭ അമേരിക്കൻ മുഷ്ക്കിന്റെ മുമ്പിൽ വീണ്ടും തളർന്നു വീഴുകയായിരുന്നു! സഭയുടെ ചട്ടങ്ങളിൽ രാഷ്ട്രങ്ങളുടെ പരമാധികാര സമത്വം ഉറപ്പുവരുത്തേണ്ട ചുമതല അനാഥപ്രേതം പോലെ കിടക്കുമ്പോൾ ഒരു നപുംസകത്തിന്റെ പങ്കാളിത്തമല്ലേ യു.എൻ. സുരക്ഷാസമിതി നിർവ്വഹിച്ചത്? ഗതകാല ചരിത്രത്തിന്റെ താളുകളിൽ ദുരന്തമായി കലാശിച്ച ലീഗ് ഓഫ് നേഷൻസിനെപ്പോലെ വർത്തമാനകാലത്ത് ഊർദ്ധം വലിയുടെ അന്ത്യനാൾ ഉറ്റുനോക്കുന്ന ശയ്യാവലംബിയാണോ ഐക്യരാഷ്ട്രസഭ? എങ്കിൽ, മൂന്നാം ആഗോള യുദ്ധത്തിന്റെ കാഹളം മുഴങ്ങാറായി.!

# ഹജ്ജ് നിഷേധികളെ വലയം ചെയ്യുന്ന ദുരന്തങ്ങൾ

ഐ. കെ. അഹ്മദ് കുട്ടി

ഭൂഗോളത്തിന്റെ നാനാഭാഗത്തു നിന്നും വരുന്നവർ ചിരപുരാതനമായ മക്കാ പട്ടണത്തിലെ വിശുദ്ധ കഅ്ബക്ക് ചുറ്റുമുള്ള ചത്വരത്തിൽ ഒത്തുകൂടി കഅ്ബയെ പ്രദക്ഷിണം ചെയ്തു മറ്റു അനുഷ്ഠാനങ്ങൾ നിർവ്വഹിച്ചു തിരികെ അവരവരുടെ വാസ സ്ഥലത്തേക്കു തിരിച്ചുപോകുകയും ചെയ്യുന്ന പാവനമായ തീർത്ഥാടന കർമ്മമാണ് ഹജ്ജ്. ചരിത്രാതീത കാലം മുതൽക്കുള്ള ജനവർഗ്ഗങ്ങളുടെ ഈ മത സാംസ്കാരിക സങ്കലനത്തിന് ഇസ്ലാം സമഗ്രവും അദ്ധ്യാത്മികവുമായ ഒരു മാനം നൽകുകയായിരുന്നു. സൂര്യനെ വലം വെക്കുന്ന സൗരയുഥത്തിന്റെ പ്രപഞ്ച വ്യവസ്ഥ പോലെ മാനവരാശി തിരുനബിയിൽ കേന്ദ്രിതമായ ഒരു ആത്മീയ സാമൂഹ്യ ജീവിത ക്രമമാണ് എന്നതിന്റെ പ്രതീകാത്മകമായ ആവിഷ്കാരവും ഹജ്ജിലുണ്ട്. ഹജ്ജ് കർമ്മം നിർവ്വഹിക്കപ്പെടുന്ന പുണ്യദേശങ്ങളുടെ ഭരണാധികാരികൾ ഇസ്ലാമിന്റെ വിശാലമായ ഈ പരിപ്രേക്ഷ്യത്തിൽ ഹജ്ജിനെ കാണുന്നില്ല എന്നത് ഖേദകരമാണ്. ആകാശം അതിരായുള്ള ദൈവത്തിന്റെ സാമ്രാജ്യത്തിൽ ദൈവത്തിന്റെ ഗേഹമായ കഅ്ബാലയത്തിന്റെ കൈകാര്യ കർത്താക്കൾ അവരുടെ സങ്കുചിതവും ഹീനവുമായ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു മാനവരാശിയുടെ ആത്മീയ മോക്ഷ മാർഗ്ഗമായ ഹജ്ജിനെ നിയന്ത്രിക്കുന്നതു ജുഗുപ്സാവഹമാണ്.

വിശുദ്ധ ഖുർആൻ പറയുന്നു: 'സമസ്തമനുഷ്യർക്കും വേണ്ടി സ്ഥാപിക്കപ്പെട്ട പ്രഥമ മന്ദിരം മക്കയിലുള്ളതു തന്നെയാണ്. അത് അനുഗൃഹീതവും സർവ്വ ലോകർക്കുമുള്ള മാർഗ്ഗദർശകവുമത്രെ. (3:97). ഈ സൂക്തത്തിൽ നിന്നും കഅ്ബാദേവാലയത്തിൽ നിന്നും ആത്മീയാനുഗ്രഹങ്ങൾ കരസ്ഥമാക്കാൻ മനുഷ്യരാശിക്കാകമാനം അവകാശമുണ്ടെന്നു സുവ്യക്തമാണ്. മനുഷ്യന്റെ ഹൃദയ സങ്കുചിതത്ത്വവും വിഭാഗീയ വീക്ഷണങ്ങളും ഹജ്ജിന്റെ വിശാല താല്പര്യത്തെ ഹനിക്കുമെന്ന് അറിയുന്ന അല്ലാഹു ഇത്തരം ദുരന്തങ്ങളൊഴിവാക്കാൻ മാനവരാശിക്ക് സമർപ്പിക്കപ്പെട്ട ആ വിശുദ്ധ ഗേഹത്തിന്റെ അവകാശ പ്രഖ്യാപനം നടത്തുന്നതുകാണുക.

"അവിശ്വസിക്കുകയും (മനുഷ്യരെ) അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നും മസ്ജിദുൽ ഹറാമിൽ നിന്നും തടയുകയും ചെയ്യുന്നവർ, അവിടെ താമസിക്കുന്നവരും പുറമെ നിന്നു വരുന്നവരുമായ എല്ലാവർക്കും നാം അതിനെ സമാവകാശമാക്കി വെച്ചിരിക്കുന്നു, ആരെങ്കിലും അവിടെ വെച്ച് അക്രമവും അനീതിയും നടത്തുവാൻ ഉദ്ദേശിക്കുന്നതായാൽ അവനെ വേദനാജനകമായ ശിക്ഷ രുചിപ്പിക്കുന്നതാണ്." (22:26)

"ആദരണീയ ദേവാലയത്തിൽ നിന്ന് അവർ ആളുകളെ തടയുന്നുവെന്നിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കാൻ അവർക്ക് എന്തുണ്ട് ന്യായം? അവർ അതിന്റെ യഥാർത്ഥ രക്ഷാധികാരികളല്ല താനും - അതിന്റെ രക്ഷാധികാരികൾ ദോഷബാധയെ സൂക്ഷിക്കുന്നവർ മാത്രമാണ്. എന്നാൽ അവരിൽ അധികമാളുകളും അറിയുന്നില്ല."(8:35)

മേൽ വചനങ്ങളിൽ ചില വസ്തുതകൾ വളരെ വ്യക്തമായി അല്ലാഹു പ്രഖ്യാപിക്കുന്നു

എ) ഹജ്ജ് കർമ്മം നിർവ്വഹിക്കാൻ വരുന്നവനെ തടയാൻ പാടില്ല.

ബി) അവിടെ താമസിക്കുന്നവർക്കും, പുറമേ നിന്നും വരുന്നവർക്കും വിശുദ്ധ ദേവാലയത്തിനുമേൽ തുല്യാവകാശമാണ്.

സി) ഹജ്ജ് തീർത്ഥാടകരെ തടയുന്നവർ യഥാർത്ഥ രക്ഷാധികാരികൾ (Custodians) അല്ല.

ഡി) അവരെ വേദനാജനകമായ ശിക്ഷ അനുഭവിപ്പിക്കുന്നതാണ്.

ഇ) ദോഷബാധയെ സൂക്ഷിക്കുന്ന സജ്ജനങ്ങൾ മാത്രമാണ് അതിന്റെ രക്ഷാധികാരികൾ.

ഇസ്ലാമിന്റെ എല്ലാ അടിസ്ഥാന സിദ്ധാന്തങ്ങളിലും പ്രമാണങ്ങളിലും വിശ്വസിക്കുന്ന അഹ്മദിയ്യാ മുസ്ലിം

ജമാഅത്തിനെ ഹജ്ജ് ചെയ്യുന്നതിൽ നിന്നും നിരോധിച്ചുകൊണ്ട് പുണ്യദേശത്തിന്റെ കൈകാര്യകർത്താക്കൾ അല്ലാഹുവിന്റെ കോപത്തെ ജ്വലിപ്പിച്ചിരിക്കുകയാണ്. 1974 ഏപ്രിൽ 10 ന് ലോക മുസ്‌ലിം സംഘടനയായ റാബിത്വത്തുൽ ആലമിൻ ഇസ്‌ലാമി അഹ്മദി മുസ്‌ലിംകളെ അമുസ്‌ലിംകളായി പ്രഖ്യാപിക്കുകയും തുടർന്ന് സഊദി അറേബ്യ അഹ്മദികൾക്ക് ഹജ്ജ് കർമ്മം നിരോധിക്കുകയുമാണുണ്ടായത്. വാസ്തവത്തിൽ അറബ് ഭരണാധികാരികൾക്ക് അഹ്മദിയ്യാ ജമാഅത്തിനോട് യാതൊരു വിരോധവും ഇല്ലായിരുന്നു. ഫലസ്തീൻ പ്രശ്നപരിഹാരത്തിലും മറ്റു അന്തർദേശീയ മുസ്‌ലിം പ്രശ്നപിഹഹാരങ്ങൾക്കും നേതൃത്വപരമായ പങ്ക് വഹിച്ച വിശ്വപ്രശസ്ത അഹ്മദി സർ സഫറുല്ലാഹ്ഖാനെ വിശിഷ്ടാഥിതി യായിട്ടാണ് സഊദി ഭരണകൂടം ക്ഷണിച്ചു വരുത്തിയത്. അദ്ദേഹം രാജ്യത്തിന്റെ അതിഥിയായിക്കൊണ്ട് തന്നെ ഹജ്ജ് നിർവ്വഹിക്കുകയും വിശിഷ്ട വ്യക്തി എന്ന നിലക്ക് കഅ്ബത്തുല്ലയുടെ അകത്ത് പ്രവേശിക്കുകയും ചെയ്ത കാര്യം ഇവിടെ സ്മരിക്കുകയാണ്. പിന്നീടാണ് സംഗതികൾ കുഴഞ്ഞുമറിഞ്ഞത്. എഴുപതുകളിൽ പാക്കിസ്ഥാനിലെ ദുഷ്ടമനസ്കരായ മുല്ലാമാരുടെ അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭവും അതിനുശേഷം അവർ നടത്തിയ അന്തർദ്ദേശീയ ഗൂഢാലോചനയും തലയണ മന്ത്രങ്ങളുമാണ് അഹ്മദികളെ കാഫിറുകളായി പ്രഖ്യാപിക്കാൻ അറബികളെ പ്രേരിപ്പിച്ചത്. "വിനാശകാലേ വിപരീതബുദ്ധി" എന്ന് പറഞ്ഞതു പോലെ. ഹജ്ജ് നിരോധിക്കുന്നവർക്ക് വേദനാജനകമായ ശിക്ഷ ലഭിക്കുമെന്ന ഖുർആനിക പ്രവചനം കൂട്ടിച്ചേർത്തു വായിച്ചാൽ ഇന്ന് മുസ്‌ലിം ലോകത്ത് സംഭവിക്കുന്ന മഹാദുരന്തങ്ങളുടെ പൊരുൾ സത്യാന്വേഷികൾക്ക് മനസ്സിലാവും. അഹ്മദികൾക്ക് ഹജ്ജ് നിരോധിച്ച നിമിത്തത്തിലേക്ക് നയിക്കുന്ന അനേകം ജീർണ്ണതകളുടേയും അകൃത്യങ്ങളുടെയും ജുഗുപ്സാവഹമായ സമവായം ഇന്ന് മുസ്‌ലിം ലോകത്ത് ദൃശ്യമാണ്.

മുഹമ്മദ് മുസ്തഫാ (സ) യുടെ പ്രവചന പ്രകാരം അല്ലാഹു അയച്ച ഒരു മഹാത്മാവായ ഹസ്റത്ത് അഹ്മദ് (അ) സ്ഥാപിച്ച അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങളുടെ മൗലികാവകാശങ്ങളാണ് ഇന്ന് മുസ്‌ലിം ലോകം കവർന്നെടുത്തത്. അഹ്മദികളെ കലിമത്തുത്തൗഹീദ് ചൊല്ലാൻ അനുവദിക്കുന്നില്ല. നമസ്കാരവും ഹജ്ജും നിഷേധിക്കപ്പെടുന്നു. പള്ളികൾ പണിയാൻ അനുവാദമില്ല. പണിത പള്ളികൾ തച്ചുതകർക്കുന്നു. ഖുർആൻ ഓതാൻ പാടില്ല. എന്തിനേറെ, മുസ്‌ലിമിന്റെ പേരിടുന്നതും സ്വയം മുസ്‌ലിമാണെന്ന് പറയുന്നതുപോലും കുറ്റകരമാണ്. ഇക്കൂട്ടത്തിൽ പെട്ട ഗൗരവമേറിയ ഒരു മർദ്ദന നടപടിയാണ് ഹജ്ജ് നിഷേധം. ഇപ്പോൾ മുസ്‌ലിം നാടുകളിൽ അഹ്മദികൾക്കെതിരെ നടക്കുന്ന അത്യാചാരങ്ങൾ റസൂൽ തിരുമേനി (സ) യുടെ സമൂഹത്തിനും സഹിക്കേണ്ടിവന്നിട്ടുണ്ട്. അവർ ബാങ്ക് വിളിക്കുന്നതും, പ്രാർത്ഥിക്കുന്നതും, ഹജ്ജ് ചെയ്യുന്നതും, നമസ്ക്കരിക്കുന്നതും നിരോധിക്കപ്പെട്ടിരുന്നു. അത് ചെയ്തിരുന്നവർ നിഷേധികളും പീഢനത്തിനു വിധേയരായവർ മുസ്‌ലിംകളുമായിരുന്നു. റസൂൽ തിരുമേനി (സ) ആരുടെയും ആരാധനാലയം പൊളിച്ചിട്ടില്ല. ആരുടെ ആരാധനയെയും തടഞ്ഞിട്ടില്ല. അന്യമതസ്ഥർക്ക് ആരാധിക്കാൻ സ്വന്തം ആരാധനാലയം ഒഴിഞ്ഞു കൊടുക്കുകയാണ് ചെയ്തത്. ഒരു കാര്യം ഇവിടെ വളരെ വ്യക്തമാണ്. ബഹുഭൂരിപക്ഷം മുസ്‌ലിം രാജ്യങ്ങളും അഹ്മദികളോട് അനുവർത്തിക്കുന്ന നയം റസൂൽ തിരുമേനി (സ) യുടെ കാലത്തെ കാഫിറുകളുടെ നയമാണ്. സഹനത്തിന്റെ പ്രതീകങ്ങളായി മാറിയ അഹ്മദികളുടെ ചര്യ റസൂൽ തിരുമേനി (സ) യുടേതുമാണ്. ഈ സമുദായത്തിനു മേൽ നാശവും ശിക്ഷയുമല്ലാതെ മറ്റെന്താണ് പതിക്കേണ്ടത്?

മുസ്‌ലിം സമുദായത്തിന്റെ സമുദ്ധാരണത്തിനുവേണ്ടി വരുമെന്ന് പ്രവചിക്കപ്പെട്ട മഹ്ദീ മസീഹ് ഹസ്റത്ത് അഹ്മദ് (അ) ആഗതനായപ്പോൾ അദ്ദേഹത്തിൽ അവിശ്വസിക്കുകയും നിഷേധിക്കുകയും വിശ്വസിച്ചവരെ മർദ്ദിക്കുകയും ചെയ്യുന്ന മുസ്‌ലിം സമൂഹത്തിന് എങ്ങനെ മേൽഗതിയുണ്ടാവും? ശിക്ഷകൾക്കുമേൽ ശിക്ഷയും ദുരന്തങ്ങൾക്കുമേൽ ദുരന്തങ്ങളും അവരെ വലയം ചെയ്യുകയാണ് അഗ്നിമയമായ അക്ഷരങ്ങളിൽ എഴുതപ്പെട്ട സത്യമായി പുലർന്ന ഉജ്ജ്വലമായ ആ ഖുർആൻ വചനങ്ങൾ നമുക്ക് ഒരിക്കൽ കൂടി അനുസ്മരിക്കാം.

"ആദരണീയ ദേവാലയത്തിൽ നിന്ന് അവർ (ആളുകളെ) തടയുന്നുവെന്നിരിക്കെ അല്ലാഹു അവരെ ശിക്ഷിക്കാതിരിക്കാൻ എന്തുണ്ട് ന്യായം?.... തീർച്ചയായും അവിശ്വാസികൾ തങ്ങളുടെ ധനം ചെലവു ചെയ്യുന്നത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിന്നു ജനങ്ങളെ തടയുവാനാണ്. അങ്ങനെ അവർ തുടർന്നും ചെലവഴിച്ചുകൊണ്ടിരിക്കുന്നതാണ്. പിന്നെ അത് അവരിൽ മനഃസ്താപത്തിന് കാരണമായിത്തീരും. പിന്നീട് അവർ പരാജയപ്പെടുന്നതുമാണ്. അവിശ്വസിച്ചവർ നരകത്തിലേക്ക് ഒരുമിച്ചു കൂട്ടപ്പെടുകയും ചെയ്യും. അല്ലാഹു നല്ലതിൽ നിന്നും ചീത്തയെ വേർതിരിക്കുകയും, ചീത്തയെ, അതിൽ നിന്ന് ചിലതിനെ, ചിലതിന്മേൽ വെച്ചു. എന്നിട്ട് അതെല്ലാം ഒരുമിച്ചുകൂട്ടി കൂമ്പാരമാക്കി. അങ്ങനെ അതിനെ നരകത്തിൽ തള്ളി വിടുന്നതിനു വേണ്ടിയുമാണിത്. അവർ തന്നെയാണ് നഷ്ടപ്പെട്ടവർ. അവിശ്വസിച്ചവരോട് പറയുക, അവർ വിരമിക്കുന്ന പക്ഷം മുമ്പ് കഴിഞ്ഞതെല്ലാം അവർക്കു പൊറുക്കപ്പെടുന്നതാണ്. ഇനി അവർ (അക്രമത്തി ലേക്ക്) മടങ്ങുന്നതായാൽ പൂർവ്വികരുടെ മാതൃക കഴിഞ്ഞു കടന്നിട്ടുണ്ട്. (എന്ന കാര്യം അവരുടെ ശ്രദ്ധയിലിരിക്കട്ടെ)" (സൂറ: അൻഫാൽ 35 -39)

## സംതൃപ്തി

സംതൃപ്തി എന്നത് വസ്തുക്കളുടെ ധാരാളിത്തമല്ല ആത്മാവിന്റെ തൃപ്തിയാണ്.

*- മുഹമ്മദ്നബി(സ) (ബുഖാരി)*

# 'ത്രിപിടക'സംഗ്രഹം

എം. മസ്ഊദ് അഹ്മദ്

## ശ്രീബുദ്ധ (അ) ന്റെ ഉപദേശങ്ങളും പ്രഭാഷണങ്ങളും സംവാദങ്ങളും പിൽക്കാലത്ത് സമാഹരിക്കപ്പെട്ടതാണ് ത്രിപിടക സംഗ്രഹം.

പ്രചാരത്തിലുള്ള ബുദ്ധമതത്തിന്റെ അടിസ്ഥാന പ്രമാണം 'ത്രിപിടകം' എന്ന ഗ്രന്ഥ സമുച്ചയമാണ്. ത്രിപിടകം എന്നാൽ 'മൂന്നു കൊട്ട' എന്നർത്ഥം. ഇതിൽ ശ്രീബുദ്ധന്റെ സംവാദങ്ങളും പ്രഭാഷണങ്ങളും ഉപദേശങ്ങളുമാണ് ഉൾച്ചേർന്നിരിക്കുന്നതെന്നു പറയപ്പെടുന്നുവെങ്കിലും അവ അദ്ദേഹത്തിന്റെ കലർപ്പില്ലാത്ത വാസ്തവ തത്ത്വങ്ങളാണെന്നു പറയാവതല്ല. ഇതിലേയ്ക്കു പ്രഥമവും പ്രധാനവുമായ ഒരു ന്യായം, ഗൗതമശാക്യൻ തന്റെ അദ്ധ്യാപനങ്ങൾ ക്രോഡീകരിച്ചുള്ള യാതൊരു ലിഖിത പ്രമാണവും അനുയായികൾക്കു നൽകിയിരുന്നില്ലെന്നതാണ്. അദ്ദേഹം 45 വർഷക്കാലം ഉപദേശിക്കുകയും പ്രസംഗിക്കുകയും ചെയ്തു കൊണ്ടു നൽകിയതായി പറയപ്പെടുന്ന അദ്ധ്യാപനങ്ങളെ അദ്ദേഹത്തിന്റെ ചരമാനന്തരം അനുചരസംഘം പലതവണ സഭകൾ ചേർന്നു ക്രമപ്പെടുത്തുവാൻ പണിപ്പെടുകയുണ്ടായി. എന്നാൽ, ഈ ശ്രമമെല്ലാം ആ ഉപദേശങ്ങളുടെ വാചക രൂപമായി നിലക്കൊണ്ട സമാഹാരത്തെ അടുക്കടുക്കായി ക്രമീകരിക്കുന്നതിൽ മാത്രം സീമിതമായിരുന്നു. ഈ സഭകളിലൊന്നിലെങ്കിലും ആ ഉപദേശ സംഹിത എഴുതി രേഖപ്പെടുത്തുന്നതിനുള്ള ശ്രമമുണ്ടായിട്ടില്ല. തുടരത്തുടരെയായി ച്ചേർന്ന ഈ സഭായോഗങ്ങൾ ചർച്ചകളും വിവാദങ്ങളും നടത്തി തീരുമാനിച്ചിരുന്നത്, ഒന്നാമത് ബുദ്ധന്റെ പ്രമുഖ ശിഷ്യന്മാരും ശിഷ്യസ്യ ശിഷ്യന്മാരും പിന്നെ അവരുടെ ശിഷ്യന്മാരും അതിൽ പിന്നെ അവരുടെ ശിഷ്യന്മാരും അനുസ്മരിച്ചു പോന്ന ഗുരുപദേശങ്ങളുടെയും സൂക്തങ്ങളുടെയും സുബദ്ധതയും ഔചിത്യവും സംബന്ധിച്ചു മാത്രമാണ്. ഇത്തരത്തിൽ മൂന്നു സഭകൾ നടന്നുവെങ്കിലും അവ മഹാത്മാ ബുദ്ധന്റെ പരിനിർവാണത്തിനുശേഷം ഒന്നിനുപുറകെ മറ്റൊന്നായിട്ടല്ല, ഉദ്ദേശം 250 കൊല്ലക്കാലത്തിനിടയ്ക്കാണ് ചേരുകയുണ്ടായത്.

ഒന്നാമത്തെ സഭ മഗധ രാജ്യത്തിന്റെ തലസ്ഥാനമായ 'രാജഗൃഹ'നഗരത്തിൽ വെച്ചു ക്രി. മു. 493 ൽ ശ്രീബുദ്ധന്റെ ചരമാനന്തരം പ്രഥമവർഷകാലത്താണ് ചേർന്നിരുന്നത്. ഗുരുവിന്റെ നിര്യാണത്തിൽ ശിഷ്യരായ ഭിക്ഷുക്കൾ മിക്കവാറുമെല്ലാവരും അങ്ങേയറ്റം ശോകാകുലരായിത്തീർന്നപ്പോൾ, സംഘത്തിൽ വളരെ പുറകിൽ വന്നുചേർന്നിരുന്ന സുഭദ്രൻ എന്നൊരു ഭിക്ഷു അതീവ സന്തുഷ്ടനും ഉല്ലാസഭരിതനുമായി കാണപ്പെടുകയും അയാൾ ദു:ഖാർത്തരായ ഭിക്ഷുക്കളെ താഴെ പറയും പ്രകാരം സംബോധന ചെയ്കയും ചെയ്തതാണ് സഭ വിളിച്ചുകൂട്ടാനുണ്ടാ യ അടിയന്തിര കാരണം. ആ ഭിക്ഷു പറയുകയായി:-

"മിത്രങ്ങളേ! കരയുകയൊ ദു:ഖിക്കുകയൊ ചെയ്കാവിൻ! ബുദ്ധൻ പരിനിർവണം പ്രാപിച്ചിരിക്കയാൽ നാം സ്വതന്ത്രരായിത്തീർന്നിരിക്കുകയാണ്. നമുക്കിനി യുക്തമെന്നു തോന്നുന്നതു പ്രവർത്തിക്കാം. അതിനാൽ നിങ്ങൾ വ്യസനിക്കുന്നതിനു പകരം ഈ സ്വാതന്ത്ര്യലബ്ധിയിൽ സന്തോഷിക്കുകയാണ് വേണ്ടത്."

സുഭദ്രന്റെ ഈ ഭാഷണം മറ്റു ഭിക്ഷുക്കളെ ചകിതരാക്കിത്തീർത്തു. പലരും ഈ മനോഗതത്തെ ശക്തിയുക്തം എതിർക്കുകയും ആരും വഴിപിഴച്ചുപോകാതിരിക്കാനും അന്യരെ പിഴപ്പിക്കാതിരിക്കാനുമായിട്ട് ഉടനടി പ്രതിനിധിസഭ വിളിച്ചുകൂട്ടി. ബൗദ്ധോപദേശങ്ങൾ നിർവ്വചിക്കപ്പെടുമാറാകേണമെന്നു ആവശ്യപ്പെടുകയും ചെയ്തു. ശ്രീബുദ്ധൻ മരണമടുത്തപ്പോൾ ഭിക്ഷുക്കളോടു, അവർ മേലിൽ ഉപദർശനത്തിനായി മറ്റെങ്ങും നോക്കാതെ തങ്ങളിൽ തന്നെ വെളിച്ചം കണ്ടെത്തണമെന്നും അവരുടെ മുക്തി മറ്റാരിലുമല്ല തങ്ങളിൽത്തന്നെയാണ് ഒളിഞ്ഞുകിടക്കുന്നതെന്നും ഉപദേശിച്ചിരുന്നു. ഈ ഉൽബോധനത്തെ തെറ്റിദ്ധരിച്ചുകൊണ്ട് സുഭദ്രൻ ചെയ്ത മേല്പടി പ്രസ്താവനയെ മറ്റു ഭിക്ഷുക്കൾ ധർമ്മവിരോധമായി കരുതുകയും, അതിനെ ഖണ്ഡിക്കുന്നതിനും ബുദ്ധൻ തന്റെ പ്രഭാഷണങ്ങളിൽ പലതവണയായി പ്രദാനം ചെയ്ത സ്വച്ഛതയെ ഭദ്രമാക്കിത്തീർക്കുന്നതിനുമായിട്ട് ഉടനടി പ്രതിനിധിസഭ ചേരേണ്ടതാണെന്നു ബോധിക്കുകയും ചെയ്തു. അതുപ്രകാരമാണ് മഗധരാജാവായ അജാതശത്രുവിന്റെ രക്ഷാധികാരത്തിൽ ഒന്നാമത്തെ സഭ ചേർന്നത്. അദ്ധ്യക്ഷൻ ബുദ്ധന്റെ പ്രസിദ്ധ ശിഷ്യനായ മഹാകാശ്യപനായിരുന്നു. തന്റെ വരിഷ്ടശിഷ്യനാണ് കാശ്യപൻ എന്നു ബുദ്ധൻ തന്റെ പരിനിർവാണമടുത്തപ്പോൾ അരുളിച്ചെയ്തുകൊണ്ടു ഒരു പ്രകാരത്തിൽ ആ പണ്ഡിതവ

ര്യനെ തന്റെ പ്രതിപുരുഷനാക്കിയിട്ടുണ്ടായിരുന്നു. ഇങ്ങനെയുള്ള അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന ആ സഭയിൽ 500 ഭിക്ഷുക്കൾ സന്നിഹിതരായിരുന്നു. ബുദ്ധന്റെ പ്രിയശിഷ്യനും പരിചാരകനുമായ ആനന്ദൻ ഈ സഭയിൽ ഗുരുപദേശങ്ങളെ വിവരിക്കുകയുണ്ടായി. ആ നിവേദനങ്ങൾ പിന്നീടു ത്രിപിടകത്തിൽ 'സുത്ത' വിഭാഗത്തിൽ പ്രത്യേകം സംഗ്രഹിക്കപ്പെട്ടു. മറ്റൊരു ശിഷ്യനായ വന്ദ്യശ്രീ ഉപാലി സംഘടനാ നിയമങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ബൗദ്ധപാഠങ്ങളെയാണ് വിവരിച്ചുപറഞ്ഞത്. അതു 'വിനയ' പിടകത്തിൽ ഉൾപ്പെടുത്തപ്പെട്ടു. ത്രിപിടകത്തിലെ മൂന്നാമത്തെ വിഭാഗമായ 'അഭിധർമ്മപിടക'ത്തിലെ പാഠങ്ങൾ മഹാകാശപ്യൻ നിവേദനം ചെയ്തിട്ടുള്ള ബൗദ്ധാദ്ധ്യാപനങ്ങളാണെന്നത്രേ ഐതിഹ്യം. എന്നാൽ ആദ്യത്തെ രണ്ടു ഭിക്ഷുസഭകളുടെയും ചരിത്രമായ 'കല്ലവഗ്ഗ' (Culla Vagga) എന്ന പുസ്തകത്തിൽ, ശ്രീബുദ്ധന്റെ യാതൊരുപദേശ വിഭാഗവും ഒന്നാമത്തെ സഭയിൽ കാശ്യപൻ വിവരിച്ചുപറഞ്ഞിട്ടുള്ളതായി പ്രസ്താവിക്കപ്പെട്ടുകാണുന്നില്ല. ആകയാൽ, ഏഴുമാസക്കാലം തുടർച്ചയായി യോഗം ചേർന്നുകൊണ്ടിരുന്ന ഈ പ്രഥമസഭ 'ത്രിപിടക'ത്തിലെ ആദ്യത്തെ രണ്ടു വിഭാഗങ്ങളായ സുത്തപിടികവും വിനയപിടകവും മാത്രമേ വ്യവസ്ഥപ്പെടുത്തിയിരുന്നുള്ളൂ. * എന്നാൽ, ഈ സഭയിലെ സംഭവ വിവരങ്ങളൊന്നും തന്നെ എഴുതി രേഖപ്പെടുത്തപ്പെട്ടിരുന്നില്ലെന്നത് ബൗദ്ധപണ്ഡിതന്മാർ പോലും സമ്മതിച്ചിരിക്കുന്ന ഒരു വാസ്തവമാണ്. ഈ സഭ നൃത്തം, വിനയം എന്നു രണ്ടു വിഭാഗങ്ങളുടെ മൂലം വാഗ്‌രൂപേണ നിർണ്ണയപ്പെടുത്തുകയും ഇതേ ക്രമപ്രകാരം ബുദ്ധന്റെ സൂക്തങ്ങളും അദ്ധ്യാപനങ്ങളും പഠിക്കുന്നത് എല്ലാ ഭിക്ഷുക്കൾക്കും നിർബ്ബന്ധമാക്കുകയും ചെയ്തു. പ്രത്യേകം പ്രസ്താവർഹമായ മറ്റൊരു സംഗതി ഇതാണ്. സംഘത്തിന്റെ സംഘടനയെ സ്സംബന്ധിച്ച നിയമ നിർദ്ദേശങ്ങളിൽ ചിലവ ഉപേക്ഷിച്ചുകൊള്ളാൻ ശ്രീബുദ്ധൻ അനുമതി നൽകിയിട്ടുണ്ടെന്നും എന്നാൽ അവ ഏതേതുകളാണെന്നു താൻ ആ സമയം ഓർക്കുന്നില്ലെന്നും ആനന്ദൻ സഭയോടു പറയുകയുണ്ടായി. ഈ നിലയ്ക്ക് എല്ലാ ഉപദേശനിർദ്ദേശങ്ങളും അത്യാവശ്യകങ്ങളാണെന്നു കരുതപ്പെടേണമെന്നു ഭൂരിപക്ഷ സദസ്യർ അഭിപ്രായപ്പെട്ടു. അതിൻപ്രകാരം, ഈ ബൗദ്ധോപദേശങ്ങളെല്ലാം അനിവാര്യങ്ങളാണെന്നു സഭ ഐകകണ്ഠ്യേന തിരുമാനിക്കുകയും ചെയ്തു.

കൃത്യമായി നൂറുകൊല്ലം കഴിഞ്ഞപ്പോൾ ക്രി. മു. 383 ൽ പട്ടണയ്ക്ക് വടക്ക് 27 മൈൽ അകലെയുള്ള വൈശാലി നഗരത്തിൽ വച്ചു മഗധരാജാവായ കാലശോകന്റെ രക്ഷാധികാരത്തിൽ ഈ സഭ എട്ടുമാസക്കാലം യോഗം ചേർന്നുകൊണ്ടിരുന്നു. അതിൽ ആദ്ധ്യക്ഷം വഹിച്ചത് വന്ദ്യശ്രീ രേവതനായിരുന്നു. ഈ സഭ ചേരാൻ കാരണം, ഒന്നാമത്തെ സഭയ്ക്കുശേഷം ഭിക്ഷുക്കളിൽ ഒരു വിഭാഗക്കാർ ഒന്നാം സഭയുടെ തീരുമാനത്തോടു വിയോജിച്ചുകൊണ്ട് ശിക്ഷണകാര്യം സംബന്ധിച്ചു വ്യത്യസ്തമായ ഒരു നിയമാവലി തയ്യാറാക്കുകയും അതു നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയും ചെയ്തതായിരുന്നു. ഇക്കൂട്ടർ 'മഹാസംഘി'കൾ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ക്രി. മു. നാലാം നൂറ്റാണ്ടിൽ മഹാസംഘികക്ഷി കൂടുതൽ പ്രാബല്യം പ്രാപിക്കുകയും പൊതുവെ ഭിക്ഷുസമാജത്തിൽ വ്യക്തമായ പിളർപ്പു സംഭവിക്കുമെന്ന നിലവരുകയും ചെയ്തപ്പോൾ പ്രമുഖ ഭിക്ഷുക്കൾ തമ്മിൽ ആലോചിച്ച് ക്രി. മു. 383 ൽ രണ്ടാംസഭ വിളിച്ചുകൂട്ടി. ഈ സഭ മഹാസംഘികക്ഷിക്കാരെ മതദ്രോഹികളെന്നു പ്രഖ്യാപിച്ചുകൊണ്ട് മൂലസംഘത്തിൽ നിന്നു ബഹിഷ്ക്കരിക്കുകയുണ്ടായി. സുത്തപിടകവും വിനയപിടകവും പുനഃപരിശോധന ചെയ്യപ്പെടുകയും വലിയ വാദവിവാദങ്ങൾക്കു ശേഷം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. മൂലപ്രമാണത്തിന്റെ ഈ പുനഃസ്ഥാപനവും അതിരുനിർണ്ണയവുമെല്ലാം ഒന്നാമത്തെ സഭയിൽ നടന്ന പോലെതന്നെ കേവലം വാചികമായിട്ടായിരുന്നു. 'സുത്ത'ത്തിന്റെയോ 'വിനയ'ത്തിന്റെയോ യാതൊരു ഭാഗവും ലിഖിതരൂപത്തിൽ വന്നിരുന്നില്ല. ഈ രണ്ടു മൂലപ്രമാണങ്ങളും ശരിക്കു മനഃപാഠമായിടുവാനും അത് പിൻതലമുറകൾക്കു എത്തിച്ചുകൊടുക്കുവാനും വീണ്ടും ഭിക്ഷുക്കൾ അനുശാസിക്കപ്പെടുകയുണ്ടായി.

ഈ രണ്ടാംസഭയ്ക്കുശേഷം കുറേക്കാലം കഴിഞ്ഞപ്പോൾ ഉത്തരഭാരതത്തിൽ വലിയൊരു രാഷ്ട്രീയ വിപ്ലവം സംഭവിച്ചു. തൽഫലമായി പ്രത്യേകം പ്രത്യേകമായ സ്വതന്ത്രരാജ്യങ്ങളെല്ലാം അവസാനിക്കുകയും തൽസ്ഥാനത്ത് വിശാലവും പ്രബലവുമായ ഒരു മഹാഭരണകൂടം ഉടലെടുക്കുകയും ചെയ്തു. മഗധയിലെ നന്ദ മഹാരാജാവിന്റെ ഒരു യർന്നപടനായകനായ ചന്ദ്രഗുപ്തമൗര്യൻ തന്റെ രാജാവിനെ കൊന്ന് അദ്ദേഹത്തിന്റെ സിംഹാസനം കരസ്ഥമാക്കി. ചന്ദ്രഗുപ്തൻ ക്രമേണ തന്റെ രാജ്യത്തിൽ മറ്റു പല പ്രദേശങ്ങളുമുൾപ്പെടുത്തി അതിർത്തികൾ വിപുലീകരിച്ചുകൊണ്ടിരുന്നു. അങ്ങനെ സുവിസ്തൃതമായ ഒരു അധീശനായി അദ്ദേഹം ഇരുപത്തിനാലുകൊല്ലം രാജ്യഭാരം നടത്തുകയും അനന്തരം അദ്ദേഹത്തിന്റെ പുത്രൻ ബിന്ദുസാരൻ രാജാവായിത്തീരുകയും ചെയ്തു. പിന്നെ ക്രി. മു. 269 – ൽ അദ്ദേഹത്തിന്റെ മകൻ അശോകൻ സ്ഥാനത്തിൽ വന്നു. ചന്ദ്രഗുപ്തനും ബിന്ദുസാരനും ബ്രാഹ്മണമതത്തെ അനുസരിച്ചവരായിരുന്നുവെങ്കിലും ബൗദ്ധഭിക്ഷുക്കളോടു അവർ നിർദ്ദയം പെരുമാറിയിരുന്നില്ല. എന്നാൽ, അശോകൻ തന്റെ കിരീടധാരണത്തിനു ഏതാനും വർഷങ്ങൾക്കു ശേഷം പരസ്യമായി ബുദ്ധമതം സ്വീകരിക്കുകയും അതിനെ പ്രചരിപ്പിക്കുന്നതിനു ആവുന്നതും പരിശ്രമിക്കുകയും ചെയ്തു. അതിനിടയ്ക്കു ഭിക്ഷുക്കൾ അനേകം കക്ഷി പ്രതികക്ഷികളായി പിരിഞ്ഞുകഴിഞ്ഞിരുന്നു. ചില ഐതിഹ്യങ്ങളനുസരിച്ചു അത്തരം പതിനെട്ടു കക്ഷികൾ അന്നുണ്ടായിരുന്നു. ഭിക്ഷുക്കളുടെ ഇടയിലുണ്ടായ ഈ പിളർപ്പ് അശോകൻ കാണുകയും പ്രത്യേകിച്ചും പരമ്പരയായുള്ള പഴയ കക്ഷിയും തീർത്ഥകർ എന്നൊരു പുതിയകക്ഷിയും തമ്മിലുള്ള ബന്ധം അപകടകരമായ നിലയിൽ വഷളായിക്കൊണ്ടു

പോകുന്നതായി ഗ്രഹിക്കുകയും ചെയ്തപ്പോൾ അവരെയെല്ലാം തമ്മിൽ ഇണക്കുന്നതിനു അദ്ദേഹം സർവ്വ കക്ഷികളിലും പെട്ട ഭിക്ഷുക്കളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. ഈ സഭ ക്രി. മു. 247 ൽ പാറ്റ്നയിൽ വെച്ചാണ് ചേർന്നത്. ഇതു ചരിത്രത്തിൽ പാറ്റ്ന സഭ (പട്ട്ണസഭ) എന്ന പേരിൽ അറിയപ്പെടുന്നു. വ്യത്യസ്ത കക്ഷിക്കാരായ ആയിരം ഭിക്ഷുക്കൾ ഇതിൽ സന്നിഹിതരാകുകയും ഒമ്പതുമാസക്കാലം യോഗങ്ങൾ ചേർന്നുകൊണ്ടിരിക്കുകയും ചെയ്തു. ബൗദ്ധചരിത്രത്തിൽ ഈ സഭയ്ക്കുള്ള സ്ഥാനം ക്രൈസ്തവ ചരിത്രത്തിൽ നിക്യാ (Nicea) സഭയ്ക്കുള്ള അതേസ്ഥാനമാണ്. നിക്യാ സഭ ക്രി. 325 ൽ കോൺസ്റ്റൻറീൻ (Constantine) ചക്രവർത്തി അന്നുണ്ടായിരുന്ന ക്രൈസ്തവ ഭിന്നകക്ഷികളുടെ അഭിപ്രായ വൈരീത്യങ്ങൾക്കു പരിഹാരം കാണുന്നതിനുവേണ്ടി വിളിച്ചുകൂട്ടിയതായിരുന്നു. ഈ സഭ ആരിയുസും (Arius) കൂട്ടുകാരും മതദ്രോഹികളാണെന്നു പ്രഖ്യാപിക്കുകയും അതുപ്രകാരം അവരെ ക്രിസ്തുമത വലയത്തിൽ നിന്ന് പുറംതള്ളുകയുണ്ടായി. വ്യക്തമായ ഭാഷയിൽ ക്രൈസ്തവ മത സിദ്ധാന്തങ്ങളെ വ്യവസ്ഥാപിക്കുകയും ഇന്നു നിലവിലുള്ള ക്രിസ്തുമതത്തിനു അടിസ്ഥാനമിടുകയും ചെയ്തതു ഈ സഭയാണ്. ഇതുപോലെത്തന്നെ ബൗദ്ധചരിത്രത്തിൽ പട്ട്ണസഭ ഏകദേശം 60000 തീർത്ഥകപക്ഷ്യരെ മതദ്രോഹികളെന്നു വിധിച്ച് സംഘത്തിൽ നിന്ന് ഭ്രഷ്ടരാക്കുകയും അതുവരെയുള്ള ബൗദ്ധപ്രമാണങ്ങളായ സുത്തവിനയപിടകങ്ങളോട് 'അഭിധർമ്മ' എന്ന മൂന്നാമതൊരു ഭാഗം കൂടി ചേർത്ത് ഈ പ്രമാണ സമാഹാരത്തിനു 'ത്രിപിടകം' എന്നു പേരു നൽകുകയും ചെയ്തു. എന്നാൽ ഈ ഘട്ടത്തിലും ഈ ഗ്രന്ഥ സംഗ്രഹം വാങ്മൂലമായിത്തന്നെ സ്ഥിതി ചെയ്തു. അതിന്റെ ഒരല്പാംശംപോലും ലേഖനം ചെയ്യപ്പെടുകയുണ്ടായില്ല.

ഈ മൂന്നാംസഭയിൽ വെച്ചു ത്രിപിടകം എഴുതി രേഖപ്പെടുത്തിരുന്നതായി ചില ഗവേഷണ വിദ്യാർത്ഥികൾ കരുതിപ്പോരുന്നു. ഇതിലേക്കു അവർ പറയുന്ന ഒരു ന്യായം, മൂന്നാമത്തെ സഭ കൂടുന്നതിനു മുമ്പുതന്നെ അശോകൻ ചില സ്ഥലങ്ങളിലെല്ലാം ശിലാരേഖകൾ സ്ഥാപിക്കുകയും സ്തംഭ ലേഖനങ്ങൾ നിർമ്മിക്കുകയും ചെയ്തിരുന്നതിനാൽ, പട്ട്ണസഭാ കാലത്ത് 'ത്രിപിടകം' എഴുതപ്പെട്ടിരിക്കയില്ലെന്നു കരുതുന്നതു സംഗതമാകയില്ലെന്നതാണ്. ക്രി. മു. 247 നു ശേഷം അടുത്ത ചില കൊല്ലങ്ങൾക്കിടയിൽ ത്തന്നെ അശോകപുത്രനായ മഹീന്ദ്രൻ ബുദ്ധമതം പ്രചരിപ്പിക്കുവാൻ സിലോണിലേക്കു പോയപ്പോൾ പാലിഭാഷയിലുള്ള 'ത്രിപിടകം' ഒരു പ്രതികൂടെ കൊണ്ടുപോയിട്ടുണ്ടെന്നുള്ളതാണ് അവർ പറയുന്ന മറ്റൊരു ന്യായം. എന്നാൽ ഇത് പ്രാചീന ബൗദ്ധപ്രമാണങ്ങളാൽ തെളിയുന്നില്ല. അക്കാലത്ത് എഴുതപ്പെട്ട ചില വ്യാഖ്യാന ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ടായിരിക്കാം. എന്തുകൊണ്ടെന്നാൽ, അവ 'ത്രിപിടകം' പോലെ പഠിക്കാൻ നിർബന്ധമുണ്ടായിരുന്നില്ല. അതിനാൽ അവർ തങ്ങളുടെ ഉപയോഗസൗകര്യത്തിനു വേണ്ടി വ്യാഖ്യാനകൃതികൾ എഴുതി സൂക്ഷിച്ചിട്ടുണ്ടായിരുന്നിരിക്കാം. ഏതായാലും പട്ട്ണസഭയിൽ വെച്ചു തന്നേയും 'ത്രിപിടകം' മുഴുവനും എഴുതപ്പെട്ടിരുന്നില്ലെന്നത് ബൗദ്ധപണ്ഡിതന്മാരാൽ പോലും സമ്മതിക്കപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്. പിന്നീട്, അശോകൻ താനോ ഏതെങ്കിലും ഭിക്ഷുവോ തന്റെ സ്വന്തം കാര്യത്തിനു അതിന്റെ വല്ലൊരു ഭാഗവും എഴുതിവെച്ചിട്ടുണ്ടായിരിക്കാം. എന്നാൽ പട്ട്ണസഭയിൽ വെച്ചോ അതിനുശേഷം ഏതാനും വർഷങ്ങൾക്കകമോ വ്യവസ്ഥയോടുകൂടി ത്രിപിടകം എഴുതി സൂക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന വാദത്തിനു കാര്യമായ യാതൊരു തെളിവും ലഭിക്കുന്നില്ല.

** പാലിഭാഷയിലും പാലിസാഹിത്യത്തിലും മഹാപണ്ഡിതനായിരുന്ന ധർമ്മാനന്ദകോസംബി പാലിയിലുള്ള മൂലബൗദ്ധഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള "ഭഗവാൻ ബുദ്ധൻ" എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്, രാജഗൃഹത്തിൽ വെച്ചു ആദ്യമായി ചേർന്ന പ്രസ്തുത ഭിക്ഷു സഭയിൽ ഇന്നു നിലവിലിരിക്കുന്ന പിടകങ്ങളുടെ വിഭജനമോ, പിടകം എന്ന നാമകരണം പോലുമോ ചെയ്തതായി കാണുന്നില്ല" എന്നാണ്.*
*'ബുദ്ധഭഗവാൻ' പ്രസ്താവന. ഭാ. 27.)*

*(32-ാം പേജിൽ നിന്ന് തുടർച്ച)*

വ്രതാനുഷ്ഠാനത്തിന്റെ ഗുണഫലം അതു മനുഷ്യനെ പാപങ്ങളിൽ നിന്നു രക്ഷിച്ചകറ്റുന്നു എന്നുള്ളതാണ്. പാപം ശാരീരികമായ ആസക്തിയിൽ നിന്ന് ഉല്പന്നമാകുന്ന ഒന്നത്രെ. മനുഷ്യൻ ഒരു കാര്യം ശീലിച്ചാൽ പിന്നെ അവനതു ഉപേക്ഷിക്കാൻ വളരെ പ്രയാസമായിരിക്കും. എന്നാൽ, ഒരാൾ തന്റെ ശീലത്തെയോ സമ്പ്രദായത്തെയോ ഇഷ്ടാനുസരണം വിട്ടൊഴിയാൻ കഴിവുള്ളവനായിത്തീരുന്നുവെങ്കിൽ അവൻ ഒരിക്കലും അതിനു അടിമപ്പെട്ടുപോകയില്ല. തന്നെ ചിലപ്പോഴെല്ലാം പാപത്തിലേക്ക് പ്രേരിപ്പിച്ചേയ്ക്കാവുന്ന ലൗകികമായ സുഖഭോഗങ്ങളെയെല്ലാം ദൈവപ്രീതിയ്ക്കായി ഒരു മാസക്കാലം മുഴുവൻ വർജിക്കുന്ന ഒരുവനു പാപകരമായ പ്രേരണകളെ എളുപ്പത്തിൽ ജയിച്ചടക്കുവാൻ സാധിക്കുന്നതാണ്. വ്രതാനുഷ്ഠാനം കൊണ്ടുണ്ടാകുന്ന വേറൊരു ഫലം ഇതാണ്: നോമ്പുമാസത്തിൽ ഒരു മനുഷ്യൻ രാത്രിയുടെ അപരാംശത്തിൽ അത്താഴം കഴിക്കുന്നതിനു എഴുന്നേൽക്കേണ്ടിവരുന്നതിനാൽ അവന് ആത്മീയോൽക്കർഷത്തിൽ ശ്രീഘ്രത കൂട്ടുന്ന അധികതരമായ പ്രാർത്ഥനകളും ആരാധനകളും അനുഷ്ഠിക്കാനുള്ള കൂടുതൽ അവസരങ്ങൾ ലഭിക്കുമാറാകുന്നു. ദൈവത്തിനു വേണ്ടി തന്റെ സുഖസൗകര്യങ്ങളും ആശ്വാസങ്ങളുമെല്ലാം ബലികഴിക്കാൻ ഒരാൾ തയ്യാറാകുമ്പോൾ ദൈവം അവന്റെ ആത്മാവിനെ ശക്തിപ്പെടുത്തുകയും തന്നിലേക്ക് അവനെ ആകർഷിച്ചടുപ്പിക്കുകയും ചെയ്യുന്നു.

*(വിവ: എൻ. അബ്ദുറഹിം)*

കുറിപ്പുകൾ

മുസാഫിർ

# അമേരിക്കയുടെ കളവിന്റെ സാമ്രാജ്യം

അമേരിക്കയുടെ ഭീകരതയ്ക്കെതിരെയുള്ള യുദ്ധത്തിന്റെ ശാശ്വത സ്മാരകമായി മനുഷ്യമനസ്സുകളിൽ പ്രതിഷ്ഠിക്കപ്പെട്ട ഒരു പ്രതീകമാണ് സെപ്തംബർ 11. അമേരിക്കയിലെ ടിൻ ടവർ, ഭീകരാക്രമണത്തെത്തുടർന്ന് അഗ്നിഗോളമായി നിലംപതിച്ച ആ ദുർദിനം. 9/11 എന്ന് ഒരു സ്ലേഷി നാൽ വേർതിരിക്കപ്പെട്ട ഈ രണ്ടക്ഷരങ്ങൾ വായിക്കുമ്പോൾ ഞെട്ടിവിറക്കുന്ന അമേരിക്കൻ നഗരസ്ഥിതരുടെ പുതിയ തലമുറ പിറന്നു വീണിരിക്കുന്നു. അമേരിക്കക്കാരുടെ പരിസരത്തു ണ്ടാകുന്ന ചെറിയ ശബ്ദങ്ങളും, ചലനങ്ങൾ പോലും സെപ്തംബർ 11 ന്റെ ഞടുക്കങ്ങൾ ഉണ്ടാക്കുന്ന മാനസിക രോഗമായി മാറിയിരിക്കുന്നു. കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ ചിക്കാഗോയിലെ ഒരു നൈറ്റ് ക്ലബിൽ ഉണ്ടായ പെപ്പർ സ്പ്രേ സംഭവം ഒരു രാസായുധ പ്രയോഗമാണെന്നു തെറ്റിദ്ധരിച്ച് സംഭീതരായി ഓടിയ ആളുകളുടെ തിക്കിലും തിരക്കിലും പെട്ട് 21 പേരാണ് മരിച്ചത്. സെപ്തംബർ 11 ന്റെ ഭീതി അമേരിക്കൻ സമൂഹത്തെയാകമാനം ഗ്രസിച്ചിരുന്നു. എന്താണ് സെപ്തംബ ർ 11 ന്റെ ഭയം? ആരാണ് ഇത് സൃഷ്ടിച്ചത്? നിക്ഷിപ്ത താല്പര്യക്കാർ ചില ലക്ഷ്യങ്ങൾ നേടാൻ വേണ്ടി അറിഞ്ഞു കൊണ്ടു നടത്തിയ ഒരു ഗൂഢാലോചനയായിരുന്നു സെപ്തംബർ 11 എന്ന് സമുന്നതനായ ഒരു ബ്രിട്ടീഷ് രാഷ്ട്രീയ നേതാവ് കൂടി പറയുമ്പോൾ അത് പലരുടെയും ഊഹം മാത്രമായിരുന്നില്ല എന്നതിലേക്ക് സൂചനകൾ നൽകുന്നു.

ബ്രിട്ടനിലെ ബ്ലെയർ മന്ത്രിസഭയിലെ പരിസ്ഥിതി വകുപ്പ് മന്ത്രിയായിരുന്ന മിക്കായേൽ മെച്ചർ സെപ്തംബർ 11 ലെ ടിൻ ടവർ ആക്രമണം അമേരിക്കൻ ഇന്റലിജൻസിന് മുൻകൂട്ടി അറിയാമെന്നും അത് കരുതിക്കൂട്ടി അവഗണിച്ചതായിരുന്നുവെന്നുമുള്ള ആരോപണമാണുന്നയിച്ചിരിക്കുന്നത്. ബ്രിട്ടീഷ് പാർലമെന്റിലെ സമുന്നത വ്യക്തിയും ഏറ്റവും സീനിയർ മെമ്പറുമായ മെച്ചർ സെപ്തംബർ 22-ാം തീയതിയത്തെ Guardian പത്രത്തിൽ 'This war on Terrorism is bogus' ഭീകരതക്കെതിരെയുള്ള ഈ യുദ്ധം വ്യാജമാണ്' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിലാണ് ഈ വിമർശനം ഉന്നയിച്ചിരിക്കുന്നത്. അഫ്ഗാനിസ്ഥാനെ യും ഇറാഖിനെയും ആക്രമിച്ചു കീഴടക്കാൻ ഇതൊരു മറയാക്കി എന്ന് ആരെങ്കിലും പറഞ്ഞാൽ അത്ഭുതപ്പെടാനില്ലെന്ന് അദ്ദേഹം തുറന്നടിക്കുന്നു. ഇതിന് സമാനമായ മറ്റൊരു സംഭവം മെച്ചർ ഓർക്കുന്നു. അതായത് രണ്ടാം ലോക മഹായുദ്ധത്തിൽ നിന്നും ഒഴിഞ്ഞുനിന്ന അമേരിക്ക 1941 ഡിസംബർ 7 ന് ജപ്പാൻ പേൾഹാർബർ ആക്രമിച്ചതോടെയാണ് യുദ്ധത്തിലേക്ക് സജീവമാവുന്നത്. പേൾ ഹാർബർ ആക്രമിക്കുന്ന വിവരം അമേരിക്കയുടെ ജൂതനായ പ്രസിഡണ്ട് റൂസ്‌വെൽട്ടിന് അറിയാമായിരുന്നു. ആക്രമണത്തിന് വിധേയമായ കപ്പലിനെ മാത്രം അക്കാര്യം അറിയിച്ചില്ല. എന്നിട്ട് ആക്രമണത്തിന് ശേഷം പ്രചരണ കോലഹലങ്ങളോടെ അമേരിക്ക യുദ്ധത്തിലേക്ക് എടുത്തു ചാടുകയാണുണ്ടായത്. യഹൂദ പ്രമുഖരും, ആയുധ എണ്ണ വ്യാപാരികളും നടത്തിയ ലോക ഗൂഢാലോചനയാണ് ഇതിന്റെ പിന്നിലെന്ന് പറയപ്പെടുന്നു. ടിൻടവർ ആക്രമണത്തിലും അതേ ഗൂഢാലോചനക്കാർ നിഗൂഢമായി പ്രവർത്തിക്കുകയായിരുന്നു എന്നാണ് സംശയിക്കപ്പെടുന്നത്.

ബുഷ് അധികാരത്തിലേറുന്നതിന് മുമ്പുതന്നെ നിയോ കൺസർവേറ്റീവ് എന്നറിയപ്പെടുന്ന യഹൂദ ആയുധ വ്യാപാരികളുടെ ലോബിക്ക് മേൽക്കൈയുള്ള ഒരു ഏജൻസി Project for the New American Century (PNAC) പദ്ധതികളുടെ അടിസ്ഥാനത്തിൽ അമേരിക്കയുടെ സൈനിക ശക്തി ആഗോളതലത്തിൽ വ്യാപിപ്പിച്ചുകൊണ്ട് ഒരു ആഗോള സാമ്രാജ്യത്വം സ്ഥാപിക്കാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. അവരുടെ പദ്ധതികളാണ് ബുഷ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇവരുടെ അനുമതിയും ആസൂത്രണവും സെപ്തംബർ 11 ന്റെ ആക്രമണത്തിനു പിന്നിൽ ഉണ്ടായിരുന്നുവോ എന്ന് സംശയിക്കപ്പെടുന്ന രീതിയിലാണ് സംഭവങ്ങൾ നൽകുന്ന സൂചന.

സെപ്തംബർ 11 ന് ശേഷം അമേരിക്കയുടെ പരമോന്നത സഭയായ കോൺഗ്രസ്സിനു പോലും പ്രസക്തിയില്ലാതായിരിക്കുന്നു. ടിൻടവർ ആക്രമണത്തിന്റെ ഭീകര ലഹരിയിൽ അവിടെ നമ്മുടെ 'പോട്ടോ' പോലെ ഒരു ഭീകര

വിരുദ്ധ നിയമം പാസ്സാക്കിയെടുത്തിരിക്കുകയാണ്. The Patriotic Act എന്ന പേരിലറിയപ്പെടുന്ന ഈ നിയമ പ്രകാരം ഭരണകൂടത്തിന് അമേരിക്കക്കാരനല്ലാത്ത ഒരാൾ ഭീകരവാദിയാണെന്ന നേരിയ ശങ്ക ഉദിച്ചാൽ അയാളെ അറസ്റ്റ് ചെയ്യാം. ഈ നിയമത്തിനു കീഴിൽ അറസ്റ്റിലായാൽ അയാൾക്ക് കോടതിയിൽ പോകാൻ വരെ അവകാശമില്ല. അമേരിക്കൻ പൗരനായാലും ഭീകരതക്കെതിരെയുള്ള Patriotic Act ന്റെ പരിധിയിൽപ്പെടുന്നവരുടെ ഫോൺ, തപ്പാൽ ഉരുപ്പടികൾ മുതലായ സ്വകാര്യസാധനങ്ങൾ മുന്നറിയിപ്പു കൂടാതെ പരിശോധിക്കാൻ വ്യക്തി സ്വാതന്ത്ര്യത്തിന്റെ പറുദീസയായ അമേരിക്കയിൽ ഇപ്പോൾ ബുഷ് ഭരണകൂടത്തിനു സാധ്യമാണ്. നിയോ കൺസർവേറ്റീവുകൾ എന്നറിയപ്പെടുന്ന ഇവർ ഭീകരതയുടെ പേരിൽ അമേരിക്കയുടെ മുഴുവൻ സ്വാതന്ത്ര്യവും കവർന്നെടുത്തുകൊണ്ട് അവരുടെ സ്വന്തം അജണ്ട നടപ്പാക്കുകയാണ്. അമേരിക്കൻ കോൺഗ്രസ്സുപോലും Patriotic Act നു മുമ്പിൽ വെറുമൊരു റബ്ബർ സ്റ്റാമ്പാണ്. സർവ്വാശ്ലേഷിതമായ അമേരിക്കൻ മാധ്യമങ്ങൾ പ്രച്ഛണ്ഡമായ പ്രചരണം മൂലം എന്തും സാധ്യമാണെന്നു നിലവന്നിരിക്കുന്നു. അല്ലല്ലില്ലാതെ വിഭവസമൃദ്ധിയുടെ ആനന്ദത്തിലും മാധ്യമങ്ങളുടെ അനുഭൂതികളിലും കൃത്രിമമായ ലോകത്ത് ജീവിക്കുന്ന അമേരിക്കക്കാർ മൂന്നാം ലോകത്തെ നമ്മേക്കാൾ മാധ്യമങ്ങൾക്ക് അടിപ്പെട്ടവരും യുക്തിചിന്ത നഷ്ടപ്പെട്ടവരുമാണെന്നതാണ് വാസ്തവം.

ഇറാഖ് ആക്രമണത്തിന് മുമ്പ് പ്രചരിപ്പിച്ച പച്ചക്കള്ളം ഇറാഖിന്റെ കൈയിൽ കൂട്ട നശീകരണായുധങ്ങൾ (WMD - Weapon for Mass Destruction) ഉണ്ട് എന്നായിരുന്നു. നിരന്തരമായ കള്ള പ്രചാരണം നടത്തി അമേരിക്കക്കാരെ മുഴുവനും അത് വിശ്വസിപ്പിച്ചു. മറ്റൊന്ന് നൈജറിൽ നിന്നും ആണവായുധങ്ങൾ ഉണ്ടാക്കാൻ പറ്റിയ സമ്പുഷ്ട യൂറേനിയം ഇറാഖ് വാങ്ങി എന്ന തനി വ്യാജ പ്രസ്താവനയായിരുന്നു. അമേരിക്കൻ കോൺഗ്രസ്സിനെ അഭിസംബോധന ചെയ്തുകൊണ്ട് അമേരിക്കൻ പ്രസിഡണ്ട് ബുഷ് ഒരു വ്യാജരേഖ ഉദ്ധരിച്ചാണ് ഈ പ്രസ്താവന നടത്തിയത്. സത്യത്തിനും നീതിക്കും അമേരിക്ക കൽപ്പിക്കുന്ന വില ഇതാണ്. മറ്റൊരുദാഹരണം നോക്കൂ: 2002 സെപ്തംബർ 7 ന് പ്രസിഡണ്ട് ബുഷ് അന്താരാഷ്ട്ര ആണവ ഏജൻസിയുടെ (IAEA) ഒരു റിപ്പോർട്ട് ഉദ്ധരിച്ചുകൊണ്ട് ഇറാഖ് ആണവായുധ നിർമ്മാണത്തിന്റെ വക്കിലാണെന്ന് പ്രസ്താവിച്ചു. പക്ഷേ ബുഷ് ഉദ്ധരിച്ച റിപ്പോർട്ട് പ്രകാരം IAEA യുടെ ആണവ പരിശോധകർ ആ സമയത്ത് ഇറാഖ് പരിശോധിച്ചിട്ടില്ല എന്നു പറഞ്ഞ് ബുഷിന്റെ പ്രസ്താവനയെ നിരാകരിക്കുകയുണ്ടായി. 2002 സെപ്റ്റംബർ 12 ന് വീണ്ടും ഇറാഖ് ബോംബ് നിർമ്മാണത്തിന്നായുള്ള സമ്പുഷ്ട യൂറേനിയം ഉപയോഗിക്കാൻ കഠിന ശക്തിയുള്ള അലൂമിനിയം പൈപ്പ് വാങ്ങിയിട്ടുണ്ടെന്ന് ഐക്യരാഷ്ട്ര സഭയിൽ വെച്ചു ബുഷ് തട്ടിവിട്ടു. 2003 ജനുവരിയിൽ IAEA വീണ്ടും അതു നിഷേധിച്ചു. 2003 ഫെബ്രുവരി 5 ന് ലജ്ജയില്ലാതെ കോളിൻ പവൽ IAEA നിഷേധിച്ച ആരോപണം വീണ്ടും ആവർത്തിച്ചു. ഇറാഖിന്റെ കൈവശം ആയിരക്കണക്കിന് ടൺ ജൈവ രാസ ആയുധങ്ങളുണ്ടെന്ന് ബുഷ് ഭരണകൂടം നിരന്തരം കള്ള പ്രചരണം നടത്തി. അധിനിവേശത്തിന് ശേഷം ഓരോ ഇഞ്ചു ഇറാഖ് ഭൂമിയും അരിച്ചു പെറുക്കിയിട്ടും ഒരു ഔൺസ് അത്തരത്തിലുള്ള ആയുധങ്ങൾ പോലും അവർക്കു ലഭിച്ചില്ല. ഇത്ര യും വ്യാപകമായും ആസൂത്രിതമായും കലാപരമായും കളവും മാധ്യമങ്ങളും ഉപയോഗിച്ച് ലോകത്തെ വെട്ടിപ്പിടിക്കുന്ന ഈ പൈശാചിക ശക്തി ചരിത്രത്തിൽ ഇന്നുവരെ ദൃശ്യമായിട്ടില്ലാത്ത വിധം കളവിന്റെ ഒരു ഹീന പ്രതിഭാസമാണ്.

അവസാന കാലത്ത് മുസ്‌ലിംങ്ങൾക്കെതിരെ അക്രമിച്ചു കയറുമെന്ന് പ്രവചനങ്ങളിൽ പറയപ്പെട്ട 'ദജ്ജാൽ' എന്ന ദുശ്ശക്തിയുടെ പ്രകടനമാണ് നാംകാണുന്നത്. ദജ്ജാൽ എന്ന പദത്തിനർത്ഥം ഭയങ്കരമായ കളവു പറയുന്നവൻ, വാസ്തവത്തെ മറച്ചു കളയുന്നവൻ ദീർഘസഞ്ചാരം നടത്തുന്നവർ , കച്ചവട സംഘം, എന്നിങ്ങനെയാണ്. ആത്മീയമായും ഭൗതികമായും മനുഷ്യ സമൂഹത്തെ വിശിഷ്യാ മുസ്‌ലിംകളെ ഗ്രസിക്കുകയും സംഹരിക്കുകയും ചെയ്യുന്നു. കളവിന്റെ ഈ പൈശാചിക ശക്തിയെ ശക്തികൊണ്ട് പ്രതിരോധിക്കാൻ സാധ്യമല്ല എന്ന് തിരുനബി (സ) പ്രവചിച്ചിരിക്കുന്നു. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരും വാഗ്ദത്ത മഹ്ദിയുമായ ഹസ്റത്ത് അഹ്മദ് (അ) മുസ്‌ലിം ലോകത്തിന് ദജ്ജാലീ ശക്തിയെക്കുറിച്ചു നൽകിയ മുന്നറിയിപ്പ് ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പവസാനിപ്പിക്കാം.

"ഈ ക്രിസ്തീയ ജനതയുടെയും ത്രിയേകത്വത്തിന്റെ അനുയായികളുടെയും ഭാഗത്തുനിന്നുള്ള ഗൂഢവും തന്ത്രപരവുമായ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കെ, ഈ ഗൂഢതന്ത്രങ്ങൾക്കെതിരിൽ അല്ലാഹു ദിവ്യാത്ഭുതപരമായ 'ഖുദ്റത്ത്' ഉൾക്കൊള്ളുന്ന ശക്തിമത്തായ അവന്റെ സഹായ ഹസ്തം നീട്ടുകയും ആ ദിവ്യാത്ഭുതം മുഖേന അവരുടെ കുതന്ത്രത്തെ തരിപ്പണമാക്കുകയും ചെയ്യുന്നത്വരെ ഈ യൂറോപ്യൻ ഇന്ദ്രജാലത്തിന്റെ ദോഷബാധയിൽ നിന്നും പരിശുദ്ധാത്മാക്കൾക്ക് മോചനം ലഭിക്കുന്നതിനെപ്പറ്റി ചിന്തിക്കാനോ സങ്കല്പിക്കാനോ സാധിക്കുന്നതല്ല. തന്നിമിത്തം ഈ ഇന്ദ്രജാലം തകർക്കുന്നതിനു മുമ്പ് ഇക്കാലത്തെ മുസ്‌ലിംകൾക്കായിട്ട് ഒരു ദൃഷ്ടാന്തം വെളിപ്പെട്ടിരിക്കുകയാണ്........ അങ്ങനെ ഈ സ്വർഗ്ഗീയശിലയുടെ സഹായത്താൽ പാശ്ചാത്യമായ ഇന്ദ്രജാലം തയ്യാറാക്കിയ ആ മെഴുകിന്റെ പ്രതിമ തകർക്കപ്പെടുവാൻ തന്നെ." (ഇഅ്ജാസുൽ മസീഹ്)

## വാക്കും പ്രവൃത്തിയും

അല്ലയോ വിശ്വാസികളേ, നിങ്ങൾ പ്രവർത്തിക്കാത്ത ഒന്ന് നിങ്ങൾ എന്തിന് പറയുന്നു? നിങ്ങൾ പ്രവർത്തിക്കാത്തതിനെക്കുറിച്ച് നിങ്ങൾ പറയുന്നത് അല്ലാഹുവിന്റെ പക്കൽ ഏറ്റവും അനിഷ്ടകരമാണ്.

വിശുദ്ധ ഖുർആൻ (61:3-4)

## വ്യക്തിഗത ചാമ്പ്യൻ



മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ, (കേരള) ഇജ്തിമാ 2003 മത്സരങ്ങളിൽ വ്യക്തിഗത ചാമ്പ്യൻഷിപ്പ് നേടിയ ശാഹിദ് അഹ്‌മദ് സാഹിബ്. ഇദ്ദേഹം കോഴിക്കോട് മജ്‌ലിസ് അംഗമാണ്.

*(7-ാം പേജിൽ നിന്ന് തുടർച്ച)*


ഏതൊരു ഏഷ്യൻ പട്ടണത്തേക്കാൾ എത്രയോ അധികമാണെന്ന കാര്യം സുവിദിതമാണല്ലോ. അല്ലാഹു തന്നരുളിയ ഈ അനുഗൃഹീതമായ സൗകര്യങ്ങളുപയോഗിച്ച് യുഗപ്രഭാവനായ ഖലീഫത്തുൽ മസീഹ് (റഹ്) നാലാമൻ ജമാഅത്തിനെ മഹത്തായ കുതിച്ചു ചാട്ടത്തിന്റെ വിക്ഷേപണ തറയിൽ എത്തിക്കുകയുണ്ടായി. അതിനുശേഷമാണ് ആ മഹാനുഭാവ(റഹ്) ൻ ദിവംഗതനായത്.

1998 ൽ ഖലീഫത്തുൽ മസീഹ് നാലാമന്റെ നിർദ്ദേശപ്രകാരമാണ് ലണ്ടൻ നഗരത്തിന്റെ പ്രാന്തപ്രദേശമായ മോർഡണിൽ അഞ്ച് ഏക്കർ ഇരുപത് സെന്റ് സ്ഥലം ജമാഅത്ത് വാങ്ങിയത്. അദ്ദേഹം തന്നെയാണ് ബൃഹദാകാരമുള്ള ഒരു മസ്ജിദ് പണിയാനുള്ള പദ്ധതിക്ക് രൂപം നൽകിയത്. ഖലീഫത്തുൽ മസീഹിന്റെ ഉജ്ജ്വലഭാവനയെ സാക്ഷാത്കരിക്കും വിധം വെള്ളി മേഘങ്ങളിൽ പറന്നിറങ്ങി ധാവള്യദീപ്തി ചിതറുന്ന സ്വർഗ്ഗീയ പ്രാകാരം പോലെയാണ് ബൈത്തുൽ ഫുത്തൂഹ് നിലകൊള്ളുന്നത്. ബ്രിട്ടണിലെ കാലാവസ്ഥക്കനുയോജ്യമായ രീതിയിൽ സ്വയം പ്രവർത്തിക്കുന്നതാണ് ബൈത്തുൽ ഫുത്തൂഹിന്റെ എയർകണ്ടീഷൻ സംവിധാനമുള്ള കെട്ടിടങ്ങൾ. പ്രത്യേകം തയ്യാറാക്കിയ മാർബിൾ ഇറ്റലിയിൽ നിന്നും ഇറക്കുമതി ചെയ്തതാണ്. കെട്ടിടം നിർമ്മിക്കാനുപയോഗിച്ച സ്റ്റീൽ ജർമ്മനിയിൽ നിന്നും, പള്ളിയിൽ വിതാനിച്ച കാർപ്പറ്റ് അമേരിക്കയിൽ നിന്നുമാണ് സംഘടിപ്പിച്ചത്. ബൈത്തുൽ ഫുത്തൂഹിന്റെ നിർമ്മാണ ജോലികൾക്കായി അഹ്‌മദിയ്യാ ജമാഅത്തിന്റെ ആഗോള യുവജന സംഘടനയായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യായുടെ വളണ്ടിയർമാരുടെ ശ്രമദാന പ്രവർത്തനങ്ങൾ നിർമ്മാണത്തിന്റെ ഒരു ഘടകമായിരുന്നു. അങ്ങനെ അന്തർദേശീയ അഹ്‌മദിയ്യാ സമൂഹം ആളും അർത്ഥവും നൽകിയാണ് ഈ യൂറോപ്പ് വിസ്മയം സാക്ഷാത്കരിച്ചത്.

24 മാസം കൊണ്ട് റിക്കാർഡ് സമയത്തിനുള്ളിൽ പണിതീർത്ത ബൈത്തുൽ ഫുത്തൂഹിനും അനുബന്ധ കെട്ടിടങ്ങൾക്കും വേണ്ടി 7246 ക്യൂബിക്ക് മീറ്റർ മണ്ണ് നീക്കം ചെയ്യുകയുണ്ടായി. 5647 ടൺ കോൺക്രീറ്റാണ് ഉപയോഗിച്ചിട്ടുള്ളത്. ലണ്ടനിലെ പരിസ്ഥിതി മന്ത്രാലയത്തിന്റെ നിയമങ്ങൾ കൂടി പാലിച്ചുകൊണ്ടായിരുന്നു നിർമ്മാണം. പള്ളിയുടെ കേന്ദ്രഭാഗത്തുള്ള 15.5 മീറ്റർ വ്യാസമുള്ള പടുകൂറ്റൻ കുംഭഗോപുരത്തിൽ സ്റ്റെയിൻ ലസ് സ്റ്റീൽ കൊണ്ടു മകുടം ചാർത്തിയിരിക്കുന്നു. ഗോപുരത്തിന്റെ ഉയരം 8 മീറ്ററാണ്. തറയിൽ നിന്നും 23 മീറ്റർ ഉയരത്തിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. 377 ചതുരശ്ര മീറ്റർ സ്റ്റെയിൻലസ് സ്റ്റീലാണ് ഇതിന്നായി ഉപയോഗിച്ചത്. ഉൾവശത്ത് കുംഭഗോപുരത്തിന്റെ വശങ്ങളിൽ ചെറിയ ജനലുകൾ നിർമ്മിച്ചിട്ടുണ്ട്. ഉൾവശത്ത് ഗോപുരത്തിന്റെ മടക്കുകളിൽ വിശുദ്ധ ഖുർആനിൽ നിന്നു ള്ള വചനങ്ങളാണ് ആലേഖനം ചെയ്തിട്ടുള്ളത്. അയ്യായിരം പേർക്കിരിക്കാവു ന്ന, സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരേ വലിപ്പത്തിലുള്ള, രണ്ട് പ്രാർത്ഥനാ ഹാളുകളാണുള്ളത്. ഏറ്റവും ശ്രദ്ധേയമായ ആകർഷണീയത രണ്ട് പടുകൂറ്റൻ മിനാരങ്ങളാണ് ബൈത്തുൽ ഫു ത്തൂഹിനുള്ളത് എന്നതാണ്. 24 മീറ്ററും 25.5 മീറ്ററും നീളമുള്ളതാണ് ആ മിനാരങ്ങൾ. ഈ അനുഗൃഹീത ഹർമ്മ്യത്തെ ഇസ്‌ലാമിന്റെ സന്ദേശം പ്രസരിക്കുന്ന കേന്ദ്രമാക്കി അല്ലാഹു മാറ്റട്ടെ. (ആമീൻ) എം. എസ്.

### അനുസ്മരണം

## മഹ്ദി



കോഴിക്കോട്: പരേതനായ പി. എം. മമ്മദ്കോയാ സാഹിബിന്റെ മകൻ സി.സി. മഹ്ദി (29) ഒക്ടോബർ 24 ന് ബൈക്ക് അപകടത്തിൽ മരിച്ചു. ഭാര്യ: ശിഫ. മകൾ: ഹുമാ (5 മാസം). സഹോദരൻ സി. സി. മൻസൂർ. പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. (ആമീൻ).

### ആയിശുമ്മ

കോഴിക്കോട്: കോഴിക്കോട് ജമാഅത്തംഗമായിരുന്ന പരേതനനായ ബാവാ സാഹിബിന്റെ ഭാര്യ ആയിശുമ്മ (78) വാർദ്ധക്യ സഹജമായ രോഗത്തെ തുടർന്ന് ഒക്ടോബർ 31 ന് നിര്യാതയായി. മക്കൾ: അബ്ദുറഹിമാൻ, അബ്ദുൽ കരിം, ഉമൈബാ ഭാനു, മരുമക്കൾ: നബീസ, സൈനബി. പരേതക്ക് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. ആമിൻ.

## സൗദിയിൽ നിര്യാതനായി

ആലപ്പുഴ ജമാഅത്തംഗമായ ജ: സുലൈമാൻ സാഹിബിന്റെ മകൻ ജ: നൗഷാദ് സാഹിബ് (40 വയസ്സ്) സൗദി അറേബ്യയിലെ അബായിൽ വെച്ചുണ്ടായ വാഹനാപകടത്തെത്തുടർന്ന് കരുനാഗപ്പള്ളി ജമാഅത്തംഗമായിരുന്ന മർഹും യൂനുസ് കുഞ്ഞ് സാഹിബിന്റെ മകൾ നുസൈബ സാഹിബയാണ് ഭാര്യ. ജസിയ (+2 വിദ്യാർത്ഥിനി) ശേഖാ (6-ാം സ്റ്റാൻഡേർഡ്) എന്നിവർ മക്കളാണ്. പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമിൻ

*Christianity - A Journey from fact to Friction എന്ന പുസ്തകത്തിൽ നിന്ന്*

# യേശു ദൈവത്തിന്റെ പുത്രനോ

യേശുക്രിസ്തുവിനെ സംബന്ധിച്ച ക്രിസ്ത്യാനികളുടെ ധാരണയിൽ അദ്ദേഹത്തിന്റെ പ്രകൃതി, ദൈവവുമായുള്ള ബന്ധം മുതലായ മറ്റു പല പ്രശ്നങ്ങളും അന്തർഭവിച്ചിട്ടുണ്ട്. ഒരു പൂർണ മനുഷ്യന്റെ ഗുണങ്ങളുള്ള 'ദൈവപുത്രനും' അതേ സമയം 'സമ്പൂർണമായ ദൈവവും' ആയ യേശുവിനെ പറ്റിയുള്ള ക്രിസ്തീയ സിദ്ധാന്തങ്ങൾ വിമർശനാത്മകമായി അപഗ്രഥനം ചെയ്തു പഠിക്കുമ്പോൾ എന്താണ് ലഭിക്കുന്നതെന്ന് നോക്കാം. ക്രിസ്ത്യാനികളുടെ സിദ്ധാന്ത പ്രകാരമായാൽ പോലും പിതാവ് ഒരിക്കലും പുത്രന് തുല്യമാകുന്നില്ല. പിതാവായ ദൈവം സമ്പൂർണനായ ദൈവമാണ്, സമ്പൂർണനായ മനുഷ്യനല്ല. എന്നാൽ പുത്രൻ സമ്പൂർണനായ ദൈവവും സമ്പൂർണനായ പുത്രനും കൂടിയാണ് എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്. രണ്ട് വ്യത്യസ്ത സ്വഭാവഗുണത്തോടു കൂടിയ രണ്ട് വ്യത്യസ്ത വ്യക്തിത്വങ്ങളാണ് ഇവർ രണ്ടുപേരും

ഇവരുടെ സ്വഭാവ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാദ്ധ്യമല്ല. ചില ദ്രവ്യങ്ങളുടെ ഗുണങ്ങൾ പരസ്പരം മാറ്റാൻ സാധിക്കും. ഉദാഹരണത്തിന് സത്തയിലും അതിന്റെ രാസസംയോഗത്തിലും മാറ്റം വരാതെ ജലത്തിന് ഐസാകാനം ജലബാഷ്പമാകാനും സാധിക്കും. എന്നാൽ യേശുവിന്റെയും ദൈവത്തിന്റെയും ഗുണങ്ങളിൽ വ്യത്യാസങ്ങളുണ്ട്. ഒരാളുടെ ഗുണങ്ങളിൽ ചിലത് കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. അത് പരസ്പരം ചേരുകയില്ല. ഇങ്ങനെ ഒന്ന് മറ്റൊന്നായി രൂപാന്തരപ്പെടാൻ സാധ്യമല്ല. ഒന്ന് മറ്റൊന്നിൽ നിന്നും തികച്ചും വ്യതിരിക്തമായി നിൽക്കുന്നു. മറ്റൊരു ഗുരുതരമായ പ്രശ്നം കൂടിയുണ്ട്. യേശു പരിപൂർണ മനുഷ്യൻ എന്നപോലെ പരിപൂർണ ദൈവവുമാണ്. പരിപൂർണ മനുഷ്യനാകാത്ത പിതാവായ ദൈവത്തിൽ നിന്നും അദ്ദേഹം തികച്ചും വിഭിന്നനാണ്. ദൈവം പരിപൂർണ്ണ മനുഷ്യൻ പോയിട്ട് അപൂർണ മനുഷ്യൻ പോലുമായിട്ടില്ല. ഇതെന്ത് തരത്തിലുള്ള ബന്ധമായിരുന്നു എന്ന് നമുക്ക് മനസ്സിലാവുന്നില്ല? പുത്രൻ പിതാവിനേക്കാൾ വലിയവനായിരുന്നോ? ഈ അധിക ഗുണം പുത്രനെ പിതാവിനേക്കാൾ ഉന്നതനാക്കുന്നില്ലെങ്കിൽ അതൊരു ന്യൂനഗുണമായിരിക്കണം. അങ്ങിനെയാണെങ്കിൽ ന്യൂനഗുണമുള്ള പുത്രദൈവം ക്രിസ്ത്യാനികളുടെ അവകാശവാദത്തിനെതിരാണെന്ന് മാത്രമല്ല ദൈവത്തിന്റെ സർവ്വാംഗീകൃതമായ ധാരണകൾക്കെതിരായിരിക്കുകയും ചെയ്യും. ദൈവം യാതൊരു ഏറ്റക്കുറച്ചിലുകളും വ്യത്യാസവുമില്ലാതെ ഒന്നിൽ മൂന്നാണെന്നും (Three in one) മൂന്നിൽ ഒന്നാണെന്നും (One in three) ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. നാം വിശ്വസിക്കണമെന്ന് പറയുന്ന ക്രിസ്ത്യാനികളുടെ ഈ വൈരുദ്ധ്യാത്മക സിദ്ധാന്തം ഒരാൾക്കെങ്ങിനെ ഉൾക്കൊള്ളാനാവും. ഇങ്ങിനെ സംഭവിക്കുന്നത് സത്യസന്ധമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശ്വാസം കെട്ടിപടുക്കാത്തതുകൊണ്ടാണ് പകരം ഇത് കെട്ടിപടുത്തത് തികഞ്ഞ മിഥ്യാസങ്കൽപത്തിലാണ്.

മറ്റൊരു പ്രശ്നം പരിഹരിക്കേണ്ടത്, ദൈവത്തിന്റെ പുത്രനായ യേശു മറിയത്തിന്റെ ഗർഭപാത്രത്തിൽ നിന്നും പ്രസവാനന്തരമാണല്ലോ നിലവിൽ വന്നത്. അതിനു മുമ്പ് അദ്ദേഹത്തിന്റെ അവസ്ഥയെന്തായിരുന്നു? മറിയത്തിന്റെ ഉദരത്തിലൂടെയുള്ള ജനനമില്ലാതെ തന്നെ അദ്ദേഹം ദൈവത്തിന്റെ അനശ്വരമായ പുത്രനാണെങ്കിൽ എന്ത്കൊണ്ട് അദ്ദേഹത്തിന് മനുഷ്യപുത്രനാണെങ്കിൽ എന്തുകൊണ്ട് ജന്മം കൊടുക്കേണ്ടിവന്നു. നശ്വരത എന്നത് പുത്രനുള്ള ഗുണത്തിന് ആവശ്യമായിരുന്നെങ്കിൽ ആ ഗുണം അദ്ദേഹം മനുഷ്യനായി ജനിച്ചതിന് ശേഷം ലഭിച്ച അധിക ഗുണമായിരിക്കും. അദ്ദേഹം ശരീരം ഉപേക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് കയറിപ്പോയപ്പോൾ 'നശ്വരത' എന്ന ആ ഗുണവും

അപ്രത്യക്ഷമായിട്ടുണ്ടാവും? അതായത് മനുഷ്യന്റെ സാമാന്യയുക്തി നിരാകരിക്കുന്ന ഈ വിശ്വാസം നിരവധി സങ്കീർണതകളുയർത്തുന്നു.

യേശുവിന്റെ ജനനത്തെ പറ്റി കുറച്ച് കൂടി ആദരണീയവും സത്യസന്ധവുമായ ഒരു വിശ്വാസം സ്വീകരിക്കണമെന്ന കാര്യത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. അതായത് പ്രത്യക്ഷത്തിൽ ഒളിഞ്ഞു കിടക്കുന്ന ചില പ്രകൃതി നിയമങ്ങളും പ്രവർത്തനഫലമായി പ്രത്യേകമായ ഒരു സൃഷ്ടി പ്രക്രിയയിലൂടെയാണ് യേശുവിന് ദൈവം ജന്മം നൽകിയത്. യേശു ദൈവത്തിന്റെ ആലങ്കാരികമായി മാത്രമുള്ള പുത്രനാണ്. ദൈവം അദ്ദേഹത്തെ പ്രത്യേകമായി സ്നേഹിച്ചു. പക്ഷേ അദ്ദേഹം എല്ലാം കൊണ്ടും ഒരു മനുഷ്യൻ മാത്രമായിരുന്നു. യേശുവിന്റെ ഇതിഹാസരൂപിയാക്കാൻ പുത്രപദവി മൂന്നൂറ് കൊല്ലത്തിനു ശേഷം അദ്ദേഹത്തിൽ കൂട്ടിച്ചേർത്തതാണ്. ഈ വിഷയം പിന്നീട് ചർച്ച ചെയ്യാം.

പിതാവായ ദൈവവും മറിയയും തമ്മിലുള്ള വൈവാഹിക ബന്ധത്തെക്കുറിച്ചുള്ള പ്രശ്നമാണ് മറ്റൊന്ന്. ഇത് പച്ചയായി ചർച്ച ചെയ്യാൻ ആളുകൾ ഇഷ്ടപ്പെടുന്നില്ല. എങ്കിലും പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൽ ഇടയാളായി വർത്തിച്ച മറിയയെ പറ്റിയുള്ള ചർച്ച ഒഴിവാക്കപ്പെടാനാവാത്തതാണ്. അതായത് അനിവാര്യമായ ഒരു തിന്മ. ഒരു പക്ഷേ ഇതേ പ്രശ്നം തന്നെയാണ് ഫെഡറിക്ക് നീഷെയെ അലോസരപ്പെടുത്തിയത്. അദ്ദേഹം ഈ വിഷയത്തിൽ തന്നിൽ ഉറഞ്ഞു കൂടിയ അതൃപ്തി താഴെ എഴുതിയ വാക്കുകളിലൂടെ പ്രകടിപ്പിക്കുകയുണ്ടായി.

“ആഭിചാരകന്റെ മോഹവലയത്തിൽ നിന്നും മോചിതനായി അധികം കഴിയുന്നതിന് മുമ്പ് സരതുസ്ത്ര അവന്റെ വഴിയോരത്ത് ആരോ ഒരാൾ ഇരിക്കുന്നതായി കണ്ടു. ദീർഘകായനായ മനുഷ്യൻ. വിവർണവും വിളറിയതുമായ വദനമുള്ള ഈ മനുഷ്യന്റെ ദർശനം തന്നെ സരതുസ്ത്രയിൽ അരോചകമുളവാക്കി. അദ്ദേഹം ആത്മഗതമായി പറഞ്ഞു. ‘ആഹോ വേഷപ്രച്ഛന്നമായ ദുരിതം പോലെ ഒരുവനിതാ ഇരിക്കുന്നു. എന്റെ സാമ്രാജ്യത്തിൽ ഇവനെന്ത് കാര്യം?......

“അല്ലയോ സഞ്ചാരീ, താങ്കൾ ആരായാലെന്ത് അയാൾ സരതുസ്ത്രയോട് പറഞ്ഞു. വഴി തെറ്റിപ്പോയ ഈ വൃദ്ധയാത്രികനെ സഹായിക്കൂ. ദുരിതമനുഭവിക്കാനാണ് ഞാനിവിടെ വന്നത്. ഈ ലോകം എനിക്ക് അപരിചിതവും വിദൂരസ്ഥലവുമാണ്. വന്യജീവികളുടെ മുരൾച്ച ഞാൻ കേൾക്കുന്നു. സ്വയം തന്നെ എന്നെ സംരക്ഷിക്കാൻ മുതിരുന്ന ഒരുവനും ഇവിടെ ഞാൻ കാണുന്നില്ല. ഏകാന്തനായി വനത്തിൽ വസിക്കുന്ന അവസാനത്തെ ദിവ്യനെ, പരിശുദ്ധനെ, പരിവ്രാജകനെ തിരയുകയായിരുന്നു ഞാൻ. ഇന്ന് ലോകം അറിയുന്നതൊന്നും അയാൾ കേട്ടിരിക്കാനിടയില്ല.’

‘ഇന്ന് ലോകം മുഴുവനും അറിയപ്പെടുന്ന കാര്യമെന്ത്?’ സരതുസ്ത്ര അയാളോട് ചോദിച്ചു. ഇത് ഒരു പക്ഷെ ലോകം മുഴുവൻ ഒരിക്കൽ വിശ്വസിച്ചിരുന്ന ആ വൃദ്ധനായ ദൈവം മരിച്ചു പോയി എന്ന കാര്യമായിരിക്കും.’ സരതുസ്ത്ര ആത്മഗതമായി പറഞ്ഞു.

അതെ അത് ശരിയായിരിക്കാം വിഷാദാത്മകമായി ആ വൃദ്ധൻ പറഞ്ഞു. ഞാൻ വൃദ്ധനായ ആ ദൈവത്തെ അവസാന നിമിഷം വരെ സേവച്ചിരുന്നു.

‘ഇപ്പോൾ ഞാൻ എന്റെ ഉദ്യോഗത്തിൽ നിന്നും വിരമിച്ചിരിക്കുന്നു. യജമാനനില്ലെങ്കിലും ഇന്ന് ഞാൻ സ്വതന്ത്രനല്ല. ഓർമ്മകളല്ലാതെ മധുരിക്കുന്നയാതൊന്നും എന്റേതായില്ല. അതുകൊണ്ടാണ് ഞാനീ മല കയറിവന്നത്. പോപ്പോ പാതിരിയോ അഭിഷിക്തനാകുന്നത് പോലെ ഞാൻ അവസാനത്തെ ആഘോഷങ്ങൾക്കായി വന്നു ചേർന്നിരിക്കുന്നു. അറിയുക, ഞാൻ അവസാനത്തെ പോപ്പാണ്! വിശുദ്ധ സ്മരണകളുടെയും ദിവ്യശുശ്രൂഷയുടേതുമായിരിക്കും ആ ആഘോഷം.’

“എന്നാൽ നോക്കു ആ വിശുദ്ധനും മരിച്ചിരിക്കുന്നു. ആ പരമസാത്വികൻ വനാന്തരത്തിൽ വെച്ചു അവന്റെ ദൈവത്തെ നിരന്തരം വാഴ്ത്തിപ്പാടുകയും മന്ത്രോച്ചാരണവും നിർവ്വഹിക്കുകയും ചെയ്യുമായിരുന്നു.

ഞാൻ അവന്റെ വർണ്ണശ്ശാല കണ്ടു. എന്നാൽ അവൻ അവിടെയില്ലായിരുന്നു. പക്ഷേ ഞാൻ അവിടെ രണ്ട് ചെന്നായ്ക്കളെ കണ്ടു. അവർ അവന്റെ മരണത്തിൽ ദു:ഖിച്ച് മോങ്ങുന്നുണ്ടായിരുന്നു. എല്ലാ മൃഗങ്ങളും അവനെ സ്നേഹിച്ചിരുന്നു. ഞാനും അവിടെ നിന്നും ഓടിപ്പോന്നു.

ഈ കാട്ടിലേക്കും മലയിലേക്കും ഞാൻ പോയത് വൃഥാവിലായോ? പിന്നീട് എന്റെ ഹൃദയം മറ്റൊരു വിശുദ്ധനെ തേടാൻ തീരുമാനിച്ചു. ദൈവത്തിൽ വിശ്വസിക്കാത്ത പരമ സാത്വികനായ ഒരുവനെ അതെ സരതുസ്ത്രയെ!

ഇപ്രകാരം പറഞ്ഞ് തന്റെ മുന്നിൽ നിൽക്കുന്ന സരസ്ത്രയെ വൃദ്ധൻ തീക്ഷ്ണമായി നോക്കി. സരതുസ്ത്രി തന്റെ മുന്നിലിരിക്കുന്ന വൃദ്ധനായ പോപ്പിന്റെ കരംഗ്രഹിച്ച് ദീർഘനേരം ധ്യാനനിമഗ്നനായി. “നോക്കൂ, ഇതാ ബഹുമാനിതനായ ഒരുവൻ എന്തൊരു നീണ്ട സുന്ദരമായ കരങ്ങൾ. സദാസമയവും അനുഗ്രഹങ്ങൾ ചൊരിഞ്ഞ

തിരുഹസ്തങ്ങൾ! ഇപ്പോൾ നീ തേടി ക്കൊണ്ടിരിക്കുന്നവന്റെ കരങ്ങളെയാണ് പിടിച്ചിരിക്കുന്നത്. എന്നെ അതെ സരതുസ്ത്രയെ. 'അത് ഞാനാണ്, ദൈവമില്ലാത്ത സരതുസ്ത്ര അതേ ഞാൻ പറയുന്നു: 'അവന്റെ വചനങ്ങൾ കൊണ്ട് ആഹ്ലാദചിത്തനാവുന്ന എന്നെക്കാൾ വലിയ ദൈവമില്ലാത്തവൻ ആരുണ്ട്?' ഇപ്രകാരം സരതുസ്ത്ര പറഞ്ഞു. പോപ്പിനു നേരെ തീഷ്ണമായ നോട്ടമയച്ചു. പോപ്പിന്റെ ചിന്തകളൊഴിഞ്ഞു. അയാൾ പറയാൻ തുടങ്ങി.

"അവന് അഗാതമായി സ്നേഹിക്കുകയും ഹൃദയത്തിൽ കൊണ്ടുനടക്കുകയും ചെയ്തവന്റെ നഷ്ടമാണ് വലിയ നഷ്ടം. നോക്കൂ നമ്മിൽ രണ്ടുപേരിൽ ഏറ്റവും കൂടുതൽ ദൈവമില്ലാത്തവൻ ഞാൻ തന്നെയല്ലേ? പക്ഷേ ആർക്കാണ് അതിൽ ആഹ്ലാദിക്കാൻ കഴിയുക'!

'നീ അവനെ അന്ത്യനിമിഷം വരെ സേവിച്ചു. അഗാതമായ ഒരു ദിശബ്ദതയെ ഭേദിച്ച് വീണ്ടും സരതുസ്ത്ര മൊഴിഞ്ഞു. 'അവൻ എങ്ങിനെ മരിച്ചുവെന്ന് നിനക്കറിയാമോ'? കാരുണ്യം അവനെ കഴുത്ത് ഞെരിച്ചുകൊന്നു എന്ന് അവർ പറയുന്നത് ശരിയാണോ?

'മനുഷ്യൻ കുരിശിൽ തൂങ്ങിക്കിടക്കുന്നത് എങ്ങിനെയാണ് കണ്ട് അവന് സഹിച്ചില്ല. മനുഷ്യനോടുള്ള സ്നേഹം അവന്റെ നരകമായി അവസാനം അവന്റെ മരണവുമായി അല്ലേ?

വയസ്സൻ പോപ്പ് മറുപടിയൊന്നും ഉരിയാടാതെ ദൂരേക്ക് നോട്ടമയച്ചും ലജ്ജിതനായി നിന്നു. അയാളുടെ മുഖം മ്ലാനവും ദു:ഖഛവി കലർന്നതുമായി കാണപ്പെട്ടു.

വയസ്സൻ പോപ്പിന്റെ കണ്ണുകളിലേക്ക് നോക്കി ചിന്താനിമഗ്നനായി ദീർഘനേരമിരുന്ന സരതുസ്ത്ര പറഞ്ഞു:

'അവൻ പോവട്ടെ അവന്റെ കഥ കഴിഞ്ഞു. മരിച്ച ഈ ദൈവത്തിന്റെ നന്മമാത്രം പറയുക എന്നത് നിങ്ങളെ ബഹുമാനിതനാക്കുന്നു. എങ്കിലും നിങ്ങൾക്ക് നല്ലത് പോലെ അറിയാമായിരുന്നു അവൻ ആരായിരുന്നുവെന്ന്. അവൻ പിന്നിട്ട വിചിത്ര രൂപാതയെക്കുറിച്ചും നിങ്ങൾക്കറിയാം'

വൃദ്ധനായ പോപ്പ് ആവേശഭരിതനായി പറഞ്ഞു: നമ്മൾ തമ്മിൽ അതായത് നമ്മുടെ കണ്ണുകൾ തമ്മിൽ സംസാരിച്ചപ്പോൾ (പോപ്പിന്റെ ഒരു കണ്ണ് അന്ധമായിരുന്നു) ആത്മീയ കാര്യങ്ങളിൽ ഞാൻ സരതുസ്ത്രയേക്കാൾ പ്രബുദ്ധനാണ്. എനിക്കാണ് അതിനുള്ള അർഹതയും. എന്റെ സ്നേഹം അവനെ ഒരു പാട് കാലം ശുശ്രൂഷിച്ചു. എന്റെ ഇച്ഛ അവന്റെ ഇച്ഛക്ക് വിധേയമായിരുന്നു. ഒരു നല്ല ശുശ്രൂഷകൻ എല്ലാം അറിയുന്നു. യജമാനൻ തന്നിൽ നിന്നും മറച്ചുവെച്ച ചില കാര്യങ്ങൾ കൂടി അറിയുന്നു. 'അവൻ നിതാന്ത നിഗൂഢതയിൽ ഒളിഞ്ഞിരിക്കുന്ന ദൈവമായിരുന്നു സത്യമായും അവൻ രഹസ്യമാർഗ്ഗേണ മറ്റേതോ തരത്തിൽ ഒരു പുത്രനായി വന്നു. അവനിലുള്ള വിശ്വാസത്തിന്റെ പടിവാതിൽക്കൽ തന്നെ വ്യഭിചാരം നില നിൽക്കുന്നു. സ്നേഹത്തെക്കുറിച്ച് ഉന്നതാശയങ്ങൾ വെച്ച് പുലർത്തുന്നവരാരും അവനെ സ്നേഹത്തിന്റെ ദൈവമെന്ന് വാഴ്ത്തില്ല. ഒരു വിധി കർത്താവാകാനും ഈ ദൈവം ആഗ്രഹിച്ചില്ലെന്നോ? സ്നേഹിക്കുന്നവൻ പ്രതിഫലത്തിനും പ്രതികാരത്തിനും അതീതമായല്ലേ സ്നേഹിക്കാറ്. കിഴക്കൻ രാജ്യക്കാരനായ ഈ ദൈവം യുവാവായിരുന്നപ്പോൾ വളരെ കർക്കശക്കാരനും പ്രതികാരദാഹിയുമായിരുന്നു. അവന്റെ ഇഷ്ടക്കാരെ രസിപ്പിക്കുന്നതിനായി അവൻ ഒരു നരകമുണ്ടാക്കി. കാലം കുറെക്കഴിഞ്ഞപ്പോൾ ദൈവം വൃദ്ധനായി. മൃദുത്വമുള്ളവനും, അനുകമ്പയുള്ളവനുമായി. അച്ഛനെക്കാൾ അവനൊരു മുത്തച്ഛനായി. സത്യം പറഞ്ഞാൽ വേച്ചു വേച്ചു നടക്കുന്ന ഒരു മുത്തശ്ശിയെ പോലെ. പിന്നീട് ഞെരിപ്പോടിന്റെ മൂലയിൽ ദുർബലമായ പാദങ്ങളിൽ വിറകൊണ്ടിരുന്ന അയാൾ കൂനിക്കൂടിയിരുന്നു. ലോകം അവന് മടുത്തു ആഗ്രഹങ്ങളെല്ലാം മടുത്തു. അങ്ങിനെ ഒരിക്കൽ അവൻ അധികരിച്ച കാരുണ്യത്താൽ ശ്വാസം മുട്ടിച്ചത്തു.

* Thus Spoke Zarathustra by Friedrich Netzsche. P 271 - 273 Translation Published by Penguin Books 1969

വിശദീകരണത്തിനുവേണ്ടി അമേരിക്കയെ കേന്ദ്രീകരിച്ചുകൊണ്ട് നമുക്ക് സൂക്ഷ്മമായി ഈ പ്രശ്നം പരിശോധിക്കാം. ഒറ്റപ്പെട്ട തെരുവുകളിൽ നടന്നു പോകുന്നവരെ കൊള്ളയടിക്കുന്നതും (Mugging) കൊലപാതകങ്ങളും അവിടെ എണ്ണിക്കണക്കാക്കാൻ കഴിയാത്തയത്ര വ്യാപകമാണ്. കൊലപാതകങ്ങൾ മാത്രം പ്രക്ഷേപണം ചെയ്യുന്ന ഒരു റേഡിയോ സ്റ്റേഷൻ ന്യൂയോർ ക്കിൽ വെച്ച് ഞാൻ ട്യൂൺ ചെയ്തതായി ഓർക്കുന്നു. അതിഭയാനകമായ ഒരനുഭവമായിരുന്നു അത്. അരമണിക്കൂറിലധികം കേട്ടുനിൽക്കാൻ കഴിയാത്ത യത്ര വേദനാജനകം. ഓരോ അഞ്ചുമിനിട്ടിലും പുതിയ ഓരോ കൊലപാതകങ്ങൾ അമേരിക്കയിൽ അരങ്ങേറുന്നു. അതിന്റെ റിപ്പോർട്ടുകൾ പ്രക്ഷേപണം ചെയ്യപ്പെടുകയും ചെയ്യുന്നു. ചിലപ്പോൾ ഘോരഭീകരമായ കൊലപാതക കൃത്യങ്ങൾക്ക് സാക്ഷികളാവുന്നവരുടെ തൽസമയ വിവരങ്ങൾ പ്രക്ഷേപണം ചെയ്യപ്പെടുന്നു. അമേരിക്കയിലെ ഇന്നത്തെ കുറ്റകൃത്യങ്ങളുടെ വിവരണം നൽകുക എന്നത് നമ്മുടെ ഉദ്ദേശ്യമല്ല. എങ്കിലും കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ലോകത്തിലെ ഒന്നാം നിരയിൽ നിൽക്കുന്ന അമേരിക്കയിൽ അനിയന്ത്രിതമാം വിധം പല വിധത്തിലുള്ള കുറ്റകൃത്യങ്ങളും അരങ്ങേറുന്നു. പ്രത്യേകിച്ച് ചിക്കാഗോ, ന്യൂയോർക്ക് വാഷിംഗ്ടൺ മുതലായ നഗരങ്ങളിൽ തെരുവുകളിൽ നടന്നു പോകുന്നവരെ കൊള്ളയടിക്കുന്നതും അതിനെതിരെ പ്രതിരോധിക്കുന്ന നിരപരാധികളായ പൗരന്മാരെ കൊല്ലുന്നതും സർവ്വ സാധാരണമാണ്. നിസ്സാരമായ ധനപഹരണത്തിന് വേണ്ടി ദിനേന നടക്കുന്ന ഈ കുറ്റകൃത്യങ്ങളെ പ്രതിരോധിക്കുന്നവർ വധിക്കപ്പെടുകയോ അവരുടെ അവയവങ്ങൾ മുറിക്കപ്പെടുകയോ ചെയ്യുന്നു.